




ജനകീയാസൂത്രണം

## കുന്നന്താനം ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

# അധികാരം ജനങ്ങൾക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# കുന്നന്താനം ഗ്രാമപഞ്ചായത്ത്
# സമഗ്ര വികസന രേഖ

## പത്തനംതിട്ട ജില്ല




# വികസന സെമിനാർ

**1996 ഡിസംബർ 30-ാം തീയതി തിങ്കളാഴ്ച**

**എൻ. എസ്. എസ്. ഹൈസ്കൂൾ, കുന്നന്താനം.**

*എഡിറ്റർ*
**കെ. എം. രവീന്ദ്രനാഥപ്പണിക്കർ**

*എഡിറ്റോറിയൽ ബോർഡ്*
**എം. കെ. മധുസൂദനൻ നായർ**
**ജോൺ മാത്യു**
**എൻ. പ്രതീപ് കുമാർ**
**ബാബു കൂടത്തിൽ**
**കെ. എം. ഏബ്രഹാം**
**കെ. എൻ. ശ്രീധരൻ പിള്ള**
**ഐ. ജി. സുകുമാരൻ**
**ജേക്കബ് എം. ഏബ്രഹാം**

*ലേ ഔട്ട്*
**സൗപർണ്ണിക, മല്ലപ്പള്ളി**

*ഡി. ടി. പി*
**എഡേസാ കമ്പ്യൂട്ടേഴ്സ്, തിരുവല്ല**

*പ്രിന്റിംഗ്*
**ബഥനി ഓഫ്സെറ്റ് പ്രസ്, തിരുവല്ല**

## അകത്താളുകളിലൂടെ

1. ആമുഖം
2. പഞ്ചായത്ത്: ഒറ്റനോട്ടത്തിൽ
3. സാമൂഹികസാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി
5. സാമൂഹിക – സാമ്പത്തിക മേഖലകൾ
5–1 കൃഷിയും ജലസേചനവും
5–2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5–3 വ്യവസായം
5–4 വിദ്യാഭ്യാസം
5–5 കുടിവെള്ളവും പൊതുജനാരോഗ്യവും
5–6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5–7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5–8 സംസ്ക്കാരം
5–9 വനിത
5–10 സഹകരണം
5–11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
5–12 വിഭവ സമാഹരണം
6. കൃതജ്ഞതയോടെ

# കുന്നന്താനം ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



പ്രൊഫ. എം. കെ. മധുസൂദനൻനായർ
വൈസ് പ്രസിഡണ്ട്



എലിയാമ്മ മാത്യു
പ്രസിഡന്റ്



പ്രൊഫ. പി. കെ. രാജശേഖരൻനായർ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



പി. കെ. ബാബുരാജ്



സി. എൻ. മോഹനൻ



പി. ആർ. പ്രദീപ്കുമാർ

റോബർട്ട് ഏബ്രഹാം



പി. കെ. സുമതികുട്ടിയമ്മ



ഏലിയാമ്മ ജോൺ

1

# ആമുഖം

ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ നിന്നും ഭാരതം മോചിതമായിട്ട് 50 വർഷം തികയുകയാണ്. വിദേശികളിൽ നിന്നും അധികാരം സ്വദേശികൾക്കു കൈമാറി അര നൂറ്റാണ്ട് പിന്നിടുമ്പോഴും ഗ്രാമീണ ജനതയെ സംബന്ധിച്ചിടത്തോളം അധികാരം ഇന്നും മരീചിക മാത്രം. "ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ" എന്ന ജനാധിപത്യ സ്വപ്നം പുസ്തകതാളുകളിലും തെരഞ്ഞെടുപ്പ് എന്ന ഔപചാരിക പ്രക്രിയയിലും മാത്രം ഒതുങ്ങി നിന്നു. "ഗ്രാമസ്വരാജ്" എന്ന ആശയത്തിന്റെ ഉപജ്ഞാതാവും രാഷ്ട്രപിതാവുമായ മഹാത്മജിയുടെ ഗ്രാമങ്ങളെ സംബന്ധിച്ച സ്വപ്നം യാഥാർത്ഥമാക്കുന്നതിനു വേണ്ടി 47 വർഷങ്ങൾക്കുശേഷം ഭരണഘടനാ ഭേദഗതി തന്നെ വേണ്ടി വന്നു.

സ്വാതന്ത്ര്യാനന്തര ഭാരതം ആവിഷ്കരിച്ച എട്ട് പഞ്ചവത്സര പദ്ധതികളിലും ഗ്രാമീണ ജനതയ്ക്ക് തെല്ലും പങ്കുണ്ടായിരുന്നില്ല. ആസൂത്രണം മുകളിൽ നിന്നും കീഴോട്ട് നടപ്പാക്കിയപ്പോൾ ജനകീയാവശ്യങ്ങൾ ഒന്നൊന്നായി തൂത്തെറിയപ്പെടുകയായിരുന്നു. ഗ്രാമങ്ങളുടെ വികസന സ്വപ്നങ്ങൾ പരിഹരിക്കുന്നതിന് തീരുമാനങ്ങളെടുക്കാനും നടപ്പാക്കുന്നതിൽ പങ്ക് വഹിക്കാനും ഗ്രാമവാസികൾക്ക് അവസരം ലഭിക്കേണ്ടതുണ്ട്. ഇതിന് അവസരം നൽകുന്നതാണ് കേരള സംസ്ഥാനം നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം. ഒമ്പതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി കേരള സർക്കാർ നടപ്പാക്കുകയാണ്. ഇതിലൂടെ ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യ പങ്കാളിത്തം ജാതിമതാദി ഭിന്നതകൾക്കതീതമായി ഉറപ്പുവരുത്താൻ കഴിയും. അധികാരത്തോടൊപ്പം പദ്ധതി വിഹിതത്തിന്റെ 40% വരുന്ന തുക പഞ്ചായത്തുകൾക്ക് തനതായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നൽകുന്നതിനാൽ ഗ്രാമീണ ജനങ്ങളുടെ ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന സ്ഥിതിവിശേഷം സംജാതമാകുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം (40%) കേരള സർക്കാരിന്റെ 60% ൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയവ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഒരു പരിധി വരെ തൃപ്തികരമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണതന്ത്രത്തിന് കഴിയും. വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറാൻ പോകുന്ന ഈ ജനകീയ പദ്ധതി ഗ്രാമങ്ങളുടെ മുഖഛായ തന്നെ മാറ്റാൻ പര്യാപ്തമാകുകയാണ്. ബഹുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപ്തികരവുമായി നിർവ്വഹിക്കുവാൻ കഴിയുമെന്നു മാത്രമല്ല അഴിമതി എല്ലാ തലത്തിലും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

കുന്നന്താനം ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ഔപചാരികമായി തുടക്കം കുറിച്ചത് 19-9-96ന് ആണ്. ജില്ലാതല പരിശീലനത്തിനുള്ള റിസോഴ്സ് പേഴ്സൺസിന്റെ തെരഞ്ഞെടുപ്പോടുകൂടി ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും ആറ് പേർ പങ്കെടുത്തു. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പ്രാദേശിക പരിശീലകരായി ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്കായി ഒന്നാം ഘട്ട ഏകദിന പരിശീലനം 5-10-96 ന് കുന്നന്താനം എസ്. എൻ. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തി. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും, ജില്ലാ പരിശീലകരും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഉൾപ്പെടെ 110 പേർ പങ്കെടുത്തു. ജില്ലാ റിസോഴ്സ് പേഴ്സൺമാരായി (D. R. P) പരിശീലനം ലഭിച്ചവരിൽ ശ്രീ. സുരേഷ് ബാബു, പ്രൊഫ. ജേക്കബ് എം. ഏബ്രഹാം, ശ്രീ. എൻ. പ്രതീപ്കുമാർ, പ്രൊഫ. പി. സി. വർഗീസ്, പ്രൊഫ. എം. കെ. മധുസൂദനൻനായർ, ശ്രീമതി. ഏലിയാമ്മ മാത്യു എന്നിവർ നേതൃത്വം നൽകി.

പഞ്ചായത്തിലെ ഒൻപത് വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭായോഗങ്ങൾ ഒക്ടോബർ 19 മുതൽ 27 വരെ തീയതികളിലായി പൂർത്തിയാക്കി. ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഗ്രൂപ്പു കൺവീനറന്മാരുടെയും പ്രാദേശിക പരിശീലകരുടെയും യോഗം 2-11-96 ൽ വിളിച്ചു ചേർത്തു. 38 പേർ പങ്കെടുത്തു. ഗ്രാമസഭകളിൽ നിന്നും 12 വിഷയ ഗ്രൂപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ചു. അന്നേ ദിവസം ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചു. ദ്വിതീയ വിവരശേഖരത്തിനുള്ള വിവിധ ഗ്രൂപ്പുകളെ നിശ്ചയിച്ചു. നവംബർ 5 മുതൽ 12 വരെ തീയതികളിലായി വിവരശേഖരണം പൂർത്തിയാക്കി.

പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസിനുള്ള രണ്ടാംഘട്ടം ഏകദിന പരിശീലനം 21-11-96ന് എസ്. എൻ. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടത്തി. 32 പേർ പങ്കെടുത്തു.

നവംബർ 26, 27 തീയതികളിലായി പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കി ദ്രുതഗ്രാമപഠനം (Transect walk) നടത്തി. പഞ്ചായത്തിലെ വിവിധ ഭൂപ്രകൃതിയും, ഭൂവിനിയോഗവും, വിളകളും, മൺതരങ്ങളും ദൃശ്യമാകുന്ന മൂന്ന് നടത്തമാണ് നടത്ത ഗ്രൂപ്പ് പൂർത്തിയാക്കിയത്. നെടുങ്ങാടപ്പള്ളി മുതൽ ആഞ്ഞിലിത്താനം പുഞ്ചവരെയും (Transect No.1), ആഞ്ഞിലിത്താനം മുതൽ വാഴേനാൽപ്പടി കലുങ്ക് വരെയും (Transect No.2), പാറടിപാടം മുതൽ മുണ്ടുകണ്ടം വരെയും (Transect No.3) എന്നിങ്ങനെയായിരുന്നു നടത്ത റൂട്ട്.

പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് എഴുതുന്നതിനുള്ള പ്രഥമയോഗം 30-11-96ന് ചേർന്നു. ഓരോ വിഷയ തുറയിലുമുള്ള റിപ്പോർട്ടുകൾ പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ചു. തുടർന്ന് ആമുഖം, സാമൂഹ്യ സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം, ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി എന്നിവ കൂടി ചേർത്തു കൊണ്ട് വികസന റിപ്പോർട്ടിന് അന്തിമ രൂപം നൽകി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു.

കുന്നന്താനത്തിന്റെ ബഹുജനരാഷ്ട്രിയ ബോധത്തിന്റെയും സന്നദ്ധ സേവന തൃഷ്ണയുടെയും അടിത്തറയിൽ, മുൻകാല നേതാക്കളുടെയും പ്രവർത്തകരുടെയും ഉത്തമ പാരമ്പര്യ സംഭാവനകളിൽ നിന്നുള്ള ഊർജ്ജവും, പ്രചോദനവും ഉൾക്കൊണ്ട്, മനുഷ്യശേഷിയെ തുറന്നു വിട്ടുകൊണ്ട്, ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ, ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി സ്വയം ഏറ്റെടുത്തുകൊണ്ട് കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കാൻ ഉതകുന്ന ഈ സമഗ്ര വികസന രേഖ നമുക്ക് ദൃഢനിശ്ചയത്തോടെ ഏറ്റു വാങ്ങാം.



2

# ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | കുന്നന്താനം |
| ഉൾപ്പെടുന്ന വില്ലേജ് | കുന്നന്താനം |
| താലൂക്ക് | മല്ലപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | മല്ലപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | കുന്നന്താനം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | മല്ലപ്പള്ളി |
| അസംബ്ലി മണ്ഡലം | കല്ലൂപ്പാറ |
| പാർലമെന്റ് മണ്ഡലം | മാവേലിക്കര |
| വിസ്തീർണ്ണം | 15.57 ചതുരശ്ര കി. മീ. |
| ജനസംഖ്യ | 18,489 |
| പുരുഷന്മാർ | 8858 |
| സ്ത്രീകൾ | 9631 |
| പട്ടികജാതി | 2533 |
| പട്ടികവർഗ്ഗം | 47 |
| ജനസാന്ദ്രത | 1187 |

| | |
|---|---|
| അക്ഷരാഭ്യാസമുള്ളവർ | 17206 |
| വാർഡുകൾ | (നിയോജക മണ്ഡലം) 9 |
| മെമ്പർമാർ വനിതാ സംവരണം | 3 |
| മെമ്പർ പട്ടികജാതി സംവരണം | 1 |
| പ്രസിഡണ്ട് (വനിതാസംവരണം) | ഏലിയാമ്മ മാത്യു |
| വൈസ് പ്രസിഡണ്ട് | പ്രൊഫ. എം. കെ. മധുസൂദനൻനായർ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | പ്രൊഫ. പി. കെ. രാജശേഖരൻനായർ |
| ജീവനക്കാർ | 10 |

അതിരുകൾ

| | |
|---|---|
| വടക്ക് | മാടപ്പള്ളി പഞ്ചായത്തും കറുകച്ചാൽ പഞ്ചായത്തും |
| കിഴക്ക് | പനയമ്പാലതോട് |
| തെക്ക് | കവിയൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | തൃക്കൊടിത്താനം പഞ്ചായത്തും പായിപ്പാട് പഞ്ചായത്തും |



# 3

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

കുന്നന്താനം എന്ന പേരിന്റെ ഉത്ഭവത്തെ സംബന്ധിച്ച് നിരവധി കഥകൾ പ്രചാരത്തിലുണ്ട്. മുകുന്ദൻ എന്ന തെക്കുംകൂർ രാജാവ് ചെറുവള്ളി മുതലായ കിഴക്കൻ പ്രദേശത്തു നിന്ന് വന്നെത്തിയ കുടിയേറ്റക്കാർക്ക് ദാനം ചെയ്ത പ്രദേശമാണ് പില്ക്കാലത്ത് കുന്നന്താനം എന്നറിയപ്പെട്ടു തുടങ്ങിയതാണ് ഒരു കഥ. ആദിവാസികളുടെ തലവനായ കണ്ണൻ എന്നൊരാൾ ഇവിടെ ജീവിച്ചിരുന്നുവെന്നും രാജാവ് ഈ പ്രദേശം കണ്ണന്റെ നിയന്ത്രണത്തിൻ കീഴിൽ ദാനമായി നൽകിയെന്നും കണ്ണൻ ദാനമെന്ന് അറിയപ്പെട്ടു തുടങ്ങിയ പ്രദേശം പിന്നീട് കുന്നന്താനമായി മാറിയെന്നുമാണ് മറ്റൊരു കഥ. വേറൊന്നുള്ളത് കുന്നും താനവും ചേർന്നാണ് കുന്നന്താനം ഉണ്ടായതെന്നുള്ളതാണ്. നിരവധി ചെറിയ കുന്നുകളും കുഴികളും ഉള്ള ഭൂപ്രദേശമായതായിരിക്കണം ഇത്തരത്തിലൊരു നിഗമനത്തിന് അടിസ്ഥാനമെന്നും കരുതുന്നു.

'കുന്നന്താനം നൂറ്റമ്പതു' എന്നൊരു ചൊല്ലുണ്ട്. കരം തീരുവയുള്ളവരായി നൂറ്റമ്പതു വീട്ടുകാരെ തികയ്ക്കുന്നതിന് പൊയ്ക പ്രദേശത്തുള്ള ഈഴവ പ്രമാണിമാർക്ക് പണിക്കർ സ്ഥാനം നൽകി ഭൂഉടമകളാക്കിയെന്നും എന്നിട്ടും തികയാഞ്ഞ ചേലകേരി ഭാഗത്ത് വസിച്ചിരുന്ന പറയർക്ക് ഭൂസ്വത്തിന് ജന്മാവകാശം നൽകിയെന്നുമാണ് പറയപ്പെടുന്നത്. വാസ്തവമെന്തായിരുന്നാലും ഈ പ്രദേശത്തിന് ഒരു തനത് നാടുവാഴിയോ പ്രമാണിയോ സംസ്ക്കാരമോ അവകാശപ്പെടാനില്ല. കവിയൂർ ക്ഷേത്രത്തിന് അവകാശപ്പെട്ട സ്ഥലമായിരുന്നുവെന്നോ, ഭരണപരമായി കവിയൂർ പ്രവൃത്തിയുടെ അധികാര പരിധിയിൽ ആയിരുന്നുവെന്നോ വേണം കരുതാൻ. കല്ലൂപ്പാറ ആസ്ഥാനമാക്കി ഇടപ്പള്ളി തമ്പുരാൻ എത്തുമ്പോൾ പ്രമാണിമാർ അദ്ദേഹത്തെ മുഖം കാണിച്ചിരുന്നുവെന്നും തമ്പുരാൻ കനിഞ്ഞ് ചില സ്ഥാനമാനങ്ങളും അധികാരാവകാശങ്ങളും നൽകിയിരുന്നുവെന്നും പഴമക്കാരിൽ നിന്നും അറിയുന്നു.

മദ്ധ്യതിരുവിതാംകൂറിലെ ആദ്യകാല ക്ഷേത്രങ്ങളിൽ ഒന്നായിരുന്നു കുന്നന്താനം നടയ്ക്കൽ പുലപ്പൂക്കാവ് ക്ഷേത്രം. ഈ ക്ഷേത്രത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ചും ഒരു കഥയുണ്ട്. നടയ്ക്കൽ ക്ഷേത്രത്തിന്റെ പണി പൂർത്തിയായാൽ കവിയൂർ ക്ഷേത്രത്തിന്റെ പ്രാധാന്യം കുറയുമെന്നുകണ്ട് പണിയിൽ ഏർപ്പെട്ടിരുന്ന ഭൂതത്താന്മാരെ ഓടിക്കുന്നതിനായി ദേവന്മാർ വന്ന് കോഴി കൂവുന്ന ശബ്ദമുണ്ടാക്കിയെന്നും, അതുകേട്ട് നേരം വെളുത്തുവെന്ന് തെറ്റിദ്ധരിച്ച് ഭൂതത്താന്മാർ സ്ഥലം വിട്ടുവെന്നും അങ്ങനെ ക്ഷേത്രത്തിന്റെ പണി പൂർത്തിയായില്ലെന്നുമാണ് കഥ.

ഇവിടുത്തെ കുന്നിൻപ്രദേശങ്ങളിൽ ഏറ്റവും ഉയർന്നു നിൽകുന്ന ഉമിക്കുന്ന് മലയെ സംബന്ധിച്ചും ചില കഥകളുണ്ട്. പണ്ട് പാണ്ഡവന്മാർ ഇവിടെ വന്നിരുന്നുവെന്നും, അവർക്കു ഭക്ഷണത്തിനായി നെല്ല് കുത്തിയപ്പോൾ ഉണ്ടായ ഉമിയെല്ലാം കൂടി ഒരിടത്തു കൂട്ടിയിട്ടുവെന്നും, അങ്ങനെ ഉണ്ടായതാണ് ഉമിക്കുന്ന് മലയെന്നുമാണ് ഒരു ഐതിഹ്യം. എന്നാൽ ഇതു

സംബന്ധിച്ച് മറ്റൊരു കഥയും പറഞ്ഞു കേൾക്കുന്നുണ്ട്. ഉമിക്കുന്നു മലയുടെ ഏതു വശത്തുനിന്നു നോക്കിയാലും ഉമി കൂട്ടിയിട്ടിരിക്കുന്നമാതിരിയുള്ള ആകൃതിയുള്ളതുകൊണ്ടാണ് ഉമിക്കുന്ന് എന്ന പേരുണ്ടായതെന്നും പറയപ്പെടുന്നു.

നൂറ് വർഷങ്ങൾക്കു മുമ്പ് ഇന്നത്തെ കുന്നന്താനം ജംഗ്ഷൻ ഉൾപ്പെടുന്ന പ്രദേശം കാട്ടു പ്രദേശമായിരുന്നു. യാതൊരു വിധ യാത്രാ സൗകര്യവും ഉണ്ടായിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും സ്ഥലസൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ചില ക്രിസ്ത്യൻ പാതിരിമാരുടെ ശ്രമഫലമായി വിദ്യാഭ്യാസത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ ഇവിടെ ആരംഭിച്ചതായി പറയുന്നു. ഒന്നും രണ്ടും ക്ലാസ്സുകളോടെ ചക്കുംമൂട്ടിൽ ആരംഭിച്ച വിദ്യാലയമായിരുന്നു ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം. പിന്നീട് മലയാള വർഷം 1088 ൽ സ്കൂൾ സർക്കാർ ഏറ്റെടുത്തു. അതാണ് കുന്നന്താനം ഗവ. എൽ. പി. സ്കൂൾ എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന വിദ്യാലയം. 1920കളിൽ പോലും ഈ ഗ്രാമത്തിലെ പെൺകുട്ടികൾ വിദ്യാഭ്യാസത്തിനായി സ്കൂളുകളിൽ പോയി തുടങ്ങിയിരുന്നില്ലെന്നു പറയപ്പെടുന്നു. കുടുംബങ്ങളിലെ യഥാസ്ഥിതികത്വവും സ്കൂളുകളിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യങ്ങളില്ലാതിരുന്നതും ഇതിന് കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

വിദ്യാഭ്യാസ-സാംസ്ക്കാരിക രംഗങ്ങളിൽ ഗ്രാമവാസികൾ ഇന്ന് ഏറെ മുൻപിലാണ്. ആകെയുള്ള ജനസംഖ്യയിൽ (18489) 17206 പേരും സാക്ഷരരാണ്. കുന്നന്താനത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ കുന്നന്താനം എൻ. എസ്. എസ്. ഹൈസ്കൂളിന് വലിയ സ്ഥാനമുണ്ട്. 1921-ൽ ഒരു യു. പി. സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം പിന്നീട് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ഇവിടുത്തെ വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്ത് ഏറെ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിയായിരുന്നു കൊണ്ടൂർ കൃഷ്ണൻ നായർ. വഴിയാത്രക്കാർക്ക് വിശ്രമിക്കുന്നതിനും വൈകുന്നേരങ്ങളിൽ പ്രദേശത്തെ ജനങ്ങൾക്ക് ഒരുമിച്ചു കൂടുന്നതിനും വേണ്ടി ഒരു താവളം എന്ന നിലയിൽ കുന്നന്താനം ജംഗ്ഷനിൽ ഒരു കളിത്തട്ട് ഉണ്ടായിരുന്നു. ഒരു സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകനായിരുന്ന കൊണ്ടൂർ കൃഷ്ണൻ നായരുടെ ശ്രമഫലമായുണ്ടാക്കിയ ആ കളിത്തട്ട് കാലാന്തരത്തിൽ പൊളിച്ചു മാറ്റപ്പെട്ടു. ജനങ്ങളിൽ വായനാശീലം വളർത്തുന്നതിന് ഉപകരിക്കത്തക്ക നിലയിൽ ഒരു വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കണമെന്നും അതിനായി പഞ്ചായത്തിന് സ്ഥലം നൽകണമെന്നും അതിയായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ചു തന്നെ പില്ക്കാലത്ത് പഞ്ചായത്തിന് സംഭവനയായി ലഭിച്ച സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തനം ആരംഭിച്ച ഗ്രന്ഥശാലയും വായനശാലയും കൊണ്ടൂർ കൃഷ്ണൻ നായർ സ്മാരക സാംസ്ക്കാരിക നിലയം എന്ന പേരിൽ ആണ് അറിയപ്പെടുന്നത്. ആഞ്ഞിലിത്താനത്തുള്ള വൈ. എം. എ. ലൈബ്രറി, മാന്താനത്തുള്ള എം. എൻ. പി. എം. ലൈബ്രറി, അമ്പലത്തുങ്കലുള്ള സ്വരാജ് വായനശാല തുടങ്ങിയ സാംസ്ക്കാരിക കേന്ദ്രങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ഈ രംഗത്തുള്ള താല്പര്യത്തിന്റെ ഉദാഹരണങ്ങളാണ്.

സാംസ്ക്കാരിക രംഗങ്ങളിലെന്നപോലെ കലകളിലും ഇവിടുത്തെ ജനങ്ങൾക്ക് വളരെ കൂടുതൽ അടുപ്പമുണ്ട്. കുന്നന്താനം മഠത്തിൽ കാവ് ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ഇന്നും നടത്തി വരുന്ന പടയണിക്കോലം അതിന് ഉദാഹരണമാണ്. ഈ കലാവിരുന്ന് അസ്വദിക്കുവാൻ ഗ്രാമത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ആളുകൾ ഇവിടെ എത്തിച്ചേരാറുണ്ട്. വളരെ പണ്ടുമുതലേ കുന്നന്താനത്തുകാർ ഈ കലാരംഗത്ത് താല്പര്യമുള്ളവരായിരുന്നു. സമീപപ്രദേശങ്ങളായ പായിപ്പാട്, കല്ലൂപ്പാറ, ഓതറ, മാടപ്പള്ളി എന്നിവിടങ്ങളിലെ പടയണികളേക്കാൾ മെച്ചപ്പെട്ടത് കുന്നന്താനത്തെ പടയണിയായിരുന്നുവെന്നും പ്രചാരമുണ്ട്.

സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ തന്നെ കുന്നന്താനത്തിന് രാഷ്ട്രീയ രംഗത്തും അതിന്റേതായ സംഭാവനകൾ ഉണ്ട്. ആദ്യകാലത്ത് കോൺഗ്രസ് പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച നിരവധി നേതാക്കൾ ഇവിടെയുണ്ടായിരുന്നു. അന്തരിച്ച പി. റ്റി. പുന്നൂസ്, ഡോ. കെ. ആർ. കേശവപിള്ള എന്നിവർ അക്കൂട്ടത്തിൽപ്പെട്ടവരായിരുന്നു. സ്വാതന്ത്ര്യസമര സേനാനികൾ കൂടിയായിരുന്ന ഇവർ പില്ക്കാലത്ത് കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടരായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ കുന്നന്താനത്തെ ശില്പികളായി മാറി. പുന്നപ്ര വയലാർ സമരങ്ങളുടെ ഭാഗമായി ആലപ്പുഴയിലെ ചില കമ്മ്യൂണിസ്റ്റ് നേതാക്കൾ ഇവിടെ വന്ന് ഒളിവിൽ താമസിച്ചിരുന്നു. അങ്ങനെ താമസിച്ചവരിൽ പ്രധാനിയായിരുന്ന പി. കെ. ചന്ദ്രനന്ദന്റെ സാമീപ്യം ഇവിടുത്തെ ആദ്യകാല

പ്രവർത്തകർക്ക് പ്രചോദനമായിട്ടുണ്ട്. എല്ലാ വർഷവും ഡിസംബർ 6-ാം തീയതി ഡോ. കെ. ആർ. കേശവപിള്ള അനുസ്മരണദിനമായി കുന്നന്താനം നിവാസികൾ ആചരിക്കുന്നുണ്ട്. റോസമ്മ പുന്നൂസ്, വി. പി. രാഘവൻ നായർ തുടങ്ങിയവരും കുന്നന്താനത്തിന്റെ അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളാണ്.

1953 നുമുമ്പ് കുന്നന്താനം പ്രദേശം കവിയൂർ വില്ലേജ് യൂണിയനിൽ ആയിരുന്നു. അക്കാലത്ത് സർക്കാർ നോമിനേറ്റ് ചെയ്യുന്ന വ്യക്തികളുടെ സമിതിയായിരുന്നു വില്ലേജ് യൂണിയൻ ഭരിച്ചിരുന്നത്. സർക്കാർ നിശ്ചയിക്കുന്നയാളായിരുന്നു യൂണിയന്റെ പ്രസിഡണ്ടായിരുന്നത്. ചാമത്തിൽ ഗോവിന്ദപിള്ളയായിരുന്നു അക്കാലത്ത് കവിയൂർ വില്ലേജ് യൂണിയന്റെ പ്രസിഡണ്ട്.

1953-ൽ കേരള സംസ്ഥാനത്ത് പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ കുന്നന്താനം പഞ്ചായത്ത് അക്കൂട്ടത്തിൽ ഒന്നായി ഉത്തരവാക്കപ്പെട്ടു. എൻ. കൃഷ്ണകൈമൾ ആയിരുന്നു കുന്നന്താനം പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട്. വാടക കെട്ടിടത്തിലായിരുന്നു അന്ന് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. ആദ്യത്തെ പഞ്ചായത്ത് കമ്മറ്റി അംഗങ്ങളായി ഗ്രാമഭരണം നടത്തിയവർ ഇവരാണ്.

എൻ. കൃഷ്ണകൈമാൾ

ഡോ. കെ. ആർ. കേശവപിള്ള

പി. ജി. രാഘവൻ പിള്ള

സി. കെ. ഗോപാലൻ

വി. സി. കുഞ്ഞൂഞ്ഞ്

വർഗീസ് പി. തോമസ്

പഞ്ചായത്ത് രൂപീകൃതമായതു മുതൽ നാളിതുവരെ പഞ്ചായത്ത് പ്രസിഡണ്ടുമാരായിട്ടുള്ളവർ ഇവരാണ്.

എൻ. കൃഷ്ണകൈമൾ

ഡോ. കെ. ആർ. കേശവപിള്ള

വി. സി. തോമസ്

പി. ജി. രാഘവൻപിള്ള

എം. എ. മാത്യു

കെ. എസ്. ഭാസ്കരൻപിള്ള

എം. വി. വാസുദേവൻ ഇളയത്

പ്രൊഫ. പി. കെ. രാജശേഖരൻ നായർ

ഏലിയാമ്മ മാത്യു



4

# ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

## ഭൂപ്രകൃതി

മലയോര ജില്ലയായ പത്തനംതിട്ടയുടെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഒരു പിന്നോക്ക ഗ്രാമമാണ് കുന്നന്താനം. സമുദ്രനിരപ്പിൽ നിന്നു ഉദ്ദേശം 80 മീറ്റർ ഉയരത്തിൽ ഉള്ള ഉമിക്കുന്നു മലയാണ് ഇവിടുത്തെ ഏറ്റവും ഉയർന്ന പ്രദേശം. വള്ളമലക്കുന്ന്, വെള്ളാംപൊയ്കകുന്ന്, മലയ്ക്കൽ കുന്ന്, ചേലക്കുന്ന്, കാരയ്ക്കാട്ട് മല, വാഴ്യക്കാകുന്ന്, തേവർ മല, വള്ളിക്കാട്ട് കുന്ന്, കനകക്കുന്ന് തുടങ്ങി അങ്ങിങ്ങായി കാണുന്ന ചെറിയ കുന്നിൻ പ്രദേശങ്ങൾ ഒഴിച്ചാൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും നിമ്നോന്നത പ്രദേശങ്ങളാണ്. ഇടയ്ക്കിടെ താഴ്വരകളും നെൽപ്പാടങ്ങളും ഉണ്ട്. താഴ്വരകളോട് ചേർന്ന് പഞ്ചായത്തിന്റെ കിഴക്ക് അതിർത്തിയിൽ പെടുന്ന കോതവിള ചാലും, തെക്ക് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മുളക്കുടി ചാലും, ജല സ്രോതസ്സുകളാണ്. പഞ്ചായത്തിന്റെ കിഴക്ക് അതിർത്തിയിൽ കൂടി നീണ്ടു നിവർന്ന് ഒഴുകുന്ന പനയമ്പാലതോട് ചെങ്ങരൂർ വഴി മണിമലയാറ്റിൽ ചേരുന്നു. കുട്ടൻചിറ അമ്പലപ്പടി തോട് പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തു കൂടി ഒഴുകി പനയമ്പാല തോട്ടിൽ ചേരുന്നു. ഏകദേശം 14 കി. മീ. നീളം തോടുകൾ പഞ്ചായത്തിലുണ്ട്. തെക്ക് പടിഞ്ഞാറ് അതിർത്തിയിൽ കവിയൂർ പുഞ്ച പാടശേഖരങ്ങളാണ്.

പഞ്ചായത്തിന്റെ വടക്ക് മാടപ്പള്ളി ഗ്രാമപഞ്ചായത്തും കറുകച്ചാൽ ഗ്രാമപഞ്ചായത്തും, കിഴക്ക് പനയമ്പാല തോടും, തെക്ക് കവിയൂർ ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തും പായിപ്പാട് ഗ്രാമപഞ്ചായത്തുമാണ്.

ഭൂപ്രകൃതിയനുസരിച്ച് കുന്നന്താനത്തെ പ്രധാനമായും നാല് മേഖലകളായി തിരിക്കാം.

താഴ്വര

സമതലം (മറ്റം)

ചെറിയ ചരിവ്

ഉയർന്ന പ്രദേശം

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 650 മി. മീ. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുമ്പോൾ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മഴ തീരെ കുറവാണ് ലഭിക്കുന്നത്.

പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തു കൂടി ഒഴുകുന്ന പനയമ്പാലതോട് പഞ്ചായത്തിന്റെ അതിർത്തി നിർണ്ണയിക്കുന്ന തോടാണ്. ഇത് ഏറെ ദൂരം ഒഴുകി ചെങ്ങരൂർ ചിറയിൽ കൂടി മണിമലയാറ്റിൽ വന്ന് ചേരുന്നു. കടുത്ത വേനലിൽ വറ്റിപ്പോകുമെങ്കിലും കൃഷി ആവശ്യത്തിനും മറ്റും വളരെയേറെ പ്രയോജനപ്പെടുന്ന ഒരു ജല സ്രോതസ്സാണ് ഈ തോട്. പഞ്ചായത്തിൽ ആകെ 14 കി. മീ. നീളം തോടുകൾ ഉണ്ട്. ഇതിൽ പ്രധാന തോട് പനയമ്പാല തന്നെയാണ്. കൂടാതെ ഒട്ടിയക്കുഴിതോട്, കോതവിള തോട്, പൂച്ച

വാൽ പ്ലാത്താനത്തു പടി തോട്, പാറനാട്ടുപടി പൂച്ച വാൽ തോട്, ഊവമ്പലപ്പടി മുണ്ടുകണ്ടം തോട്, ചൂര ക്കുറ്റി പഴമ്പാരയിൽ പടി തോട് എന്നിവയും പഞ്ചായ ത്തിലുണ്ട്. മൂന്ന് പൊതു കുളങ്ങൾ പഞ്ചായത്തിലു ണ്ട്. കൂടാതെ കോതവിളച്ചാലും മുളക്കുടിച്ചാലും പ്രധാന ജല സ്രോതസ്സുകളാണ്. ഇവയെല്ലാം കൂടി ചേർന്നതാണ് ഉപരിതല ജലസ്രോതസ്സുകൾ.

പഞ്ചായത്തിന്റെ ഏകദേശം 10 ച. കി. മീറ്റർ പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം ലഭിക്കുന്നുണ്ട്. എന്നാൽ വേനൽക്കാലമാകുന്നതോടെ രൂക്ഷമായ ജല ക്ഷാമം അനുഭവപ്പെട്ടു തുടങ്ങും. അപ്പോൾ കുന്നിൻപ്ര ദേശങ്ങളിലും, ചരിവുകളിലും താമസിക്കുന്നവർ കുടി വെള്ളത്തിനായി അനേകം ദൂരം പോകുകയോ, ശുദ്ധ ജല വിതരണ ഏജൻസികളെ ആശ്രയിക്കുകയോ ചെയ്യേണ്ടി വരുന്നു. മാത്രമല്ല കിണറുകളിലെ ജലനി രപ്പ് അടുത്തകാലത്തായി ക്രമാതീതമായി താഴ്ന്നു വരുന്നതായും കാണുന്നുണ്ട്.

പഞ്ചായത്തിൽ ആകെ പതിമൂന്ന് പൊതു കിണ റുകളാണ് ഉള്ളത്. അവ താഴെ പറയുന്നവയാണ്. ഇതിൽ ആറെണ്ണം ഉപയോഗ യോഗ്യമല്ലാത്തതാണ്.

- നടയ്ക്കൽ അമ്പലത്തിനു സമീപം
- കാരയ്ക്കാട് ലക്ഷംവീട് കോളനി
- മറ്റയ്ക്കാട്ടുകുഴി ലക്ഷംവീട് കോളനി
- വെള്ളാംപൊയ്ക പള്ളിക്കു സമീപം
- മുക്കൂർ സെന്റ് മേരീസ് ഹൈസ്ക്കൂളിനു സമീപം
- വള്ളിക്കാട് കോളനി
- കുന്നന്താനം ജംഗ്ഷൻ (കാണിയ്ക്ക മണ്ഡല ത്തിനു സമീപം)
- മുക്കട കോളനി
- തോട്ടപ്പടി
- മാന്താനം ജംഗ്ഷൻ
- ആഞ്ഞിലിത്താനം മാർക്കറ്റ്
- ആഞ്ഞിലിത്താനം കോളനി
- പുളിന്താനം ജംഗ്ഷൻ

പഞ്ചായത്തിൽ ആകെ എട്ട് കുഴൽ കിണറുക ളാണ് ഉള്ളത്.

മുക്കൂർ, മാമന്ദത്തുകോളനി, വള്ളിക്കാട്, വെള്ളാംപൊയ്ക, മൈലമൺ, അഴകന്താനം, വാഴയ്ക്കാക്കുന്ന്, അമ്പലപ്പറമ്പു കോളനി എന്നിവിട ങ്ങളിലായിട്ടാണ് കുഴൽ കിണറുകൾ ഉള്ളത്. ഇതിൽ മാമന്ദത്തു കോളനി, വള്ളിക്കാട്, മൈലമൺ, അഴക ന്താനം, വാഴയ്ക്കാക്കുന്ന് എന്നിവടങ്ങളിലെ കുഴൽ കിണറുകൾ പ്രവർത്തന ക്ഷമമല്ല.

## ജനസംഖ്യാ വിവരപട്ടിക

| വാർഡ് നമ്പർ | ജനസംഖ്യ പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികവർഗ്ഗം പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|---|---|---|---|
| I | 948 | 1024 | 1972 | 123 | 146 | 269 | | | |
| II | 842 | 912 | 1754 | 109 | 129 | 238 | | | |
| III | 950 | 1031 | 1981 | 124 | 134 | 258 | | | |
| IV | 1205 | 1299 | 2504 | 157 | 185 | 342 | 24 | 23 | 47 |
| V | 937 | 1004 | 1941 | 122 | 143 | 265 | | | |
| VI | 1043 | 1198 | 2241 | 136 | 181 | 317 | | | |
| VII | 1011 | 990 | 2001 | 144 | 129 | 273 | | | |
| VIII | 947 | 1016 | 1963 | 133 | 161 | 294 | | | |
| IX | 1003 | 1129 | 2132 | 130 | 147 | 277 | | | |
| Total | 8886 | 9683 | 18,489 | 1178 | 1355 | 2533 | 24 | 23 | 47 |

# ജനപ്രകൃതി

1991ലെ സെൻസസ് കണക്കുകൾ പ്രകാരം കുന്നന്താനം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 18489 ആയിരുന്നു. ഇതിൽ 9631 സ്ത്രീകളും 8858 പുരുഷന്മാരുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 773 സ്ത്രീകൾ കൂടുതലാണ്. പട്ടികജാതിയിൽ പെട്ട 2533 ആളുകളും പട്ടികവർഗ്ഗത്തിൽപെട്ട 47 പേരും ഉണ്ടായിരുന്നു. ആകെ വീടുകൾ 3998 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 5 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി. മീറ്ററിന് 1187 ആയിരുന്നു. ആകെ ജനങ്ങളിൽ 15758 പേർ മാത്രമാണ് സാക്ഷരരായി ഉണ്ടായിരുന്നത്. എന്നാൽ സാക്ഷരതാ പരിപാടിയുടെ ഭാഗമായി എടുത്ത സർവ്വെ പ്രകാരം 558 പേർ മാത്രമാണ് നിരക്ഷരരായി പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 93% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജനങ്ങൾ പൊതുവെ വിദ്യാ സമ്പന്നരും കലാ സാംസ്കാരിക രംഗങ്ങളിൽ താല്പര്യമുള്ളവരുമാണ്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. തൊഴിൽ തേടി വിദേശത്തു പോകുന്ന പാരമ്പര്യം ഇവിടുത്തെ ജനങ്ങൾക്കുണ്ട്. വിദേശ ജോലിയും, റബ്ബർ മുഖ്യ വിളയായും ഉള്ളതുകൊണ്ട് ഇവിടുത്തെ 60% ൽ അധികം പേരും സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നവരാണ്. അഭ്യസ്ത വിദ്യർക്ക് തൊഴിൽ ഇല്ലായ്മ നിലനിൽക്കുമ്പോഴും കെട്ടിട നിർമ്മാണ രംഗത്തും അതുപോലെയുള്ള തൊഴിൽ മേഖലകളിലും ഇവിടെ പണിയെടുക്കുന്നത് അധികവും തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ ആണ്.



5

# സാമൂഹിക സാമ്പത്തിക മേഖലകൾ



"സ്വന്തം രാജ്യത്തിന്റെ
നിർമ്മിതിയിൽ തങ്ങൾക്കും
ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം,
ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന
വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം,
എല്ലാ സമുദായങ്ങളും
പരിപൂർണ്ണരഞ്ജിപ്പിൽ
കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനുവേണ്ടി
ഞാൻ പ്രവർത്തിക്കും."

മഹാത്മാഗാന്ധി



# 5-1

# കൃഷിയും ജലസേചനവും

കുന്നന്താനം പൂർണ്ണമായും ഒരു കാർഷികഗ്രാമമാണ്. കുന്നുകളും, താഴ്വരകളും, സമതലങ്ങളും, നെല്പാടങ്ങളും ഇടകലർന്ന ഭൂപ്രകൃതിയോടുകൂടിയതാണ് ഇവിടുത്തെ ഭൂപ്രദേശം. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 80 മീറ്റർ ഉയർന്നു നിൽക്കുന്ന ഉമിക്കുന്നു മലയാണ് ഈ ഗ്രാമപ്രദേശത്തെ ഏറ്റവും ഉയരം കൂടിയ ഭാഗം. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചെറിയ ചെറിയ കുന്നുകളും, താഴ്വരകളും കാണുന്നുണ്ട്. ഈ രീതിയിലുള്ള ഭൂപ്രദേശങ്ങൾ ഒഴിച്ചാൽ ഭൂരിഭാഗവും സമതലപ്രദേശങ്ങളാണ്. പനയമ്പാലതോട് പഞ്ചായത്തിന്റെ വടക്ക് കിഴക്ക് അതിർത്തിയിൽ കൂടി ഒഴുകുന്നു. ഇത് പഞ്ചായത്തിനെ കല്ലൂപ്പാറ പഞ്ചായത്തുമായി വേർതിരിക്കുന്നു. കുട്ടൻചിറ-അമ്പലപ്പടി തോട് പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തു കൂടി ഒഴുകി പനയമ്പാല തോട്ടിൽ ചേരുന്നു. ഗ്രാമപ്രദേശത്തെ പ്രധാന കൃഷിയിനങ്ങൾ നെല്ല്, റബ്ബർ, തെങ്ങ്, കമുക്, വാഴ, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഗ്രാമ്പു, ജാതി, കൈത, കൊക്കോ എന്നിവയാണ്. ഇവിടുത്തെ ഭൂരിഭാഗം കൃഷിക്കാരും ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷി സ്ഥലം ഉള്ളവരാണ്.

കൃഷിഭൂമിയുടെ 25% നെല്പാടങ്ങൾ ആയിരുന്നു. ആദ്യകാലങ്ങളിൽ കർഷകർ സഹകരിച്ച് ശ്രദ്ധയോടെ കൃഷി ചെയ്തിരുന്നു. മിക്കവാറും ഇരുപ്പു നിലങ്ങളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പില്ക്കാലത്ത് അത് കുറഞ്ഞുവരാൻ തുടങ്ങി. ഇപ്പോൾ ഇരുപ്പു നിലങ്ങളിലധികവും ഒരുപ്പു നിലമായി മാറിയിട്ടുണ്ട്. മാത്രമല്ല നെൽകൃഷിയിൽ പല കാരണങ്ങളാൽ കർഷകർക്ക് താല്പര്യവും കുറഞ്ഞു വരുന്നു. നെൽപ്പാടങ്ങളിൽ വാഴ, കപ്പ, പച്ചക്കറികൾ തുടങ്ങി ഇടവിളകൾ കൃഷി ചെയ്യുന്നുണ്ട്. പാടങ്ങൾ ഉഴുതു മറിക്കുന്നതിന് പണ്ടുകാലങ്ങളിൽ ഉഴവുകാളകളെയാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ഉഴവു കാളകൾക്കു പകരം ട്രാക്ടറുകൾ സ്ഥാനം പിടിച്ചിട്ടുണ്ട്. നെൽചെടികൾക്ക് കീടനാശിനികളും കളനാശിനികളും ഉപയോഗിക്കുന്നുണ്ട്. വേനൽക്കാലങ്ങളിൽ രൂക്ഷമായ ജലക്ഷാമം നിമിത്തം ഇവിടുത്തെ നെൽപ്പാടങ്ങൾക്ക് ജലസേചനം നടത്താൻ കഴിയാത്ത സ്ഥിതിയുണ്ട്.

പട്ടിക -1 (കൃഷിഭവൻ രേഖ)

**വിള വിസ്തീർണ്ണം (നെൽകൃഷി)**

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | വിരുപ്പ് | 60 |
| 2 | പുഞ്ച | 30 |

കാർഷിക മേഖലയിൽ ഇവിടുത്തെ പ്രധാന വരുമാനമാർഗ്ഗം റബ്ബർ കൃഷിയാണ്. ആകെയുള്ള ഭൂപ്രദേശത്തിന്റെ 70% ഭാഗവും റബ്ബർ കൃഷിക്കുവേണ്ടിയാണ് ജനങ്ങൾ ഉപയോഗിക്കുന്നത്. കാരണം ഇപ്പോൾ ലാഭകരമായി ചെയ്യാൻ കഴിയുന്ന കൃഷിയെന്ന നിലയിൽ മറ്റു വൃക്ഷങ്ങൾ വെട്ടി മാറ്റി റബ്ബർ

നട്ടു പിടിപ്പിക്കുന്ന പ്രവണത ഇവിടെ കണ്ടു വരുന്നുണ്ട്. തെങ്ങിനും മറ്റും ഉണ്ടായ കാറ്റുവീഴ്ച രോഗം മൂലം തെങ്ങ് ആദായകരമല്ലാത്ത • സാഹചര്യം റബ്ബർ കൃഷിക്ക് അനുകൂലമായി. ബഡ് ഇനത്തിൽപ്പെട്ട RI 105 ഇനം റബ്ബർ തൈകളാണ് അധികം പേരും കൃഷി ചെയ്യുന്നത്. ഈ ഇനത്തിൽപ്പെട്ട റബ്ബർ തൈകൾ ഏഴ് വർഷം കൊണ്ട് പാൽ ശേഖരിക്കത്തക്ക വിധം പ്രായമാകുകയുള്ളൂവെങ്കിലും അതിനുമുൻപ് തന്നെ പാൽ എടുത്തു തുടങ്ങുന്ന പതിവുമുണ്ട്. ആണ്ടുതോറും ഇടതടവില്ലാതെ രാസവളം ഉപയോഗിച്ചാണ് റബ്ബർ കൃഷി നടത്തുന്നത്. പാൽ ശേഖരിക്കുന്നതിന് പാകമാകുന്ന ഒരു റബ്ബർ മരത്തിൽ നിന്നും തുടർച്ചയായി 15 കൊല്ലം പാൽ സംഭരിക്കാൻ കഴിയുന്നുണ്ട്. ഇത്തരത്തിൽ ആദ്യത്തെ ഏതാനും വർഷങ്ങളിലെ പരിചരണവും ബുദ്ധിമുട്ടും കൊണ്ട് അനേക വർഷത്തേക്ക് വരുമാനം ഉണ്ടാകുമെന്നുള്ളതും റബ്ബർ കൃഷിയെ ആകർഷിക്കാൻ കാരണമായിട്ടുണ്ട്. എന്നു വരികിലും രാസവളത്തിന്റെ വിലവർദ്ധനവും റബ്ബറിന്റെ അസ്ഥിരമായ വിലനിലവാരവും റബ്ബർ കൃഷിയെയും പ്രതിസന്ധിയിൽ എത്തിക്കുന്നുണ്ട്.

തെങ്ങു കൃഷിയാണ് മറ്റൊരു പ്രധാന ഇനം. ഒരു കാലത്ത് അധികം പേരും തെങ്ങു കൃഷിയെ ആശ്രയിച്ചിരുന്നു. ഇപ്പോൾ 282 ഹെക്ടർ പ്രദേശത്ത് തെങ്ങു കൃഷി ചെയ്യുന്നുണ്ട്.

തെങ്ങ് പ്രത്യേകമായും റബ്ബർ മരങ്ങൾക്കിടയിലും വളർത്തുന്ന രീതിയുണ്ടായിരുന്നു. എന്നാൽ തെങ്ങിന് രോഗം ബാധിച്ചതോടുകൂടി തെങ്ങ് കൃഷി മിക്കവാറും പേർ ഉപേക്ഷിച്ചിരിക്കുന്നു. ആകെയുള്ള തെങ്ങുകളുടെ 25% ഉം രോഗം ബാധിച്ചവയാണ്. തെങ്ങ് വെട്ടി മാറ്റി റബ്ബർ കൃഷി ചെയ്യുകയാണ് അധികം പേരും. മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങു വർഗ്ഗ കൃഷികളും വളരെ കുറഞ്ഞിരിക്കുന്നു. ഇതിനുവേണ്ടി ഉപയോഗിച്ചിരുന്ന സ്ഥലങ്ങളും കൂടി റബ്ബർ മരങ്ങൾ കൈയ്യടക്കുയാണ്. ഇതുമൂലം ഭക്ഷ്യോല്പന്നങ്ങൾക്കു വേണ്ടി പൂർണ്ണമായും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥ സംജാതമാകുന്നുണ്ട്.

കാർഷിക മേഖലയിൽ തൊഴിലാളികളുടെ

പട്ടിക -2 (കൃഷിഭവൻ രേഖ)

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം (ഹെക്ടറിൽ) | തെങ്ങ് എണ്ണം: കായ്ക്കാത്ത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ച തെങ്ങ്: റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീസിംഗ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 31 | 3200 | 3600 | 6800 | 875 | 400 | 225 | - | 65 | 1565 |
| 2 | 32 | 4100 | 3800 | 7900 | 890 | 475 | 330 | - | 80 | 1775 |
| 3 | 30 | 3000 | 3200 | 6200 | 800 | 350 | 230 | - | 60 | 1440 |
| 4 | 29 | 2900 | 3100 | 6000 | 710 | 340 | 205 | - | 55 | 1310 |
| 5 | 28 | 2560 | 3050 | 5610 | 700 | 360 | 215 | - | 65 | 1340 |
| 6 | 31 | 3300 | 3400 | 6700 | 850 | 410 | 350 | - | 75 | 1685 |
| 7 | 30 | 3500 | 3700 | 7200 | 900 | 370 | 400 | - | 85 | 1755 |
| 8 | 33 | 4100 | 4050 | 8150 | 1000 | 450 | 500 | - | 105 | 2055 |
| 9 | 38 | 4200 | 4100 | 8300 | 950 | 480 | 450 | - | 110 | 1990 |
| ആകെ | 282 | 30860 | 32000 | 62860 | 7675 | 3635 | 2905 | - | 700 | 14915 |

എണ്ണം നന്നേ കുറഞ്ഞു വരുന്നു. പുരുഷ തൊഴിലാളികൾക്ക് 100 രൂപയും സ്ത്രീ തൊഴിലാളിക്ക് 50 രൂപയും ദിവസകൂലിയുണ്ട്.

മുൻകാലങ്ങളിൽ ജൈവവളം മാത്രം ആശ്രയിച്ച് കൃഷി നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ അമിതമായ രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ചു വരുന്നതിനാൽ ഗുണത്തേക്കാളേറെ ദോഷമാണ് വന്നിരിക്കുന്നത്. വിവേചന രഹിതമായ കീടനാശിനി, കളനാശിനി ഉപയോഗങ്ങൾ പരിസ്ഥിതിയെയും കൃഷിയെയും വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്.

തുവരെ നടപ്പാക്കിയിട്ടില്ല. ചെറുകിട ജലസേചനത്തിനായി നിർമ്മിച്ചിട്ടുള്ള തോടുകൾ സൈഡു കെട്ടി സംരക്ഷിച്ചിട്ടില്ല. എന്നാൽ വർഷംതോറും ചടങ്ങിനു വേണ്ടി മാത്രം തോട് സംരക്ഷണം നടത്തുന്നതു കൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നുമില്ല. കോതവിളചാലും, മുളക്കുടി ചാലും കഴിഞ്ഞാൽ ഉമിക്കുന്നിന്റെ പടിഞ്ഞാറേ ചരിവിലുള്ള പൂച്ചവാൽ പ്രദേശവും, മുണ്ടുകുഴി പാടശേഖരത്തിന്റെ വടക്കുഭാഗവും ജല സ്രോതസ്സുകളാണ്.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1709 ഹെക്ടർ ആണ്. ഇത് താഴ്‌വര, സമതലം (മറ്റം), ചെറിയ

പട്ടിക -3

## രാസവളം കീടനാശിനി ഉപയോഗം

| വർഷം | രാസവളം (മെട്രിക്ടൺ) | കീടനാശിനി | |
|---|---|---|---|
| | | ദ്രവ്യം (ലിറ്റർ) | കരം (മെട്രിക്ടൺ) |
| 1993-94 | 33 | 145 | 2.2 |
| 1994-95 | 38.5 | 165 | 3.6 |
| 1995-96 | 44.2 | 186 | 4.0 |

ഇവിടുത്തെ പാടശേഖരങ്ങളിലെല്ലാം വർഷകാലത്ത് വെള്ളം കെട്ടിക്കിടന്ന് കൃഷിനാശം ഉണ്ടാകുന്നു. വെള്ളം വാർന്നു പോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനോ മിച്ചമുള്ള വെള്ളം ശേഖരിക്കുന്നതിനോ ഉള്ള സംരംഭങ്ങളൊന്നും നാളിതുവരെ ഉണ്ടാക്കിയിട്ടില്ല. അതുപോലെ തന്നെ വേനൽക്കാലത്ത് ജല ദൗർലഭ്യം മൂലവും കൃഷി നശിക്കുന്നു. ജലസേചന പദ്ധതികളൊന്നും ഈ പഞ്ചായത്തിൽ നാളി

ചരിവ്, ഉയർന്ന പ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഭൂവിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാടശേഖര സമിതികളും കേര വികസന സമിതികളും നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളൂ. റബ്ബർ കർഷക സമിതികളോ റബ്ബർ സഹകരണ സംഘങ്ങളോ ഇല്ല. എന്നാൽ പുളിന്താനം, കുന്നന്താനം, ആഞ്ഞിലിത്താനം എന്നിവിടങ്ങളിലായി റബ്ബർ

പട്ടിക -4

## ഭൂപ്രകൃതിയും ഭൂവിനിയോഗവും (Transect walk)

| ഭൂപ്രകൃതി | മൺതരം | സസ്യാവരണങ്ങൾ | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|
| താഴ്‌വര | മണൽ ചെമ്മണ്ണ് | നെല്ല് പച്ചക്കറി, കപ്പ | ജലദൗർലഭ്യം നെല്പാടം തരിശിടുന്നു, നികത്തുന്നു |
| സമതലം (മറ്റം) | ചെമ്മണ്ണ്, കരിമൺ | റബ്ബർ, തെങ്ങ് | - |
| ചെറിയ ചരിവ് | ചെമ്മണ്ണ് | റബ്ബർ, തെങ്ങ് | മണ്ണൊലിപ്പ് മണ്ണ് ഖനനം |
| ഉയർന്ന പ്രദേശം | ചെമ്മണ്ണ് | റബ്ബർ | മണ്ണൊലിപ്പ് |

പട്ടിക -5

### ഭൂവിനിയോഗം (കൃഷിയിടങ്ങൾ)

| നമ്പർ | വിളകൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | റബ്ബർ | 1196 | 70% |
| 2 | തെങ്ങ് | 282 | 16.5% |
| 3 | നെല്ല് | 128 | 7.5% |
| 4 | വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, മറ്റുവിളകൾ | 103 | 6% |

ഉല്പാദക സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും ലഭിക്കുന്ന കാർഷിക വായ്പകൾ കർഷകർ വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല.

## കാർഷിക വായ്പ

രണ്ട് സഹകരണ ബാങ്കുകളും രണ്ട് ഷെഡ്യൂൾഡ് ബാങ്കുമാണ് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നത്. കർഷകർക്ക് ആവശ്യമായ വായ്പ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി നിലനിൽക്കുമ്പോൾ തന്നെ കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതായും വായ്പ യഥാസമയം തിരിച്ചടയ്ക്കാറില്ലെന്ന പരാതിയും ഉയർന്നു വരുന്നുണ്ട്. അർഹതപ്പെട്ടതും ആവശ്യക്കാരുമായ മുഴുവൻ കർഷകർക്കും കാർഷിക വായ്പ ലഭിച്ചെങ്കിൽ മാത്രമേ കാർഷികോല്പാദനത്തിൽ നേട്ടം കൈവരിക്കാനാവൂ. ഇല്ലെങ്കിൽ ഇന്ന് ഉല്പാദന രംഗത്ത് നില്ക്കുന്നവരും പിന്മാറുന്നതിനുള്ള സാദ്ധ്യതയുണ്ട്.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടുത്തെ കൃഷി നടത്തുന്നത്. വർഷത്തിൽ ശരാശരി 650 മി. മീ. മഴ മാത്രമേ ഇവിടെ ലഭിക്കുന്നുള്ളു. ജൂൺ, ജൂലൈ മാസങ്ങളിലും ഒക്ടോബർ, നവംബർ മാസങ്ങളിലുമാണ് കൂടുതൽ മഴ ലഭിക്കുന്നത്. മഴയുടെ അളവിനെ സംബന്ധിച്ച ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

## ജലസ്രോതസ്സുകൾ

ഒരിക്കലും വറ്റാത്ത കോതവിള ചാലും, മുളക്കുടി ചാലും ആണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ. ശരിയായ രീതിയിൽ സംരക്ഷിക്കാത്തതിനാൽ ഇവയുടെ ആഴം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നാല് ഏക്കർ വിസ്തീർണ്ണം ഉള്ള മുളക്കുടി ചാൽ ആഴപ്പെടുത്തി സൈഡു കെട്ടി സംരക്ഷിച്ചാൽ കൃഷിക്കു ഉപയുക്തമാക്കാൻ കഴിയുന്നതാണ്. അതുപോലെ 2.45 ഏക്കർ വിസ്തീർണ്ണമുള്ള കോതവിളചാലിനും, സംരക്ഷണം ആവശ്യമാണ്. പഞ്ചായത്തിലെ പ്രധാന തോട് ആയ പനയമ്പാല തോട് ഉൾപ്പെടെ 14 കി. മീ. നീളം തോടുകൾ ഉണ്ട്.

പട്ടിക -6

### മഴയുടെ അളവ് (മി. മി)

| വർഷം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റ | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1993 | | 29.3 | 41.31 | 161.2 | 287.5 | 630.9 | 718.5 | 193.9 | 85.9 | 549.2 | 242.2 | 47.6 |
| 1994 | 34.3 | 68.0 | 45.5 | 142.3 | 281.1 | 507.3 | 593.0 | 404.4 | 168.4 | 664.7 | 242.3 | 62.0 |

അവലംബം: 1Farm guide-1995 2.Eco:review 1994

ഇവയും പാറാങ്കൽ, മൈലമൺ, ആഞ്ഞിലിത്താനം എന്നിവിടങ്ങളിൽ ഉള്ള പൊതു കുളങ്ങളും യഥാസമയം ആഴം കൂട്ടി സംരക്ഷിച്ചാൽ അവയിൽ നിന്നുള്ള ജലം കൃഷിക്ക് ഉപകരിക്കും. പൊതു കുളങ്ങളും തോടുകളും ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇവയെല്ലാം വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്. വേണ്ടത്ര ആഴമില്ലാത്തതാണ് ഇതിന് കാരണം. ഉമിക്കുന്ന് മലയുടെ പടിഞ്ഞാറെ ചരിവിൽ പൂച്ചവാൽ പാടശേഖരത്തോടു ചേർന്ന് ഒരിക്കലും വറ്റാത്ത ഒരു ജലസ്രോതസ്സുണ്ട്. ഇതും യഥാസമയം ആഴപ്പെടുത്തി സംരക്ഷിച്ചാൽ വേനൽക്കാലത്തും ജലം ലഭിക്കാൻ സാദ്ധ്യതയുള്ളതാണ്.

## കൃഷിഭവൻ

കൃഷിഭവൻ പഞ്ചായത്തിന്റെ ഒറ്റപ്പെട്ട ഒരു പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. യാത്രാ സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഒഴിഞ്ഞ ഒരു കോണിൽ പ്രവർത്തിക്കുന്ന കൃഷി ഭവന്റെ സഹായം വേണ്ടവിധം ഉപയോഗപ്രദമാക്കുവാൻ കർഷർക്കു കഴിയുന്നില്ല. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിൽ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

- ശാസ്ത്രീയമായ രീതിയിൽ കൃഷിയിറക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം എല്ലാ കർഷകർക്കും ലഭ്യമാകുന്നില്ല. വിളവെടുപ്പ് സംബന്ധിച്ച ബോധവൽക്കരണത്തിന്റെ അഭാവവും ഉണ്ട്.
- കാർഷിക വിളകൾക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന രോഗം, തെങ്ങുകൾക്ക് ഉണ്ടാകുന്ന കാറ്റുവീഴ്ച രോഗം, നെൽകൃഷിയെ ബാധിക്കുന്ന രോഗം എന്നിവ കൃഷിയെ നശിപ്പിക്കുന്നു.
- വിവിധ മേഖലകളിലുള്ള കൃഷികൾക്ക് പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം.
- ജലസേചന സൗകര്യത്തിന്റെ അഭാവം മൂലം മഴക്കാലത്തും വേനൽക്കാലത്തും കൃഷി നശിക്കുന്നു.
- ഉല്പാദക - വിപണന സഹകരണ സംഘങ്ങളുടെ അഭാവം.
- വളത്തിനും കീടനാശിനികൾക്കും ഉണ്ടാകുന്ന വില വർദ്ധന.
- ഗുണമേന്മയുള്ള വിത്തുകൾ യഥാസമയം ലഭിക്കാതിരിക്കൽ.
- കാർഷിക വായ്പ ആവശ്യാനുസരണം ലഭിക്കുന്നില്ല.
- ജലസ്രോതസ്സുകളായ തോടുകൾ, കുളങ്ങൾ, ചാലുകൾ എന്നിവയുടെ ആഴം കുറഞ്ഞു വരുന്നതുമൂലം വേനൽക്കാലത്ത് ജലം ലഭിക്കുന്നില്ല.
- മണ്ണൊലിപ്പും, മണ്ണ് ഖനനം ചെയ്തു കൊണ്ടു പോകുന്നതും പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നുണ്ട്. ജലാശയങ്ങളിലെ പ്രത്യേകിച്ചും കിണറുകളിലെ ജല നിരപ്പ് താഴ്ന്നു വരുന്നു.
- കാർഷിക വികസന സമിതി, കേര വികസന സമിതി തുടങ്ങിയ ബഹുജന സംഘടനകൾ പഞ്ചായത്തു തലത്തിൽ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫലപ്രദമല്ല.

## നിർദ്ദേശങ്ങൾ

- റബ്ബർ, തെങ്ങ്, കുരുമുളക് കൃഷികളെ സംബന്ധിച്ച ശാസ്ത്രീയമായ ബോധവൽക്കരണം നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.
- റബ്ബർ കർഷക സഹകരണ സംഘങ്ങൾ, മണ്ണ് ജല സംരക്ഷണ സമിതി തുടങ്ങിയ വിവിധ ബഹുജന സംഘടനകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.
- തെങ്ങ്, നെല്ല്, റബ്ബർ തുടങ്ങിയ കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങളെ തടയുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുക.
- നല്ലയിനം തെങ്ങിൻ തൈകൾ, അത്യുല്പാദന ശേഷിയുള്ള നല്ലയിനം കുരുമുളകു തൈകൾ, കിഴങ്ങു ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ച് എടുത്തിട്ടുള്ള പുതിയ ഇനം കിഴങ്ങുവർഗ്ഗങ്ങളുടെ വിത്തുകൾ നല്ലയിനം പച്ചക്കറി വിത്തുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
- റബ്ബർ ബോർഡിന്റെ സഹായത്തോടെ ഒരു റബ്ബർ ടാപ്പിംഗ് പരിശീലന കേന്ദ്രം സ്ഥാപിക്കുക.
- വളം, കീടനാശിനികൾ എന്നിവയുടെ സബ്സിഡി തുക വർദ്ധിപ്പിക്കുകയും എല്ലാ കർഷകർക്കും ലഭ്യമാക്കുകയും ചെയ്യുക.
- കിണർ കുഴിക്കുന്നതിനും, പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും ഇന്നുള്ള ധനസഹായം വർദ്ധിപ്പിക്കുകയും, പമ്പു സെറ്റുകൾക്കാവശ്യമായ വൈദ്യുതി സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

- ☐ കോതവിളചാലിന്റെ ആഴം കൂട്ടി സൈഡുകെട്ടുക. വേനൽക്കാലത്ത് കഴിയുന്നത്ര വെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. അതിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റ് സ്ഥാപിക്കുക.
- ☐ കോതവിള ചാലുമായി ബന്ധിക്കുന്ന ചെങ്ങരൂർ പാടശേഖരത്തിന്റെ വടക്കു ഭാഗത്തു കൂടി തോട് നിർമ്മിക്കുക.
- ☐ മുളക്കുടി ചാൽ ആഴം കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുക. ജലസേചനത്തിനുള്ള പമ്പ്സെറ്റ് സ്ഥാപിക്കുക.
- ☐ പനയമ്പാല തോടിന്റെ കണമൂട്ടിൽ പടിക്കൽ ക്രോസ്ബാർ നിർമ്മിച്ച് പുത്തൻകണ്ടത്തിലെ നെൽകൃഷി ലാഭകരമാക്കുന്നതിന് നടപടി സ്വീകരിക്കുക.
- ☐ പാറക്കൽ പടി മുതൽ പൂച്ചവാൽ വരെയുള്ള പാടശേഖരം വർഷകാലത്ത് വെള്ളം കെട്ടി കിടന്നു കൃഷി നശിക്കുന്നതിനാൽ ടി പാടശേഖരത്തിന്റെ സൈഡിലൂടെ ഒഴുകുന്ന തോട് വെട്ടി സംരക്ഷിക്കുക.
- ☐ കൊച്ചുപറമ്പിൽ പടി മുതൽ പൂച്ചവാൽ വരെയുള്ള പാടശേഖരത്തിന്റെയും, മുണ്ടുകണ്ടം പാടശേഖരത്തിന്റെയും സൈഡുകളിലൂടെ തോടുകൾ വെട്ടി സംരക്ഷിക്കുക.
- ☐ പാടശേഖരങ്ങളോട് ചേർന്ന് വലിയ കുളങ്ങൾ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.
- ☐ ഒട്ടിയക്കുഴി തോട് വീതി കൂട്ടി വെട്ടി സംരക്ഷിക്കുക. അമ്പലത്തുങ്കൽപടി, ആര്യാങ്കാലാപടി എന്നിവിടങ്ങളിൽ ക്രോസ് ബാർ നിർമ്മിക്കുക.
- ☐ വടശ്ശേരി മണ്ണിൽ മുണ്ടകത്തിന്റെ പാർശ്വത്തിലൂടെ മുളക്കുടിയിലേക്ക് പോകുന്ന തോട് വെട്ടി സംരക്ഷിക്കുക.
- ☐ പഴംപുരയിൽ പടിയിൽ കുളം കുഴിച്ച് കീഴടി വരെയുള്ള പാടശേഖരത്തിന്റെ കൃഷിക്ക് പമ്പ്സെറ്റ് സ്ഥാപിക്കുക. ചിറയിൽകുളം വൃത്തിയാക്കി സംരക്ഷിക്കുക.
- ☐ ചെറുകിട ജലസേചനത്തിനായി നിർമ്മിച്ച പൊതു കുളങ്ങൾ കർഷകർക്ക് പ്രയോജനപ്പെടുത്തുക.
- ☐ മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പരിസ്ഥിതിക്ക് അപകടകരമായ രീതിയിൽ മണ്ണ് ഖനനം ചെയ്തു കൊണ്ടു പോകുന്നത് തടയുക. ചുരുങ്ങിയ പക്ഷം ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എങ്കിലും വേണം.
- ☐ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കാൻ പ്രോത്സാഹനം നൽകുക.
- ☐ പി. ഐ. പി. കനാൽ പദ്ധതി കുന്നന്താനം ഗ്രാമ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുക.
- ☐ കവിയൂർ പുഞ്ച കൃഷി സുഗമമാക്കുവാൻ കറ്റോട്ട് പമ്പ് ഹൗസ് സ്ഥാപിക്കുക.
- ☐ ഉമിക്കുന്നിന്റെ പടിഞ്ഞാറെ ചരിവിൽ വർഷം മുഴുവൻ ഉപയോഗിക്കാവുന്ന ജലസ്രോതസ്സുണ്ട്. ഇവിടെ ഒരു വലിയ കുളം നിർമ്മിച്ച് ജലസേചനത്തിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഉമിക്കുന്നിന്റെ മുകളിൽ ടാങ്കു കെട്ടി ഇവിടെ നിന്നും വെള്ളം പമ്പ് ചെയ്താൽ പഞ്ചായത്തിന്റെ 2, 3, 4, 5, 6 വാർഡുകലിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.
- ☐ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ശരിയായ വില കിട്ടുന്നതിന് പച്ചക്കറി സംഭരണ വില്പന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുക.
- ☐ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം എല്ലാ പാടങ്ങളിലും ഏർപ്പെടുത്തുക.
- ☐ വട്ടക്കുന്നു പാടം, മുണ്ടുകുഴിപ്പാടം, പാറാങ്കപ്പടി മുതൽ ചെങ്ങരൂർ ചിറ വരെയുള്ള പാടം, മുണ്ടുകണ്ടം പാടം എന്നിവയിൽ വർഷകാലത്ത് വെള്ളം കെട്ടി നിൽക്കുന്നത് വാർന്നുപോകത്തക്ക വിധം ഈ പാടങ്ങളോട് ചേർന്നുള്ള തോടുകളുടെ ആഴവും വീതിയും കൂട്ടുക.
- ☐ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
- ☐ മുണ്ടുകുഴി പാടത്തും, പാറങ്കൽ ഭാഗത്തും വട്ടക്കുന്നു ഭാഗത്തും ഓരോ വലിയ കുളം കുഴിച്ച് പമ്പും പമ്പ്ഹൗസും സ്ഥാപിക്കുക.
- ☐ പഞ്ചായത്തുതല കർഷകസമിതി രൂപീകരിക്കുക.
- ☐ വാഴേനാൽ പടി മുതൽ കവിയൂർ വരെയുള്ള തോടും, ഓവിൽപടി മുതൽ കീഴടി വരെയുള്ള റോഡും അമ്പലംപടി മുതൽ വള്ളോക്കുന്ന് വരെയുള്ള തോടും വെട്ടി സംരക്ഷിക്കുക.



5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗം പശുവാണ്. നാമമാത്രമായി എരുമയും, ഭാഗികമായി ആടു വളർത്തലും ഉണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. 1996-ലെ കണക്ക് പ്രകാരം പഞ്ചായത്തിൽ 1924 പശുക്കളും 349 ആടുകളും 358 കാളകളും 22 എരുമകളും 6 പോത്തും ആണ് ഉള്ളത്. 17664 പിടക്കോഴിയെയും 768 പൂവൻ കോഴിയേയും വീടുകളിൽ വളർത്തുന്നു.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും ഉഴവു മൃഗങ്ങളുടെ കുറവിനു കാരണമായി. ഭാരിച്ച ചെലവു മൂലം വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെട്ടു തുടങ്ങി. നിരന്തരമായി കോഴി വസന്ത ഉണ്ടാകുന്നതു മൂലം കോഴികളുടെ എണ്ണത്തിൽ കുറവു വന്നു. ഗതാഗത സൗകര്യവും വാഹനങ്ങളുടെ ലഭ്യതയും മൂലം വണ്ടിക്കാളകളുടെ എണ്ണത്തിൽ കുറവുണ്ടായി.

പഞ്ചായത്തിന്റെ പ്രദേശത്ത് പ്രവർത്തിക്കുന്ന നാല് പാൽ സംഭരണ സൊസൈറ്റികൾ വഴിയായും, സ്വകാര്യ പാൽ സംഭരണം വഴിയായും പ്രതിദിനം 1500 ലിറ്റർ പാൽ സംഭരിക്കുന്നു. പഞ്ചായത്തിൽ പ്രതിദിനം 1900 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നതായി കണക്കാക്കുന്നു. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും, പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. മുക്കൂർ, അമ്പലപ്പടി, മാന്താനം, ആഞ്ഞിലിത്താനം എന്നീ സ്ഥലങ്ങളിൽ നാല് പാൽ സഹകരണ സംഘം പ്രവർത്തിക്കുന്നു. ഈ സൊസൈറ്റികൾ വഴിയായി പ്രതിദിനം 1015 ലിറ്റർ പാൽ ശേഖരിക്കുന്നു. അതിൽ 115 ലിറ്റർ പാൽ പഞ്ചായത്തിൽ വിറ്റഴിക്കുന്നു. ശേഷിക്കുന്ന 900 ലിറ്റർ പാൽ നിത്യേന പുറത്തേക്ക് കയറ്റി അയയ്ക്കുന്നു. അമ്പലപ്പടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പുളിന്താനം പാൽ സഹകരണ സംഘമാണ് കൂടുതൽ പാൽ സംഭരിക്കുന്നത്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് പഞ്ചായത്തിന്റെ പടിഞ്ഞാറതിർത്തിയായ മാന്താനത്ത് സ്ഥിതി ചെയ്യുന്നു. ഊർജ്ജിത കന്നുകാലി വികസന സെന്റേഴ്സ് ആഞ്ഞിലിത്താനം, മുക്കൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിലെ 1, 2, 3, 4, 8, 9 വാർഡുകളിൽ ലഭ്യമല്ല. 5 കിലോമീറ്റർ മുതൽ 8 കിലോമീറ്റർ വരെ സഞ്ചരിച്ചെങ്കിൽ മാത്രമെ ഈ മൃഗാശുപത്രിയിൽ എത്തിച്ചേരുവാൻ കഴിയൂ. അതുമൂലം യഥാസമയം ചികിത്സ ലഭിക്കാതെ കന്നുകാലികൾ ചാവുകയും യഥാസമയം സംരക്ഷണം ലഭിക്കാത്തതു മൂലം മൃഗങ്ങളെ വളർത്തുന്നതിൽ നിന്ന് കർഷകർ പിന്തിരിയുകയും ചെയ്യുന്നു.

കാലികളിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പു രോഗം, ഉദര രോഗം,

പട്ടിക -1

## വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | പശുനാടൻ കറവ ഉള്ളത് | പശുനാടൻ കറവ ഇല്ലാത്തത് | പശുസങ്കരം കറവ ഉള്ളത് | പശുസങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉള്ളത് | എരുമ കറവ ഇല്ലാത്തത് | കാളസങ്കരം വംശവർദ്ധനവ് | കാളസങ്കരം മറ്റുള്ളവ | പോത്ത് | മറ്റുള്ളവ ആട് | മറ്റുള്ളവ പട്ടി (ലൈസൻസ് ഉള്ളത്) |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 15 | 10 | 116 | 48 | 4 | 1 | ,, | 26 | 2 | 28 | 89 |
| 2 | 18 | 8 | 134 | 46 | 2 | 1 | ,, | 65 | ,, | 64 | 48 |
| 3 | 16 | 12 | 129 | 39 | 3 | 2 | ,, | 45 | .. | 39 | 29 |
| 4 | 8 | 4 | 104 | 65 | 1 | 1 | 1 | 54 | 2 | 44 | 24 |
| 5 | 18 | 14 | 111 | 71 | 1 | 1 | - | 28 | - | 26 | 36 |
| 6 | 20 | 12 | 192 | 136 | 1 | 1 | - | 46 | - | 34 | 29 |
| 7 | 19 | 6 | 140 | 59 | - | - | - | 26 | - | 42 | 31 |
| 8 | 12 | 6 | 98 | 64 | 1 | - | 1 | 34 | - | 29 | 27 |
| 9 | 6 | 3 | 120 | 45 | 1 | 1 | - | 32 | 2 | 43 | 19 |
|  | 132 | 75 | 1144 | 573 | 14 | 8 | 2 | 356 | 6 | 349 | 332 |

1996 ലെ സെൻസസ് പ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ

മുടന്തൻ പനി, ശ്വാസകോശ സംബന്ധമായ രോഗം, ത്വക് രോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവത്താലുള്ള രോഗങ്ങൾ എന്നിവയാണ്. ഇതിൽ കൂടുതലായി കണ്ടുവരുന്ന രോഗം അകിടുവീക്കവും, മുടന്തൻ പനിയുമാണ്. രോഗ പ്രതിരോധ നടപടികളെ സംബന്ധിച്ച് കാലി കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ ആരംഭത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സം നില്ക്കുന്നു.

പഞ്ചായത്തിൽ എട്ട് ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. പാചകത്തിനും, വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റ് മുഖേന ഓരോ വീട്ടിലും കണ്ടെത്താൻ കഴിയും. ഗോബർ ഗ്യാസ് പ്ലാന്റ് കൂടുതൽ സ്ഥാപിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. നിലവിലുള്ള ഗോബർ ഗ്യാസ് പ്ലാന്റുകൾ പലതും ഉപയോഗപ്രദമല്ല. അങ്ങനെയുള്ളവ ഉപയോഗപ്രദമാക്കുന്നതിന് സാമ്പത്തിക സഹായം കൃഷി വകുപ്പ് മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് ആടു വളർത്തലിൽ താല്പര്യം കാണിക്കുന്നത്. ആടു വളർത്തൽ വ്യാപകമായി നടത്തുന്നതിന് പഞ്ചായത്തിന്റെ പ്രദേശങ്ങൾ അനുയോജ്യമാണ്. ലാഭകരമായ തൊഴിൽ ആയതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണം. മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ആടു വളർത്തൽ പ്രോത്സാഹിപ്പിച്ചാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ സാമ്പത്തികമായി ഉയർത്തുന്നതിന് സാധിക്കും.

മുൻ കാലങ്ങളെ അപേക്ഷിച്ച് കോഴി വളർത്തൽ പല വീടുകളിലും കുറഞ്ഞു തുടങ്ങി. മുട്ടയ്ക്കും, ഇറച്ചിക്കുമായി കോഴികളെ വീടുകളിൽ വളർത്തുന്നതിന് ആവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമായാൽ വൻതോതിൽ കോഴി വളർത്തൽ ലാഭകരമാക്കാവുന്നതാണ്. തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് തൊഴിൽ ഇല്ലായ്മയ്ക്കൊരു

പട്ടിക (2)

## വളർത്തു പക്ഷി മൃഗസംഖ്യ

| വാർഡുനമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | മറ്റുള്ളവ |
| 1 | 65 | 1459 | 168 | - | - | - |
| 2 | 84 | 1821 | 149 | - | - | - |
| 3 | 75 | 1615 | 184 | 2 | 4 | - |
| 4 | 94 | 1974 | 192 | - | - | 3 |
| 5 | 76 | 1818 | 189 | 2 | 7 | - |
| 6 | 89 | 1719 | 194 | - | 2 | - |
| 7 | 96 | 1820 | 169 | - | - | 2 |
| 8 | 88 | 1519 | 396 | - | 4 | - |
| 9 | 101 | 1982 | 296 | - | - | - |
| | 768 | 15727 | 1937 | 4 | 17 | 5 |

1996-ലെ സെൻസസ് പ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ

പരിഹാരം കണ്ടെത്താൻ ഇത് സഹായകമാകും. താറാവ്, മുയൽ എന്നിവയെ കൗതുകത്തിനു വേണ്ടി ചില വീടുകളിൽ വളർത്തുന്നു.

## പ്രധാനപ്രശ്നങ്ങൾ

- ■ മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
- ■ കാലിത്തീറ്റയുടെ വില കൂടുതൽ.
- ■ വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്.
- ■ കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വൈഷമ്യം.
- ■ ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിന്റെ ചില വാർഡുകളിൽ വളരെ കുറവ്.
- ■ വ്യാപകമായ കോഴി വസന്ത രോഗം
- ■ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം.

## പരിഹാര മാർഗ്ഗങ്ങൾ

- ☐ മൃഗ ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് കുന്നന്താനം ജംഗ്ഷനിൽ മൃഗാശുപത്രിയുടെ ഒരു സബ് സെന്റർ അടിയന്തിരമായി ആരംഭിക്കുക.
- ☐ ക്ഷീരോൽപാദന സഹകരണ സംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക. വൈക്കോൽ സംഭരിച്ച് വിതരണം ചെയ്യുക. തീറ്റപ്പുൽ കൃഷി എല്ലാ വാർഡിലും കർഷകർ വ്യാപകമായി ചെയ്യുന്നതിന് വിത്തും, വളവും സൗജന്യ നിരക്കിൽ കൊടുക്കുക.
- ☐ അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെയും, ആടുകളെയും, എരുമകളെയും വളർത്തുന്നതിന് ബോധവൽക്കരണവും, സാമ്പത്തിക സഹായവും ലഭ്യമാക്കുക.
- ☐ പഞ്ചായത്തിലെ ഒന്നാം വാർഡും, രണ്ടാം വാർഡിലെ പുളിന്താനം സൊസൈറ്റിയിൽ അംഗത്വം ലഭിക്കാത്ത പ്രദേശവും ഉൾപ്പെടുത്തി ക്ഷീരോൽപാദന സഹകരണ സംഘം നടയ്ക്കൽ കേന്ദ്രമാക്കി സ്ഥാപിക്കുക. ഏഴാം വാർഡിൽ മൈലമണ്ണും കേന്ദ്രമാക്കി ഒരു പാൽ സംഭരണ സൊസൈറ്റി രൂപീകരിക്കുക. ധാരാളം പാൽ ഉൽ

പാഠിപ്പിക്കുന്ന ഈ പഞ്ചായത്തിൽ ഒരു ചില്ലിംഗ് പ്ലാന്റ് ആരംഭിക്കുക.

- ☐ കോഴി വളർത്തലിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, നല്ലയിനം കോഴികുഞ്ഞുങ്ങളെയും വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുക. ഇറച്ചിക്ക് വേണ്ടിയുള്ള കോഴികളെ വളർത്തി സഹകരണാടിസ്ഥാനത്തിൽ വിപണനം നടത്തുന്നതിന് ഒരു സൊസൈറ്റി രൂപീകരിക്കുക. പ്രസ്തുത സൊസൈറ്റി വഴി കോഴിത്തീറ്റ സൗജന്യ നിരക്കിൽ ലഭ്യമാക്കുക. കോഴികൾക്ക് പ്രതിരോധ കുത്തിവയ്പും മരുന്നുകളും മൃഗാശുപത്രി വഴി നൽകുക. കോഴികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.
- ☐ പഞ്ചായത്ത് പ്രദേശത്ത് താറാവ്, മുയൽ, പന്നി എന്നിവയെ വളർത്തുന്നതിന് പ്രോത്സാഹനം കൊടുക്കുന്നത് നന്നായിരിക്കും.
- ☐ മുഴുവൻ വളർത്തു മൃഗങ്ങൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.
- ☐ നിലവിലുള്ള മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുക. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- ☐ ലൈസൻസ് ഇല്ലാത്തതും, അലഞ്ഞു തിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ചു കൊല്ലുക. നിലവിലുള്ള സംവിധാനത്തിലെ പാളിച്ചകൾ പരിഹരിക്കുക.

## മത്സ്യബന്ധനം

കുന്നന്താനം പഞ്ചായത്തിന്റെ രണ്ടാം വാർഡിൽപ്പെട്ട 2.45 ഏക്കറോളം വരുന്ന കോതവിളചാൽ, ഒൻപതാം വാർഡിൽപ്പെട്ട നാല് ഏക്കറോളം വരുന്ന മുളക്കുടിചാൽ, കൂടാതെ പതിനാല് കിലോമീറ്റർ നീളം വരുന്ന തോടുകൾ, മൂന്ന് പൊതു കുളങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ.

ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന പതിനഞ്ച് പേർ പഞ്ചായത്തിലുണ്ട്. മത്സ്യ വിപണന മേഖലയിൽ ഇരുപത് പേർ പ്രവർത്തിക്കുന്നു. പരൽ, കരിമീൻ, ചേറുമീൻ, വാകമീൻ മുതലായവയാണ് പുഴയോര മത്സ്യബന്ധനത്തിൽ പ്രധാനമായും ലഭിക്കുന്നത്. മത്സ്യ കൃഷി പഞ്ചായത്തിൽ ഇല്ല.

എന്നാൽ നിലവിലുള്ള രണ്ട് ചാലിനോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളും, എട്ടാം വാർഡിലെ ചിറയിൽ കുളവും മത്സ്യം വളർത്തലിന് വളരെ അനുയോജ്യമാണ്.

എന്നാൽ കോതവിള ചാലും, മുളക്കുടി ചാലും ചുറ്റുപാടുമുള്ള പാടശേഖരങ്ങളുമായി ഒരുമിച്ചു കിടക്കുന്നതിനാൽ വെള്ളം ഉയരുമ്പോൾ മത്സ്യങ്ങൾ ചാലിന് പുറത്തേക്ക് പോകുകയും മത്സ്യ കൃഷി നഷ്ടത്തിലാകുകയും ചെയ്യുന്നതിനാൽ മത്സ്യകൃഷി നടത്തുന്നതിന് സാദ്ധ്യമാകുന്നില്ല. മാത്രമല്ല ജലാശയങ്ങളിൽ കണ്ടു വരുന്ന മത്സ്യരോഗങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

മത്സ്യ കൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ ഭിത്തി കെട്ടി സംരക്ഷിച്ചിട്ടില്ല.

മത്സ്യ വിപണനത്തിന് പൊതു സംവിധാനങ്ങൾ കുറവ്.

ജലാശയങ്ങളിലെ മത്സ്യങ്ങൾക്ക് വ്യാപകമായ രോഗങ്ങൾ പിടിപെടുന്നു.

മത്സ്യകൃഷിയെ സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണത്തിന്റെയും സാങ്കേതിക ജ്ഞാനത്തിന്റെയും സാമ്പത്തിക സഹായത്തിന്റെയും കുറവ്.

## സാദ്ധ്യതകൾ

കോതവിളച്ചാൽ, മുളക്കുടിച്ചാൽ, കുളങ്ങൾ, തോടുകൾ എന്നിവയുടെ സൈഡുകൾ കെട്ടി ജലാശയങ്ങൾ സംരക്ഷിക്കുക.

മത്സ്യവിപണനത്തിന് പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുക.

ജലാശയങ്ങളിൽ കണ്ടു വരുന്ന മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തി, രോഗം തടയുന്നതിന് നടപടി സ്വീകരിക്കുക.

സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളും, ചിറയിൻ കുളവും മത്സ്യ വളർത്തുന്നതിന് അനുയോജ്യമാക്കി തീർക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം അനുവദിക്കുക.

മത്സ്യ കൃഷിയെ സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിക്കുക.



5-3

# വ്യവസായം

വ്യവസായ മേഖലയിൽ എടുത്തു പറയത്തക്കയാതൊരു സ്ഥാപനങ്ങളും ഇല്ലാത്ത ഒരു ഗ്രാമ പ്രദേശമാണ് കുന്നന്താനം. ഈ രംഗത്ത് ഒരു മാറ്റത്തിനു വേണ്ടി ഏറെക്കാലമായി കൊതിച്ചിരുന്ന ഗ്രാമീണർക്ക് അല്പം ആശ്വാസം പകരുന്നതായിരുന്നു പാമലയിൽ, ഗ്രോത്ത് സെന്റർ വരുന്നുവെന്നത്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ ഉള്ള നിർദിഷ്ട വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ നിർമ്മാണം ഇന്ന് വിവാദങ്ങളുടെ നടുവിലാണ്. ഇതിന്റെ പ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിൽപ്പെട്ടു തകരുമ്പോൾ ഒരു പ്രദേശത്തിന്റെ വ്യവസായിക മുന്നേറ്റത്തിനുള്ള എല്ലാ പ്രതീക്ഷകളും അസ്തമിക്കുകയാണ്. എങ്കിലും ഇനിയും തളരാത്ത മനസ്സോടെ ഇവിടുത്തുകാർ ഈ സ്വപ്നം പൂവണിയുക തന്നെ ചെയ്യുമെന്ന വിശ്വാസത്തിൽ കാത്തിരിക്കുകയാണ്. ഇതിനുള്ള ആത്മാർത്ഥമായ ശ്രമത്തോടെ പ്രദേശത്തെ ജനങ്ങൾക്കൊപ്പം ഗ്രാമപഞ്ചായത്തും സജീവമായി രംഗത്തുണ്ടെന്നത് ആശ്വാസകരമാണ്.

ഈ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഒരു ഓയിൽ ഫാക്ടറി, രണ്ട് പ്ലൈവുഡ് ഫാക്ടറികൾ, ചെറുകിട റബ്ബർ ഫാക്ടറി എന്നിവയാണുള്ളത്. വള്ളിക്കാട്ടിൽ ഉണ്ടായിരുന്ന പ്ലൈവുഡ് ഫാക്ടറി തൊഴിൽ പ്രശ്നത്തെ തുടർന്ന് അടച്ചു പൂട്ടപ്പെട്ടു. പൊതുമേഖലാ വ്യവസായങ്ങൾ ഒന്നും ഇവിടെ ആരംഭിച്ചിട്ടില്ല. സ്വകാര്യ മേഖലയിൽ തന്നെ വ്യവസായം തുടങ്ങാൻ സംരംഭകർ മുന്നോട്ട് വരാത്ത സാഹചര്യം ഉണ്ട്. അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവ്, വൈദ്യുതി പ്രശ്നം, ഗതാഗത സൗകര്യങ്ങളുടെ കുറവ് തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇതിനു കാരണങ്ങളാണ്.

പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളായ കുട്ട, വട്ടി, പായ് നെയ്ത്ത് തുടങ്ങിയവയും പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ഇവകളുടെ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാത്തത് ഇത്തരം വ്യവസായങ്ങളുടെ വളർച്ചയ്ക്ക് തടസ്സമാകുന്നുണ്ട്.

## വ്യവസായ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. മുൻകാലങ്ങളിൽ സ്ത്രീകൾ കൂടുതലും പരമ്പരാഗത വ്യവസായങ്ങളിൽ ആയിരുന്നു പ്രവർത്തിച്ചിരുന്നത്. ഇന്ന് അത് തീർത്തും നിലച്ചിരിക്കുന്നു എന്നു പറയാം. ഈ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കാവുന്നതാണ്.

## പഞ്ചായത്തിന്റെ പൊതുസ്ഥിതി

15.57 ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണമുള്ള ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 18489 ആണ്. വ്യവസായത്തിനും, കൃഷിക്കും ഉപയോഗയോഗ്യമാക്കാവുന്ന ഭൂപ്രദേശം ഈ പഞ്ചായത്തിലുണ്ട്. വ്യവസായ വികസനത്തിന് ഉപയോഗിക്കാവുന്നതാണ് പാമല എസ്റ്റേറ്റും പരിസരവും. ഇതിന് സമീപത്ത് തന്നെ മുളക്കു

പട്ടിക-1

## ചെറുകിട വ്യവസായ യൂണിറ്റുകൾ (സ്വകാര്യ മേഖലകൾ)

| നമ്പർ | ഇനം | വ്യസായ | ആകെതൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1 | പ്ലൈവുഡ് ഫാക്ടറി | 2 | 4 | 4 | 8 |
| 2 | തടിമില്ലുകൾ | 3 | 7 | - | 7 |
| 3 | ഫ്ലവർമില്ലുകൾ | 3 | 3 | | 3 |
| 4 | വർക്ക്ഷോപ്പുകൾ Automobile | 3 | 3 | - | 3 |
| 5 | Steel Fabrication unit | 1 | 4 | - | 4 |
| 6 | അച്ചടിശാലകൾ | 2 | 4 | - | 4 |
| 7 | Stone crushing unit | 1 | 5 | - | 5 |
| 8 | Oil Refinery | 1 | 7 | 1 | 8 |
| 9 | ഹോളോബ്രിക്സ്യൂണിറ്റ് | 1 | 2 | - | 2 |
| 10 | റൈസ് മിൽ | 5 | 5 | - | 5 |
| 11 | ഓയിൽമിൽ | 5 | 5 | - | 4 |

ടിച്ചാൽ ഉള്ളതിനാൽ ജല സൗകര്യമുണ്ടാകും. ഏറ്റവും അടുത്ത് തിരുവല്ലയിൽ കൂടി റെയിൽവേ സ്റ്റേഷനും സംസ്ഥാന പാതയായ എം. സി. റോഡും കടന്നുപോകുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുമ്പോഴും വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും ഇവിടുത്തെ ജനങ്ങൾ മുൻപന്തിയിലാണ്. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നേടിയിട്ടുള്ള യുവതീയുവാക്കളും കുറവല്ല. എങ്കിലും ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ സ്വയം തൊഴിൽ സംരഭകരായി മുന്നോട്ട് വരുന്നതിന് ഇക്കൂട്ടർ മടിക്കുന്നുണ്ട്. ആ അവസ്ഥയ്ക്ക് മാറ്റം വരുത്തിയാൽ മാത്രമേ വ്യവസായ രംഗത്ത് ഈ ഗ്രാമപ്രദേശത്തിന് മുന്നേറാൻ കഴിയൂ.

ചുരുങ്ങിയ മുതൽമുടക്കിൽ തുടങ്ങാവുന്നതും, കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ളതുമായ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഒരു ലിസ്റ്റ് ചുവടെ ചേർക്കുന്നു.

### പ്രശ്നങ്ങൾ

- ☐ പ്രധാന കൃഷി റബ്ബർ ആണെങ്കിലും റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്ത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
- ☐ ഖാദി വ്യവസായ മേഖലയിൽ പ്രവർത്തിക്കാവുന്ന കൈത്തറി, അച്ചടി, അച്ചാർ നിർമ്മാണം, റബ്ബർ തടി സംസ്ക്കരണശാലകൾ, തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കുട്ട നെയ്ത്ത്, പായ് നെയ്ത്ത്, ചൂരൽ നിർമ്മിത ഉപകരണങ്ങൾ എന്നിവയിൽ കാര്യമായി ഒന്നുംതന്നെ ഉണ്ടാക്കിട്ടില്ല.
- ☐ വ്യവസായത്തിന് ആവശ്യമായ വൈദ്യുതിയുടെ ലഭ്യതക്കുറവും വോൾട്ടേജ് ക്ഷാമവും.
- ☐ സാമ്പത്തിക സഹായം ലഭിക്കുന്നതിൽ ഉള്ള ബുദ്ധിമുട്ട്.
- ☐ റബ്ബർ ഒഴിച്ചുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്.
- ☐ വിപണനത്തിനുള്ള സാദ്ധ്യത പരിമിതമാണ്.
- ☐ വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അഭാവം.

- താരതമ്യേന ഉയർന്ന കൂലി നിരക്കുമൂലം സ്വകാര്യ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് പലരും മടിക്കുന്നു.
- ജല ദൗർലഭ്യം ഭൂരിഭാഗം പ്രദേശത്തെയും ബാധിക്കുന്നുണ്ട്.

## സാദ്ധ്യതകൾ

വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന അസംസ്കൃത വസ്തുവായ റബ്ബർ ഈ ഗ്രാമ പഞ്ചായത്തിൽ സുലഭമായി ഉണ്ട്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുകൂല സാഹചര്യങ്ങൾ അനവധിയാണ്. റബ്ബർ സംസ്കരണവുമായി ബന്ധപ്പെടുത്തി ഒരു ആധുനിക സംസ്ക്കരണ യൂണിറ്റ് ആരംഭിക്കാവുന്ന സാഹചര്യം ഉണ്ട്. റബ്ബർ ഉപയോഗിച്ചു മാത്രം നിർമ്മിക്കാവുന്ന ഉല്പന്നങ്ങളുടെ പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. കുറഞ്ഞ മുതൽ മുടക്കിൽ തുടങ്ങാവുന്നതും വളരെയേറെ വിപണന സാദ്ധ്യതകളുള്ളതുമായ ചെറുകിട വ്യവസായ യൂണിറ്റുകളാണ് അവ. സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ടുബുക്കുകൾ, പ്രാദേശികമായി നിർമ്മിക്കാൻ കഴിയുന്ന യൂണിറ്റുകൾക്കും വളരെയേറെ സാദ്ധ്യതയുണ്ട്. കരകൗശല വസ്തുക്കൾ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഫിറ്റിംഗുകൾ എന്നിവ നിർമ്മിക്കാൻ ഉതകുന്ന യൂണിറ്റുകൾക്കും സാദ്ധ്യതയുണ്ട്. കെട്ടിട നിർമ്മാണ രംഗത്ത് തടിയുടെ ക്ഷാമം രൂക്ഷമാണ്. അതുകൊണ്ടു തന്നെ കെട്ടിട നിർമ്മാണ സാമഗ്രികളായ ജനൽ, കട്ടിള മുതലായവ കോൺക്രീറ്റിൽ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റിനും, ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റിനും സാദ്ധ്യതയേറെയുണ്ട്.

## നിർദ്ദേശങ്ങൾ

- വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തു തലത്തിൽ ശേഖരിക്കുകയും, വ്യവസായം തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകി നല്ല സംരംഭകരായി മാറ്റുകയും ചെയ്യുക.
- വ്യവസായത്തിന് ആവശ്യമായ വൈദ്യുതി ഉറപ്പാക്കുകയും, നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും വേണം.
- വൈദ്യുതിയുടെ ലഭ്യത കൂട്ടുവാൻ ഒരു മിനി ഇലക്ട്രിക് പ്രോജക്ട് തുടങ്ങണം.
- വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- വ്യവസായങ്ങൾക്ക് ആവശ്യമായ ജലലഭ്യത ഉറപ്പാക്കുക.
- ഗതാഗത സൗകര്യം കാര്യക്ഷമമാക്കുക,
- പരമ്പരാഗത വ്യവസായങ്ങൾ ആധുനീകരിക്കുക.
- പാമല വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുക.
- വ്യവസായ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിൽ തുടങ്ങണം.
- പഞ്ചായത്തിന്റെ ഓരോ വാർഡിലും മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ സ്ഥലം വീതമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായം തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.
- മുക്കട കോളനിയിൽ ഒരു കുടിൽ വ്യവസായ യൂണിറ്റ് ആരംഭിക്കുക.
- വള്ളിക്കാട്ടിൽ അടഞ്ഞു കിടക്കുന്ന പ്ലൈവുഡ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയോ, ഫാക്ടറിയുടെ സ്ഥലം ഏറ്റെടുത്ത് ചെറുകിട വ്യവസായത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയോ വേണം.
- വ്യവസായിക ആവശ്യത്തിനും, ഗതാഗത ആവശ്യത്തിനും വേണ്ടി ഒരു പെട്രോൾ പമ്പ് അനുവദിക്കുക.
- വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭി ക്കുക.
- ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പൊതു വിപണന കേന്ദ്രങ്ങൾ തുറക്കുക.
- വ്യവസായ വികസന സമിതി രൂപീകരിക്കുക.
- തൊഴിൽ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായത്തിന് പ്രാധാന്യം കൊടുക്കുക.

പട്ടിക -3

# ചുരുങ്ങിയ മുതൽമുടക്കിൽ, കമ്പോളം ലഭിക്കാൻ സാധ്യതയുള്ള പഞ്ചായത്ത് തല വ്യവസായങ്ങൾ

## റബ്ബർ ഉൽപന്നങ്ങൾ

1. ക്രമ്പ് റബ്ബർ
2. റബ്ബർ കളിപ്പാട്ടങ്ങൾ
3. റബ്ബർ ബാൻഡ്
4. റബ്ബർ അഡ്ഹസിവ്സ്
5. ഹവായ് ചപ്പൽ
6. ബലൂണുകൾ
7. ലാറ്റക്സ് അധിഷ്ഠിത വ്യവസായങ്ങൾ
8. റബ്ബർ വിനീർകൾ
9. റബ്ബർ തടി കൊണ്ടുള്ള കട്ടിള, ജനൽ തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ

## ഇലക്ട്രോണിക് & ഇലക്ട്രിക്കൽ ഇൻഡ്സ്ട്രീസ്

1. ടി. വി. ആന്റിനകൾ
2. ടി. വി. അസംബ്ലിംഗ്
3. ട്യൂബ് ലൈറ്റുകൾക്കുള്ള ഇലക്ട്രിക്കൽ ബല്ലാസ്റ്റ്സ്
4. സ്റ്റെബിലൈസറുകൾ
5. ക്വാർട്ട്സ് മെക്കാനിക്കൽ സമയം അറിയുന്ന ഉപകരണങ്ങൾ
6. പ്രിന്റഡ് സർക്യൂട്ട് ബോർഡ്
7. ട്രാൻസ്ഫോർമറുകൾ
8. കമ്പ്യൂട്ടർ സോഫ്റ്റ് വെയേഴ്സ് (സോക്കറ്റ്, സ്വിബുകൾ, നോബുകൾ)

## പ്ലാസ്റ്റിക് ഉൽപന്നങ്ങൾ

1. പി. വി. സി. പൈപ്പുകളും ഫിറ്റിംഗുകളും
2. പി. വി. സി. ചെരിപ്പുകൾ
3. പ്ലാസ്റ്റിക് കണ്ടെയ്നേഴ്സ്
4. പ്ലാസ്റ്റിക് ഉപകരണങ്ങൾ
5. പ്ലാസ്റ്റിക് ഫർണിച്ചറുകൾ
6. പേന

## കെട്ടിട നിർമ്മാണ സാമിഗ്രികൾ

1. ഹോളോ ബ്രിക്സ് യൂണിറ്റ്

2. വയർ കട്ട് ബ്രിക്സ്

3. ഗ്രാനൈറ്റ് എക്സ്പോർട്ടിംഗ് യൂണിറ്റ്

4. പാറ പൊടിക്കൽ

5. കൺട്രി ബ്രിക്സ്

**അലങ്കാര വസ്തുക്കൾ (കയറ്റുമതിയും ഗാർഹിക ഉപയോഗവും)**

1. ഫർണിച്ചറുകൾ

2. അലങ്കാര പണിയുള്ള കതകുകൾ മുതലായവ

3. കരകൗശല വസ്തുക്കൾ

4. ആറൻമുള കണ്ണാടി

മറ്റ് ഇനങ്ങൾ

1. പശു, കോഴി തീറ്റകൾ

2. കാപ്പി പൊടി

3. കറിപൗഡറുകൾ

4. അച്ചാറുകൾ, പർപ്പടകം, സ്ക്വാഷുകൾ, ജാം, ചിപ്സ്

5. റെഡിമെയ്ഡ് തുണിത്തരങ്ങൾ

6. ബേക്കറി ഉൽപന്നങ്ങൾ

7. പാൽ സംസ്കരണം

അവലംബം ജില്ലാ വ്യവസായ കേന്ദ്രം



5-4

# വിദ്യാഭ്യാസം

മുൻതിരുവിതാംകൂർ പ്രദേശത്തു വിദ്യാഭ്യാസത്തിൽ വളരെ മുന്നിലെന്നഭിമാനിച്ചിരുന്ന തിരുവല്ലയിലെ ഒരു. പിന്നോക്ക ഗ്രാമമായിരുന്നു കുന്നന്താനം. ഇന്ന് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിന്റെ ഭാഗമാണ്. ചെറുകിട കർഷകരും, കർഷകത്തൊഴിലാളികളും, നിർമ്മാണത്തൊഴിലാളികളുമാണ് ഗ്രാമീണരിൽ ബഹുഭൂരിപക്ഷവും. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമത്തിൽ ഉന്നത വിദ്യാഭ്യാസത്തിനോ ശാസ്ത്രസാങ്കേതിക പഠനത്തിനോ സൗകര്യമില്ല. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും, പരിമിതമായ ഗതാഗത സൗകര്യവും, സാമ്പത്തീക പരാധീനതയും മൂലം ശാസ്ത്ര സാങ്കേതിക രംഗത്ത് ഈ ഗ്രാമം വളരെ പിന്നിലാണ്.

നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു പോലും യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. അങ്ങിങ്ങു ചില ക്രിസ്ത്യൻ പാതിരിമാരുടെ ശ്രമഫലമായി വിദ്യാഭ്യാസത്തിന്റെ നാമ്പുകൾ മുളയിട്ടു. മുണ്ടപ്ലാക്കൽ ജേക്കബ് അച്ചന്റെ നേതൃത്വത്തിൽ ഒന്നും രണ്ടും ക്ലാസ്സുകളോടെ ചക്കുംമൂട്ടിൽ ആരംഭിച്ച വിദ്യാലയമാണ് ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം. മലയാള വർഷം 1088-ൽ സർക്കാർ ഏറ്റെടുത്ത പ്രസ്തുത വിദ്യാലയമാണ് രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുന്നന്താനം എൽ. പി. എസ് എന്ന ഇന്നത്തെ വിദ്യാലയം. സർക്കാർ വകയായി ഒരു ഗ്രന്ഥശാലയും ഇവിടെ പ്രവർത്തിച്ചിരുന്നു. ഗ്രാമത്തിന്റെ പടിഞ്ഞാറു ഭാഗത്തു നിന്നു പോലും, ഗതാഗത സൗകര്യങ്ങളില്ലാതെ കാടുപിടിച്ചു കിടന്ന ഭാഗങ്ങളിലൂടെ സഞ്ചരിച്ച് ഇവിടെ വന്നു വിദ്യയഭ്യസിച്ചിരുന്നു. ആദ്യകാലത്ത് ദുർഘടമായ വഴി താണ്ടി വന്നു പഠിച്ച ഒരു വിദ്യാർത്ഥിയാണ് മാടത്തുങ്കൽ ശ്രീമാൻ ശങ്കരപ്പിള്ള. നൂറുവയസ്സടുത്ത ആ വിദ്യാർത്ഥി ഇന്നും വിദ്യാലയത്തെക്കുറിച്ച് ഓർക്കുന്നു.

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ പോലും ഈ ഗ്രാമത്തിലെ പെൺകുട്ടികൾ വിദ്യാഭ്യാസം ചെയ്തിരുന്നില്ല. പെൺകുട്ടികൾക്കായി വിദ്യാലയങ്ങളില്ലാതിരുന്നത്, വിദ്യാലയങ്ങളിലെത്തിച്ചേരാൻ നാട്ടുവഴികൾ പോലും ഇല്ലാതിരുന്നത്, രക്ഷകർത്താക്കളുടെ യാഥാസ്ഥിതികത്വം തുടങ്ങി അനവധി ഘടകങ്ങൾ അതിനു കാരണമായി ഉണ്ടായിരുന്നു. ഇവയൊക്കെ കണക്കിലെടുത്ത് ഉത്പതിഷ്ണുക്കളായ യുവാക്കളുടെ ശ്രമഫലമായി ഒരു പെൺപള്ളിക്കൂടം ആരംഭിക്കാൻ ഇടയായി. മുക്കാട്ടു കുടുംബക്കാർ നൽകിയ 28 സെന്റ് സ്ഥലത്ത് ഷെഡ്ഡുകെട്ടി 1095-ൽ ആരംഭിച്ച പെൺപള്ളിക്കുടമാണ് ഇന്ന് ലക്ഷ്മിവിലാസം എന്ന പേരിൽ അറിയുന്ന കുന്നന്താനം എൽ. വി. എൽ. പി. എസ്. പെൺകുട്ടികളെ ആകർഷിക്കുന്നതിന് ഇവിടെ തയ്യലും, പാട്ടും പഠിപ്പിക്കുന്നതിന് ഒരദ്ധ്യാപികയെ നിയമിച്ചിരുന്നു.

ഇന്നത്തെ കുന്നന്താനം കവല ഉൾപ്പെടുന്ന പ്രദേശം 75 വർഷങ്ങൾക്കു മുമ്പ് കാട്ടു പ്രദേശമായിരുന്നു. തിരുവല്ല കോടതിയിൽ പ്രാക്ടീസു ചെയ്തിരുന്ന

മുരണി ഗോവിന്ദപ്പിള്ള. രണ്ടേക്കർ വസ്തു സമ്പാദിക്കുകയും ഈട്ടിക്കൽ ഒരു വിദ്യാലയം 1096ൽ ആരംഭിക്കുകയും ചെയ്തു. ഈട്ടിക്കലെ ആ വിദ്യാലയത്തിൽ പ്രിപ്പയാറിറ്ററി ക്ലാസ്സാണ് ആദ്യം ആരംഭിച്ചത്. അഞ്ചുവരെയുള്ള അന്നത്തെ പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിന് മലയാളം മിഡിൽ സ്ക്കൂളും, ഇംഗ്ലീഷ് മിഡിൽ സ്കൂളും ഉണ്ടായിരുന്നു. അഞ്ചാം ക്ലാസ്സു പാസ്സായി ഇംഗ്ലീഷ് മിഡിയം സ്കൂളിലെ ഫസ്റ്റ് ഫോറത്തിൽ എത്തുന്ന കുട്ടികളെ അതിലേക്കു തയ്യാറാക്കുന്ന ക്ലാസ്സാണ് പ്രിപ്പയറിറ്ററി ക്ലാസ്സ്. പ്രസ്തുത വിദ്യാലയം MGPM (മുരണി ഗോപാലപിള്ള മെമ്മോറിയൽ) എന്ന പേരിലാണ് ആരംഭിച്ചത്. ഗോപാലപിള്ള ആദ്യത്തെ മാനേജരും, തുടർന്ന് അദ്ദേഹത്തിന്റെ അനന്തിരവൻ അഡ്വക്കേറ്റ് ശങ്കരനാരായണപിള്ളയും മാനേജരായി. അധികം താമസിയാതെ MGPM മിഡിൽ സ്കൂൾ N. S. S. ന് കൈമാറി. അതിനുശേഷം വിദ്യാലയത്തിനു പല വികാസങ്ങളും കൈവന്നു. 1950-ൽ പ്രസ്തുത വിദ്യാലയം പൂർണ്ണ ഹൈസ്കൂളായി. അതോടെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ ഉദയം ചെയ്തു.

1103-ൽ ശ്രീമാൻ തെക്കേക്കുറ്റ് കൃഷ്ണപിള്ള ഇളപ്പുങ്കൽ ഒരു വിദ്യാലയം ആരംഭിച്ചു. ദേവിവിലാസം പ്രൈമറി സ്കൂൾ എന്ന പേരിൽ തുടങ്ങിയ പ്രസ്തുത വിദ്യാലയമാണ് ഇന്നത്തെ കുന്നന്താനം DVLPS. പയ്യമ്പള്ളി ഏബ്രഹാം അച്ചന്റെ ശ്രമഫലമായി പാലയ്ക്കാത്തകിടിയിൽ ആരംഭിച്ച സെന്റ് മേരീസ് പ്രൈമറി സ്കൂൾ, ഇന്ന് സെ. മേ. ഗവ. ഹൈസ്കൂളായി. ഇപ്പളത്തു കുടുംബം വകയായി ആരംഭിച്ച ഇാപ്പളത്തു മിഡിൽ സ്കൂളാണ് ആഞ്ഞിലിത്താനം യു. പി. എസ്. നാട്ടിലെ ഒരു വിഭാഗത്തിന്റെ എതിർപ്പിനെ അതിജീവിച്ച് അഞ്ഞിലിത്താനം SNDP ക്ഷേത്രം വക കെട്ടിടത്തിൽ 1948ൽ ഒരു വിദ്യാലയം ആരംഭിച്ചു. അതാണ് ഇന്നത്തെ ആഞ്ഞിലിത്താനം ന്യൂ. എൽ. പി. എസ്. അല്ലിമംഗലത്ത് ശ്രീമാൻ പത്മനാഭപിള്ള മലമ്പാറയ്ക്കൽ ആരംഭിച്ച വെർണാകുലർ മിഡിൽ സ്കൂളും രക്ഷാസൈന്യം സഭയുടെ വകയായി ആഞ്ഞിലിത്താനത്തും, വള്ളമലയിലും ആരംഭിച്ച പ്രൈമറി സ്കൂളുകളും ചേർന്നാൽ അര നൂറ്റാണ്ടു മുമ്പുള്ള പഞ്ചായ

പട്ടിക 1

## വിദ്യാലയം വിദ്യാർത്ഥികൾ അദ്ധ്യാപകർ

| ക്രമ നമ്പർ | വാർഡു നമ്പർ | വിദ്യാലയം | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | VII | N. S. S.H.S. കുന്നന്താനം | എയ്ഡഡ് | 598 | 410 | 1008 | 2 | 35 | 37 |
| 2 | III | ST. MARY'S H.S. കുന്നന്താനം | ഗവൺമെന്റ് | 316 | 219 | 535 | 6 | 15 | 21 |
| 3 | IX | U. P. S. ആഞ്ഞിലിത്താനം | എയ്ഡഡ് | 62 | 16 | 78 | - | 5 | 5 |
| 4 | IX | Govt. Model LPS ആഞ്ഞിലിത്താനം | ഗവൺമെന്റ് | 91 | 93 | 184 | - | 5 | 5 |
| 5 | VIII | SALPS ആഞ്ഞിലിത്താനം | എയ്ഡഡ് | 56 | 53 | 109 | - | 3 | 3 |
| 6 | I | SALPS വള്ളമല | എയ്ഡഡ് | 54 | 48 | 102 | 1 | 2 | 3 |
| 7 | V | LVLPS കുന്നന്താനം | ഗവൺമെന്റ് | 80 | 81 | 161 | 2 | 3 | 5 |
| 8 | II | L. P. S. കുന്നന്താനം | ഗവൺമെന്റ് | 39 | 42 | 81 | 1 | 3 | 4 |
| 9 | VI | DVLPS കുന്നന്താനം | ഗവൺമെന്റ് | 50 | 61 | 117 | - | 5 | 5 |
| 10 | VI | SN ഇംഗ്ലീഷ് മീഡിയം LPS കുന്നന്താനം (അംഗീകാരമില്ലാത്തത്) | അൺ എയ്ഡഡ് | 56 | 61 | 117 | - | 5 | 5 |
| | | ആകെ | - | 1402 | 1084 | 2486 | 13 | 79 | 92 |

പട്ടിക -2

## ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകൾ | കെട്ടിടങ്ങളുടെ എണ്ണം | മുറികളുടെ എണ്ണം | ഇനിയും ആവശ്യമായ മുറികൾ | നിലവിലുള്ള മൂത്രപ്പുരകൾ | ഇനിയും ആവശ്യമായ മൂത്രപ്പുരകൾ | നിലവിലുള്ള കക്കൂസുകൾ | കുടിവെള്ള സംവിധാനം | വായന മുറി | സ്റ്റാഫ് റൂം | വൈദ്യുതി | ഫർണിച്ചറുകൾ ആവശ്യത്തിന് ഉണ്ട്/ഇല്ല | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| N. S. S. H.S കുന്നത്താനം | 25 | 5 | 45 | - | 4 | - | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4.5 ഏക്കർ | 70 സെന്റ് |
| St. Marys HS, കുന്നത്താനം | 18 | 5 | 7 | - | 3 | - | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 1 ഏക്കർ | ഇല്ല |
| UPS ആഞ്ഞിലിത്താനം | 3 | 3 | 3 | - | 1 | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 45 സെന്റ് | ഇല്ല |
| ഗവ. മോഡൽ LPS ആഞ്ഞിലിത്താനം | 5 | 2 | 3 | 2 | 3 | - | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 സെന്റ് | ഇല്ല |
| SALPS ആഞ്ഞിലിത്താനം | 4 | 2 | - | - | 1 | 2 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 50 സെന്റ് | ഇല്ല |
| SALPS വള്ളമല | 4 | 2 | - | - | 1 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 65 സെന്റ് | ഇല്ല |
| LVLPS കുന്നത്താനം | 5 | 1 | 5 | 3 | 2 | - | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 സെന്റ് | ഇല്ല |
| LPS കുന്നത്താനം | 4 | 1 | 1 | - | 1 | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | 60 സെന്റ് | ഇല്ല |
| DVLPS കുന്നത്താനം | 4 | 1 | 1 | 2 | 2 | - | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | 50 സെന്റ് | ഇല്ല |
| S.N. ഇംഗ്ലീഷ് മീഡിയം LPS കുന്നത്താനം | 4 | 3 | 6 | - | 2 | - | 1 | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 ഏക്കർ | 50 സെന്റ് |

പട്ടിക-3

## അദ്ധ്യാപകർ, വിദ്യാർത്ഥികൾ പൊതുസ്ഥിതി

| | വിദ്യാലയം | | | | അദ്ധ്യാപകർ | | | | വിദ്യാർത്ഥികൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | LPS | UPS | HS | ആകെ | ആൺ | പെൺ | ആകെ | ശതമാനം | ആൺ | പെൺ | ആകെ | ശതമാനം |
| ഗവൺമെന്റ് | 4 | - | 1 | 5 | 10 | 29 | 39 | 42.4 | 576 | 49.6 | 1072 | 43.1 |
| എയ്ഡഡ് | 2 | 1 | 1 | 4 | 3 | 45 | 48 | 52.2 | 770 | 527 | 1297 | 52.2 |
| അൺ എയ്ഡഡ് (അംഗീകാരമില്ലാത്തത്) | 1 | - | - | 1 | - | 5 | 5 | 5.4 | 56 | 61 | 117 | 4.7 |
| ആകെ | 7 | 1 | 2 | 10 | 13 | 79 | 92 | 100 | 1402 | 1084 | 2486 | 100 |

ത്തിലെ വിദ്യാലയങ്ങൾ പൂർത്തിയായി.

വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതും ഗ്രാമവാസികളുടെ വിദ്യാഭ്യാസത്തിന് മുതൽകൂട്ടായിരുന്നതുമായ കുന്നന്താനം യു. പി. സ്കൂൾ മാനേജ്മെന്റിന്റെ അനാസ്ഥയും, ജീവനക്കാരുടെ അനൈക്യവും മൂലം നിർത്തലാക്കി. ആഞ്ഞിലിത്താനം യു. പി. സ്കൂളിന്റെ മാനേജ്മെന്റ് തർക്കം മൂലം ഒരു ദശാബ്ദക്കാലമായി പ്രസ്തുത വിദ്യാലയം റിസീവർ ഭരണത്തിലാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന സെന്റ് മേരീസ് പ്രൈമറി സ്കൂൾ, ലക്ഷ്മി വിലാസം പ്രൈമറി സ്കൂൾ, ദേവി വിലാസം പ്രൈമറി സ്കൂൾ എന്നിവ കൊല്ലവർഷം 1123-ൽ ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്തു.

1962-ൽ സെന്റ് മേരീസ് പ്രൈമറി സ്കൂൾ യു. പി. സ്കൂളായും, 1982-ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു. പി. റ്റി. എ. യുടെ നിരന്തരമായ പ്രവർത്തന ഫലമായിട്ടാണ് പ്രസ്തുത വിദ്യാലയം ഇന്നത്തെ നിലയിൽ കൈവരിച്ചത്. ഇതോടെ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ വലിയ ബുദ്ധിമുട്ടില്ല. സ്കൂളുകളിലെത്താൻ രണ്ടു കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ട സ്ഥിതി ഒരു വാർഡിലും ഇല്ല.

പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകൾ, ഒരു യു. പി. സ്കൂൾ, ആറ് എൽ. പി. സ്കൂൾ അംഗീകാരമില്ലാത്ത ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ, മൂന്ന് നേഴ്സറി സ്കൂളുകൾ, ഒരു പാരലൽ കോളജ്, നാല് ടൈപ്പ് റൈറ്റിംഗ് സ്കൂളുകൾ, മൂന്നു ട്യൂഷൻ സെന്ററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ഉപരിപഠനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇനിയും ഉണ്ടാവേണ്ടതുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യ 18489 ആണെങ്കിലും ഈ ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നത് ആകെ 2486 വിദ്യാർത്ഥികളാണ്. ഇത് ജനസംഖ്യയുടെ കേവലം 13.4 ശതമാനം മാത്രമാണ്. സ്കൂൾ വിദ്യാഭ്യാസം നടത്തുന്നവരിൽ ഇരുപത് ഇരുപത്തഞ്ചു ശതമാനം പേരും ഗ്രാമത്തിനു പുറത്തുള്ള വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്. പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലൂടെ മാത്രമായിരിക്കമെന്ന

പട്ടിക -4

## ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

| പഞ്ചായത്തിലെ ആകെ അദ്ധ്യാപകർ | ഗവൺമെന്റ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ | ഗവ. സ്കൂൾ അദ്ധ്യാപകരുടെ എണ്ണം ശതമാനത്തിൽ | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ആകെ എണ്ണം | ഗവൺമെന്റ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ | ഗവൺമെന്റ് സ്കൂൾ വിദ്യാർത്ഥികളുടെ ശതമാനം |
|---|---|---|---|---|---|
| 92 | 39 | 42.4 | 2486 | 1072 | 43.4 |

## പട്ടിക -5

### കൊഴിഞ്ഞുപോക്കു സംബന്ധിച്ച വിവരം

| SC/ST വിഭാഗം | | | മറ്റുള്ളവർ | | | ആകെ | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | - | 1 | 7 | - | 7 | 8 | - | 8 |

മനഃശാസ്ത്ര തത്വത്തെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉന്നത നിലവാരം പുലർത്തുന്നവർ മാനിക്കുന്നില്ല. അവരിൽ തൊണ്ണൂറു ശതമാനവും തങ്ങളുടെ കുട്ടികളെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി ഗ്രാമത്തിനുപുറത്തുള്ള വിദ്യാലയങ്ങളിലയയ്ക്കുന്നു. അതാണ് ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരാൻ കാരണം. ഈ സാഹചര്യത്തിൽ പഞ്ചായത്തിലും ഒരു ഇംഗ്ലീഷ് മീഡിയം വിദ്യാലയം സ്ഥാപിച്ച് ഗ്രാമത്തിൽ തന്നെ തുടർന്നു പഠിക്കുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്. നിലവിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിന് അംഗീകാരം നേടി കൊടുത്തു സംരക്ഷിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:27 എന്നു കാണുന്നു. ഇത് സംസ്ഥാന ശരാശരിയെക്കാൾ ഉയർന്നതാണ്. ആകെയുള്ള 92 അദ്ധ്യാപകരിൽ 28 പേർ ഹൈസ്കൂൾ വിഭാഗത്തിലും, 35 പേർ യു. പി. വിഭാഗത്തിലും, 29 പേർ എൽ. പി. വിഭാഗത്തിലും പണിയെടുക്കുന്നു. 92 അദ്ധ്യാപകരിൽ 13 പുരുഷന്മാരും 79 സ്ത്രീകളുമാണ്. പുരുഷന്മാരായ അദ്ധ്യാപകർ 14% ആണ്. നാലു വിദ്യാലയങ്ങളിൽ അദ്ധ്യാപികമാർ മാത്രമാണ്. ഹെഡ്മാസ്റ്ററന്മാരിൽ രണ്ടു പേരു മാത്രം പുരുഷന്മാരും ബാക്കി സ്ത്രീകളുമാണ്. അദ്ധ്യാപകരിൽ 45% പേരും ഗ്രാമത്തിനു പുറത്തുള്ളവരാണ്. ആകെ അദ്ധ്യാപകരിൽ 39 പേരും വിദ്യാർത്ഥികളിൽ 1072 പേരും ഗവ. വിദ്യാലയങ്ങളിലാണ്.

ഒന്നാം ക്ലാസ്സിലെത്തുന്ന വിദ്യാർത്ഥികളിൽ നല്ലൊരു വിഭാഗം പല കാരണങ്ങളാൽ പഠനം നിർത്തിപോകുന്ന സ്ഥിതിയാണ് പൊതുവെ കാണുന്നത്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് മറിച്ചാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് കേവലം ദശാംശം മൂന്നു ശതമാനമാണ്. സർവ്വേ റിപ്പോ

## പട്ടിക -6

### അക്കാദമിക്ക് നിലവാരം

96-97 ലെ ലാഭ വാർഷിക പരീക്ഷ

| ക്ലാസ്സ് | ആകെ കുട്ടികൾ | 30% നു താഴെ മാർക്കു വാങ്ങിയവർ | 30-40% മാർക്കു വാങ്ങിയവർ | 40-50% മാർക്കു വാങ്ങിയവർ | 50-60% മാർക്കു വാങ്ങിയവർ | 60% നു മേൽ മാർക്കു വാങ്ങിയവർ |
|---|---|---|---|---|---|---|
| 3 | 284 | 39 | 37 | 49 | 44 | 115 |
| 4 | 233 | 33 | 32 | 38 | 34 | 96 |
| 5 | 245 | 35 | 36 | 43 | 45 | 86 |
| 6 | 258 | 49 | 56 | 77 | 50 | 26 |
| 7 | 243 | 36 | 43 | 78 | 54 | 31 |
| 8 | 262 | 35 | 56 | 51 | 85 | 35 |
| 9 | 270 | 56 | 55 | 74 | 51 | 34 |
| 10 | 205 | 51 | 52 | 59 | 32 | 34 |

പട്ടിക -7

**S. S. L. C. വിജയ ശതമാനം**

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| NSSHS കുന്നന്താനം | 48.46 | 45.09 | 58.87 | 51.94 | 36.77 |
| St. Mary's HS കുന്നന്താനം | 31 | 40 | 21 | 30 | 52 |

ർട്ടു പ്രകാരം ഒന്ന്, രണ്ട് എന്നീ ക്ലാസ്സുകളിൽ നിന്നും ഓരോ വിദ്യാർത്ഥികൾ പഠനം നിർത്തിയതായി കാണുന്നുണ്ട്. അത് ഒരു കൊഴിഞ്ഞുപോക്കായി കണ്ടു കൂടാ. കൊഴിഞ്ഞു പോക്കു നിർത്തലാക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾക്ക് നമ്മുടെ ഗ്രാമത്തിൽ നല്ല ഫലം പ്രൈമറി തലത്തിലുണ്ടായിട്ടുണ്ട്. ഇതിന്റെ പ്രതിഫലനം ഹൈസ്കൂൾ തലത്തിലും പ്രതീക്ഷിക്കുന്നു.

## അക്കാദമിക്ക് നിലവാരം

ഗ്രാമത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അക്കാദമിക് നിലവാരം വളരെ മെച്ചമെന്നു പറഞ്ഞുകൂടാ. താഴത്തെ ക്ലാസ്സുകളിൽ പഠന നിലവാരം കൂടുതൽ മെച്ചവും, മേൽ ക്ലാസ്സുകളിലേക്കു പോകുന്തോറും അനുക്രമമായി കുറഞ്ഞു വരുന്നതുമായ ഒരു സ്ഥിതി വിശേഷമാണ് അതേക്കുറിച്ചുള്ള സർവ്വേ റിപ്പോർട്ടുകൾ വെളിപ്പെടുന്നത്. പാദവാർഷിക പരീക്ഷയുടെ മാർക്കിനെ അടിസ്ഥാനമാക്കിയുള്ള ഒരു പട്ടിക ചേർത്തിരിക്കുന്നതു കാണുക.

വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച റിപ്പോർട്ടു പ്രകാരം കഴിഞ്ഞ വിദ്യാലയവർഷത്തിൽ ഒരു പ്രൈമറി സ്കൂൾ കുട്ടിക്ക് ജില്ലാതലത്തിൽ പ്രസംഗമത്സരത്തിന് കിട്ടിയ ഒരു അവാർഡല്ലാതെ സംസ്ഥാനതലത്തിലോ ജില്ലാ തലത്തിലോ ഒരു അവാർഡും ലഭിച്ചതായി കാണുന്നില്ല. ഇതു നമ്മുടെ കലാകായിക രംഗത്തെ പിന്നോക്കാവസ്ഥയാണ് കാണിക്കുന്നത്. ഈ രംഗത്ത് നമ്മുടെ ഗ്രാമത്തിലെ വിദ്യാലയങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കലാകായിക രംഗങ്ങളിൽ പരിശീലനം നൽകാൻ രക്ഷകർത്താക്കളുടെ സാമ്പത്തിക ശേഷി അനുവദിക്കാത്തതാണ് പ്രധാന കാരണം. വിദ്യാലയങ്ങളിൽ കലാകായിക രംഗത്തു പരിശീലനം കൊടുത്തുകൊണ്ടിരുന്ന മുൻനിലപാടു തുടരുകയും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവിനെ മത്സരപ്പരീക്ഷകളുടെ മാനദണ്ഡത്തിലാണ് പൊതുവെ വിലയിരുത്തുന്നത്. എന്നാൽ ഹൈസ്ക്കൂളുകളെ അവിടുത്തെ എസ്. എസ്. എൽ. സി. വിജയശതമാനത്തെ കൂടി ആശ്രയിച്ചാണ് കണക്കു കൂട്ടാറുള്ളത്. നമ്മുടെ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളാണുള്ളത്. എൻ. എസ്. എസ് ഹൈസ്ക്കൂളും, സെന്റ് മേരീസ് ഗവ. ഹൈസ്ക്കൂളും. കഴിഞ്ഞ അഞ്ചു വർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനം പരിശോധിച്ചാൽ രണ്ടു വിദ്യാലയങ്ങളുടേയും സ്ഥിതി തൃപ്തികരമല്ല. മുൻ കാലങ്ങളിൽ എൻ. എസ്. എസ് ഹൈസ്കൂൾ വളരെ ഉന്നതമായ അക്കാദമിക് നിലവാരം പുലർത്തിയിട്ടുണ്ട്. എസ്. എസ്. എൽ. സി. വിജയശതമാനം പരിശോധിച്ചാൽ കഴിഞ്ഞ വർഷത്തെ പരീക്ഷാ ഫലം വളരെ മോശമാണ്. എല്ലാ വിധ ഭൗതിക സാഹചര്യങ്ങളും ഉള്ള പ്രസ്തുത വിദ്യാലയം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സെന്റ് മേരീസ് ഗവ. ഹൈസ്ക്കൂൾ കഴിഞ്ഞ വർഷം, മുൻ വർഷത്തെക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ട സ്ഥിതിയിൽ കുറെ കൂടി നല്ല നിലവാരം പ്രതീക്ഷിക്കുന്നു.

പട്ടിക -8

**പെൺകുട്ടികൾ**

| ആകെ വിദ്യാർത്ഥികൾ | | | L.P. വിഭാഗം | | | | UP വിഭാഗം | | | | H.S. വിഭാഗം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ശതമാനം | ആൺ | പെൺ | ആകെ | ശതമാനം | ആൺ | പെൺ | ആകെ | ശതമാനം |
| 1402 | 1084 | 2486 | 504 | 499 | 1003 | 49.75 | 466 | 280 | 746 | 37.53 | 432 | 305 | 737 | 41.38 |

പട്ടിക -9

### പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളുടെ വിവരം

| L.P. വിഭാഗം | | | | | U.P. വിഭാഗം | | | | | H.S. വിഭാഗം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | SC/ST വിഭാഗം | | | | ആകെ | SC/ST വിഭാഗം | | | | ആകെ | SC/ST വിഭാഗം | | | |
| കുട്ടികൾ | ആൺ | പെൺ | ആകെ | ശതമാനം | കുട്ടികൾ | ആൺ | പെൺ | ആകെ | ശതമാനം | കുട്ടികൾ | ആൺ | പെൺ | ആകെ | ശതമാനം |
| 1003 | 85 | 83 | 168 | 16.7 | 746 | 104 | 62 | 166 | 22.2 | 737 | 107 | 100 | 207 | 28 |

ആകെ SC/ST 21.76%

രണ്ടു വിദ്യാലയങ്ങളിലുമായി 96-97 സ്കൂൾ വർഷം 205 വിദ്യാർത്ഥികൾ പത്താം ക്ലാസിൽ പഠനം നടത്തുന്നു.

ഏക യു. പി. സ്കൂളായ ആഞ്ഞിലിത്താനം യു. പി. എസ് പുരോഗതി നേടി വരുന്നു. പ്രൈമറി വിദ്യാലയങ്ങളിലെ പഠനനിലവാരം വേണ്ടത്ര മെച്ചമെന്നു പറഞ്ഞുകൂടാ. കൂട്ടത്തിൽ ആഞ്ഞിലിത്താനം മോഡൽ എൽ. പി. സ്ക്കൂളും, എൽ. വി. എൽ. പി. എസ്സും മികച്ചു നിൽക്കുന്നു. അദ്ധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിച്ചാൽ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്താനാവും.

ഗ്രാമത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. എന്നാൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥിനികൾ കുറഞ്ഞു കാണുന്നു. ആകെ പഠനം നടത്തുന്ന 2486 വിദ്യാർത്ഥികളിൽ പെൺകുട്ടികൾ 1084 മാത്രമാണ്. ഇത് ആൺകുട്ടികളെക്കാൾ 316 കുറവാണ്. പ്രൈമറി സ്കൂൾ തലം കഴിഞ്ഞാൽ പെൺകുട്ടികളെ കോൺവെന്റു സ്കൂളുകളിലയ്ക്കാനാണ് രക്ഷകർത്താക്കൾ താല്പര്യം കാണിക്കുന്നത്. എൽ. പി. വിഭാഗത്തിൽ 49.75%, യു. പി. വിഭാഗത്തിൽ 37.58%, ഹൈസ്ക്കൂൾ വിഭാഗത്തിൽ 41.38%, മൊത്തം 43.6%, എന്ന നിരക്കിലാണ് ഈ ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ നില. പഞ്ചായത്തിൽ പെൺകുട്ടികൾക്കു മാത്രമായുള്ള ഒരു വിദ്യാലയം ഉണ്ടായാൽ ഈ സ്ഥിതിക്കു മാറ്റം ഉണ്ടാവും.

പട്ടികജാതി പട്ടിക വർഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ പുരോഗതി കാണുന്നുണ്ട്. ശതമാന കണക്കിൽ പരിശോധിച്ചാൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ 28% വും, യു. പി. വിഭാഗത്തിൽ 22.2%ഉം, എൽ. പി. വിഭാഗത്തിൽ 16.7%ഉം എന്നു കാണാം. ഇത് അനുക്രമമായി കുറഞ്ഞുവരുന്നതായി കാണുന്നു. ഇത് ഈ വിഭാഗത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ കുറവല്ല മറിച്ച് ഈ വിഭാഗത്തിൽ നിന്നും വളരെയധികം വിദ്യാർത്ഥിനികൾ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കു പോവുന്നതുകൊണ്ടാണ്. മുൻകാലങ്ങളിൽ ഗ്രാമത്തിൽ തന്നെ ഉണ്ടായിരുന്ന വിദ്യാലയങ്ങളെ മാത്രമാണ് ഈ വിഭാഗത്തിലുള്ളവരും മറ്റു പിന്നോക്കവർഗക്കാരും ആശ്രയിച്ചിരുന്നത്. ഇന്ന് ആ സ്ഥിതിക്കു മാറ്റം വന്നതായി കാണുന്നു. ഭൗതിക സാഹചര്യങ്ങളിൽ രക്ഷകർത്താക്കൾക്കുണ്ടായ വളർച്ചയാണ് ഇതു കാണിക്കുന്നത്. അതുപോലെ കൊഴിഞ്ഞുപോക്കും തീരെ ഇല്ലാതായിരിക്കുന്നു. 96-97 വിദ്യാലയ വർഷത്തിൽ പട്ടികജാതി പട്ടിക വർഗത്തിൽ നിന്നും 541 വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നു. 541 വിദ്യാർത്ഥികൾ പഠിക്കുന്നതിൽ ഒന്നാം ക്ലാസ്സിൽ നിന്നും ഒരു വിദ്യാർത്ഥി മാത്രം പഠനം നിർത്തിയതായി റിപ്പോർട്ടു സൂചിപ്പിക്കുന്നു. വിദ്യാഭ്യാസ കാര്യത്തിൽ രക്ഷകർത്താക്കൾ കൂടുതൽ ശുഷ്കാന്തി കാണിക്കുന്നുണ്ട്. ആകെ പഠനം നടത്തുന്ന വിദ്യാർത്ഥികളിൽ 21.76% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ പ്രതിനിധീകരിക്കുന്നു.

സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരിൽ 10% ത്തിൽ താഴെ മാത്രം ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠനം നടത്തുന്നു. ബാക്കിയുള്ള തൊണ്ണൂറു ശതമാനത്തിനും ഉപരിപഠനത്തിന് വേണ്ടി ഗ്രാമത്തിനു പുറത്തു പോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ഐറ്റിഐകളോ, ഉപരിപഠനത്തിനുള്ള കോളേജുകളോ ഗ്രാമത്തിലില്ല. ഗ്രാമവാസികൾക്ക് കുട്ടികളെ ദൂരെ സ്ഥലങ്ങളിൽ വിട്ടു പഠിപ്പിക്കാനുള്ള സൗകര്യം കുറവാണ്. ഈ പോരായ്മകൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

എല്ലാ വിദ്യാലയങ്ങളിലും രക്ഷാകർത്തൃസമിതികളും മാതൃസംഘങ്ങളും സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സാധാരണ വിദ്യാലയങ്ങളോട് രക്ഷകർത്താക്കൾക്കുള്ള മതിപ്പ് പൊതുവെ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്.

## ആവശ്യങ്ങളും നിർദ്ദേശങ്ങളും

- കുന്നന്താനം ഡി. വി. എൽ. പി സ്ക്കൂൾ, വള്ളമല എസ്. എ. എൽ. പി. എസ്, കുന്നന്താനം സെന്റ് മേരീസ് ഹൈസ്ക്കൂൾ, ആഞ്ഞിലിത്താനം SALP, ആഞ്ഞിലിത്താനം UPS എന്നിവിടങ്ങളിലെ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. മറ്റു വിദ്യാലയത്തിലും കുടി വെള്ള പ്രശ്നമുണ്ട്. പൈപ്പു ലൈൻ എൽ. വി. എൽ. പി. എസ് അടക്കം എല്ലാ വിദ്യാലയങ്ങളിലേക്കും നീട്ടിക്കൊടുത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കണം.
- ആഞ്ഞിലിത്താനം മോഡൽ ന്യൂ. എൽ. പി. സ്കൂളിന്റെ കെട്ടിടം വളരെ പഴക്കമുള്ളതാണ്. ഏതു സമയത്തും നിലംപതിക്കുന്ന സ്ഥിതിയിലാണ് മേൽക്കൂര. എത്രയും വേഗം പുതുക്കിപ്പണിയണം.
- ആഞ്ഞിലിത്താനം ന്യൂ. എൽ. പി. സ്കൂൾ, കുന്നന്താനം എൽ. പി. സ്കൂൾ എന്നിവയുടെ ഭൂമി സംരക്ഷിക്കണമെങ്കിൽ മതിൽ കെട്ടി സംരക്ഷിക്കണം. അതുപോലെ കുന്നന്താനം എൽ. വി. എൽ. പി. സ്കൂൾ, ഡി. വി. എൽ. പി. സ്കൂൾ, കുന്നന്താനം എൽ. വി. എൽ. പി. സ്കൂൾ, ഡി. വി. എൽ. പി. സ്കൂൾ, കുന്നന്താനം എൽ. പി. സ്കൂൾ, ആഞ്ഞിലിത്താനം മോഡൽ സ്കൂൾ എന്നിവയ്ക്കു ചുറ്റും മതിൽ കെട്ടേണ്ടതാണ്.
- കുന്നന്താനം കേന്ദ്രമാക്കി നല്ല നിലയിൽ പ്രവർത്തിക്കുന്ന എസ്. എൻ. ഇംഗ്ലീഷ് മീഡിയം സ്കൂളാണ് ഗ്രാമത്തിലെ ഏക ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ. ഭൗതിക സാഹചര്യങ്ങൾ എല്ലാമുള്ള, മിതമായ ഫീസ് വാങ്ങുന്ന ഈ വിദ്യാലയത്തിൽ ഇവിടുത്തെ പാവപ്പെട്ടവരുടെ കുട്ടികളാണ് അധികവും പഠനം നടത്തുന്നത്. പ്രസ്തുത വിദ്യാലയത്തിന് സർക്കാർ അംഗീകാരം കൊടുക്കണം.
- ഉപരിപഠനത്തിന് ഉതകുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഗ്രാമത്തിലില്ല. തൊഴിൽ പരിശീലനം ലഭിക്കുമാറ് സെന്റ് മേരീസ് ഗവ. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കേണ്ടതാണ്.
- കുന്നന്താനം എൽ. എസ്. എസ്, സെന്റ് മേരീസ് ഗവ. ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കണം.
- കുന്നന്താനം കേന്ദ്രമാക്കി ഒരു ഐ. ടി. ഐ. തുടങ്ങിയാൽ ഗ്രാമത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരനുഗ്രഹമായിരിക്കും.
- വിദ്യാലയങ്ങളിൽ കളിസ്ഥലത്തിന്റെ അപര്യാപ്തത വളരെയുണ്ട്. അതു പരിഹരിക്കണം. പഞ്ചായത്തു കളിസ്ഥലം ഉപയോഗയോഗ്യമാക്കിത്തീർക്കണം.
- ഇന്ന് വിദ്യാലയങ്ങളിൽ കാര്യക്ഷമമായ പരിശോധന നടക്കുന്നില്ല. ഇതു മാറണം. സ്കൂൾ ഇൻസ്പക്ഷൻ കാര്യക്ഷമമായും കൃത്യമായും നടത്തണം.
- വിദ്യാലയങ്ങളിൽ കലാകായികദ്ധ്യായനം കാര്യക്ഷമമായി നടക്കുന്നില്ല. കലാകായികാദ്ധ്യാപകരെ നിയമിച്ച് ആ കുറവു പരിഹരിക്കണം.
- പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ട നടപടി ഉണ്ടാവണം.
- നേഴ്സറി സ്കൂളിനുവേണ്ടി ആഞ്ഞിലിത്താനത്ത് വാങ്ങിയ ഭൂമിയിൽ കെട്ടിടം പണിത് സ്കൂൾ എത്രയും വേഗം ആരംഭിക്കണം.
- ഈ ഗ്രാമത്തിൽ സർക്കാർ ഗ്രാന്റ് ലഭിക്കുന്ന നാലു ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. മാന്താനം എം. എൽ. പി. എം. വായനശാലയ്ക്ക് സ്വന്തമായി സ്ഥലമുണ്ട്. കെട്ടിടമില്ല. മറ്റു മൂന്നു വായനശാലയ്ക്കും സ്വന്തം കെട്ടിടമുണ്ട്. എം. എൽ. പി. എം. വായനശാലയ്ക്ക് ഒരു കെട്ടിടം നിർമ്മിക്കേണ്ടതാണ്.
- അഞ്ചാം വാർഡിൽ വായനശാല പണിയാൻ നല്കിയ സ്ഥലത്ത് കെട്ടിടം പണിയണം.
- അക്ഷരമറിയാത്തവർ എല്ലാ വാർഡുകളിലും വളരെ പരിമിതമായിട്ടാണെങ്കിലും ഉണ്ട്. തുടർ വിദ്യാഭ്യാസം നൽകണം. സാക്ഷരതാ പ്രവർത്തനത്തിന് വായനശാലകൾ കേന്ദ്രങ്ങളായാൽ കൂടുതൽ പ്രയോജനപ്പെടും. വായനശാലകൾ

കേന്ദ്രീകരിച്ച് തുടർ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കണം.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ ചെയ്യാവുന്ന ചില നിർദ്ദേശങ്ങൾ

- പഠനനിലവാരം മെച്ചപ്പെടുത്തുക.
- വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കാം.
- മേലധികാരികളുടെ പരിശോധന ഫലപ്രദവും കാര്യക്ഷമവും ആക്കുക.
- പഞ്ചായത്തു സമിതികളുടെ മേൽനോട്ടത്തിൽ ഓരോ സ്കൂൾ പി. റ്റി. എ യും വിളിച്ച് ചേർത്ത് പഠന നിലവാരത്തെക്കുറിച്ച് ചർച്ച നടത്തി, ചർച്ചയിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക.
- പാഠ്യേതര പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും കാര്യക്ഷമമായി നടക്കുന്നുണ്ടെന്നുറപ്പുവരുത്തുക.
- വിദ്യാർത്ഥികൾക്കാവശ്യമായ ടെസ്റ്റ് ബുക്കുകൾ യഥാസമയം ലഭ്യമാക്കുക.
- ഉച്ചക്കഞ്ഞി വിതരണം സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുക.
- മേൽപറഞ്ഞ കാര്യങ്ങൾ ശ്രദ്ധയോടുകൂടി നടപ്പാക്കിയാൽ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.







## 5-5

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം, ചുറ്റുപാടുകൾ എന്നിവയാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയിൽ 50%ൽ അധികം രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

കുന്നന്താനം ഗ്രാമപഞ്ചായത്തു കുന്നുകളാലും താഴ്വരകളാലും അനുഗ്രഹീതമായ ഒരു പ്രദേശമാണ്. വേനൽക്കാലത്ത് എല്ലാ വാർഡുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. വേനൽക്കാലത്ത് കുന്നിൻ മുകളിലും ചെരിവു പ്രദേശങ്ങളിലും താമസിക്കുന്ന നിവാസികൾ അനേകം മൈലുകൾ കാൽനടയായി പോയി വേണം കുടിവെള്ളം ശേഖരിക്കുവാൻ. അതുപോലെ വേനൽക്കാലങ്ങളിൽ പൈപ്പ് ലൈനുകളിൽ മിക്കതിലും ജല വിതരണം ശരിയായി ഉണ്ടാവില്ല. പൊതു കിണറുകൾ മിക്കതും വറ്റിവരളുകയും കുഴൽ കിണറുകളിൽ ജലം ലഭ്യമല്ലാത് വരികയും ചെയ്യുന്നു.

## ശുദ്ധജല സ്രോതസ്സുകൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വേനൽകാലത്തു ജല ദൗർലഭ്യം അനുഭവപ്പെടുന്നു. പ്രത്യേകിച്ച് 3, 4, 5 വാർഡുകളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

## ചെറുകിട ശുദ്ധജല പദ്ധതികൾ

പട്ടിക-1

ശുദ്ധജല സ്രോതസ്സുകൾ

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്ത് | | |
| 6 | 7 | 3160 | 943 | 8 | 4123 |

പട്ടിക -2

KWA പദ്ധതികൾ

| മൊത്തം ടാപ്പുകൾ | സ്വകാര്യ ടാപ്പുകൾ |
|---|---|
| 134 | 7 |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| 1 | ഏലിയാസ് കവല, ഒട്ടിയക്കുഴി റോഡ്, മുണ്ട ക്കമൺഭാഗം, മണിയങ്ങാട്ടു പടി | നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക യും, മറ്റിടങ്ങളിൽ കുഴൽ ക്കിണറുകൾ നിർമ്മിക്കുകയും ചെയ്യുക. |
| 2 | വെള്ളാംപൊയ്ക, അമ്പലപ്പറമ്പ് കോളനി, പുന്നമണ്ണിൽ വേലമ്പറമ്പ് പോളയിൽ ഭാഗം, പുളിന്താനം മാവേലിപ്പടി, ചെങ്ങന്നൂർ ചിറ | വെള്ളാം പൊയ്കയിലെ ഉപയോഗ ശൂന്യമായ കുഴൽക്കിണർ നന്നാക്കുക യും പുതുക്കി പി. വി. സി. പൈപ്പ് മാറ്റി യിടുകയും ചെയ്യുക. അതുപോലെ പുതിയ പുതിയ കുഴൽ കിണറുകളും പൈപ്പ് ലൈനുകളും സ്ഥാപിക്കുക. |
| 3 | കല്യള്ളുങ്കൽ പ്പടി, ചിറവക്കാട് പടി പഞ്ചാ യത്തു റോഡ് ഭാഗം, കുറവങ്കര ഭാഗം, വട ക്കേപ്പറമ്പിൽ ഭാഗം, പള്ളിനിലം ഭാഗം, കാഞ്ഞിരത്താമണ്ണം | ഈ മേഖലയിൽ കുഴൽക്കിണറുകൾ കുഴിക്കുകയും അതുപോലെ വറ്റിവരണ്ടു കിടക്കുന്ന പൊതുക്കിണറുകൾ ആഴ ത്തിൽ കുഴിച്ച് വെള്ളത്തിന്റെ ലഭ്യത ഉറ പ്പുവരുത്തുക. കല്ലുങ്കൽപ്പടി ചിറവക്കാട് പടി പഞ്ചായത്തു റോഡിൽ കൂടി ഹൗസ് കമ്മീഷനു സൗകര്യമായി പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 4 | പുളിന്താനം, കനകക്കുന്ന്, പാലയ്ക്കാത്തകി ടി, മുക്കൂർ, ചേലയ്ക്കൽ, വടവന, പുന്നമണ്ണ് | നിലവിലുള്ള പൈപ്പ് ലൈനിൽ കൂടി വേന ൽക്കാലത്തു കുടിവെള്ളം ലഭ്യമാക്കുക. അതുപോലെ കേടു വന്ന പൈപ്പ് ലൈൻ അറ്റകുറ്റപ്പണി ചെയ്യുക. വാർഡ് മൂന്നും നാലും പൊതുവായ ചെറിയ ശുദ്ധജല പദ്ധതി ഉണ്ടാകുന്നതു പ്രശ്നത്തിനു വലിയ ഒരു പരിഹാരമാർഗ്ഗമായിരിക്കും. |
| 5 | പാറാങ്കൽ കോളനി, അഴകന്താനം, വള്ളിക്കാ ട്, മുണ്ടുകുഴി | പാറാങ്കൽ കോളനിയിൽ പൊതു കിണർ. കുഴൽ കിണറുകൾ എന്നിവ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുക. മറ്റു സ്ഥലങ്ങ ളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 6 | മുക്കട ഹരിജൻ കോളനി, മാന്താനം, അമ്പല പ്പടി റോഡിൽ കാണിക്കാ മണ്ഡപം മുതൽ പൂച്ചവാൽ വരെയുള്ള ഭാഗം | കോളനിയിൽ നിലവിലുള്ള പൈപ്പു ലൈൻ നീട്ടുകയും ജല വിതരണം ഉറപ്പു വരുത്തുകയും ചെയ്യുക. മാന്താനം അമ്പ ലപ്പടി റോഡിലെ കാണിക്ക മണ്ഡപം മുതൽ പൂച്ചവാൽ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുക. പൂച്ചവാൽ പ്രദേശത്ത് ഒരു കുളം കുഴിച്ച് ജല ലഭ്യത ഉറപ്പുവരുത്താ വുന്നതാണ്. |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| 7 | കട (മുക്കട), പാറങ്കൽപടി, മുള്ളൻകുഴി, പൊയ്കയിൽ പടി, ഓവിൽ പാമല (CVL Estmate) | കുഴൽ ക്കിണറുകൾ സ്ഥാപിക്കുയോ ആണ് പരിഹാരമാർഗ്ഗമായിട്ടുള്ളത്. |
| 8 | കോലത്തുമല, വാഴേനാൽ പടി, വലിയ മണ്ണ് | നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയും കുഴൽ ക്കിണറുകൾ സ്ഥാപിക്കുകയും ചെയ്യുക. മാർക്കറ്റിൽ ഉള്ള പൊതു കിണർ വൃത്തിയാക്കി ഉപയോഗ യോഗ്യ മാക്കുക. |
| 9 | പാമല പാറപ്പാട്, മാലക്കാട് | പൈപ്പ് കണക്ഷനും പ്രത്യേകിച്ചു പാമല പാറപ്പാട്ട് മാലക്കാട് പ്രദേശങ്ങളിൽ കുഴൽ കിണറുകളും സ്ഥാപിക്കുക. |

ഒന്നാം വാർഡിൽ ഇടപ്പുരയ്ക്കൽ കുളത്തിൽ പമ്പ് സ്ഥാപിക്കുക. കുളങ്ങൾ കുഴിച്ച് വെള്ളം ഓവർ ഹെഡ് ടാങ്കുകളിൽ നിറച്ച് നിലവിലുള്ള പൈപ്പ് ലൈനുകളിൽ കൂടി വെള്ളം എത്തിക്കുക.

## ഇടത്തരം ശുദ്ധജല പദ്ധതികൾ

മൂന്നാം വാർഡിലെ ജലസ്രോതസ്സുകളായ കുറവക്കര, കുതിരവട്ടം ഭാഗങ്ങളിൽ കുളം കുഴിച്ച് ഉയർന്ന പ്രദേശത്തു ഓവർ ഹെഡ് ടാങ്കുകളിൽ വെള്ളം സംഭരിച്ച് പൈപ്പ് ലൈൻ മുഖേന. മൂന്നാം വാർഡിലെ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാവുന്നതാണ്. പൊതുജന പങ്കാളിത്തത്തോടു കൂടി നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് ഇത്. ഉയർന്ന പ്രദേശത്ത് സ്റ്റോറേജ് ടാങ്ക് നിർമ്മിക്കാൻ കഴിയുന്നതിനാൽ ചെലവു ഒരു പരിധി വരെ കുറയ്ക്കാവുന്നതാണ്.

## പഞ്ചായത്തു തല പദ്ധതി

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ അഞ്ചാം വാർഡിലെ ഉമിക്കുന്നിൽ, സമുദ്രനിരപ്പിൽ നിന്നും ഏകദേശം 80 മീറ്റർ ഉയരമുള്ള ഈ സ്ഥലത്ത് ഒരു വലിയ സ്റ്റോറേജ് ടാങ്ക് കെട്ടി അതിന്റെ അടിവാരത്തുള്ള ജലസ്രോതസ്സുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്തു മേൽ പ്രസ്താവിച്ച ടാങ്കിൽ സംഭരിച്ച് കുന്നന്താനം ഗ്രാമപഞ്ചായത്തു മുഴുവൻ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാവുന്നതാണ്. പഞ്ചായത്തിലെ 1, 2, 4, 5, 6, 7 എന്നീ വാർഡുകൾക്ക് വളരെ പ്രയോജനം ചെയ്യും.

ഉമിക്കുന്നു 80 മീറ്റർ ഉയരമുള്ള ഒരു സ്ഥലമായതിനാൽ ഓവർ ഹെഡ് സ്റ്റോറേജ് ടാങ്ക് ഉണ്ടാക്കാതെ ഗ്രൗണ്ട് ലെവൽ സ്റ്റോറേജ് ടാങ്ക് കെട്ടി വെള്ളം സംഭരിക്കുവാൻ സാധിക്കുന്നതാണ്. ഇതിലും താഴ്ന്ന പ്രദേശങ്ങളായ പഞ്ചായത്തിലെ ഇതര വാർഡുകളിൽ ശുദ്ധജലം എത്തിക്കുവാൻ വളരെ പരിയാപ്തമായ ഒരു പദ്ധതിയാക്കി മാറ്റാവുന്നതാണ്.

## ആരോഗ്യം

1973-74 കാലയളവിലാണ് പഞ്ചായത്തിൽ ഒരു ഗവ. ആയുർവേദ ആശുപത്രി തുടങ്ങിയത്. അതുവരെയും ഈ മേഖലയിൽ കൂടുതലായും ആശ്രയിച്ചിരുന്നത് പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ്. ചികി

ത്സാ രംഗത്തും ചില അന്ധ വിശ്വാസങ്ങൾ വച്ചു പുലർത്തിയിരുന്നു. ചരടു ജപിച്ചു കെട്ടുക, വഴിപാടു നടത്തുക എന്നിവ ഒരു പരിധി വരെ ഇപ്പോഴും തുടരുന്നുണ്ട്.

ആധുനിക ശാസ്ത്രവും, ചികിത്സാ രീതികളും പുരോഗമിച്ച ഈ കാലഘട്ടത്തിലും പഞ്ചായത്തിൽ ആരോഗ്യരംഗത്തു എടുത്തു പറയത്തക്ക പുരോഗതി ഉണ്ടായിട്ടില്ല. 1987-88 കാലയളവിൽ ആണ് പഞ്ചായത്തിൽ ഒരു ഗവ. പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിച്ചത്. മൂന്നു സബ് സെന്ററുകൾ (മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ) ആയൂർവേദ - അലോപ്പതി രംഗത്ത് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ രണ്ടു സ്ഥാപനങ്ങളും പഞ്ചായത്തിന്റെ ഒരു ഭാഗത്തായതുകൊണ്ട് മുഴുവൻ ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അടിയന്തിരമായി സർക്കാർ തലത്തിൽ ഒരു ഹോമിയോ ആശുപത്രി ഉണ്ടാകേണ്ടിയിരിക്കുന്നു.

സർക്കാർ - സ്വകാര്യ മേഖലകളിലെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം പഞ്ചായത്തിന്റെ ആരോഗ്യരംഗത്തു കാര്യമായ ഒരു മാറ്റവും ഉണ്ടാകാൻ സാധിച്ചിട്ടില്ല. അതിനാൽ ഈ മേഖലയിൽ വളരെയധികം വികസന പ്രവർത്തനങ്ങൾ നടക്കേണ്ടതായിട്ടുണ്ട്.

## സ്ഥാപനങ്ങളും സേവനങ്ങളും

കുന്നന്താനം ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ - 1

ആയൂർവേദ ആശുപത്രി - 1

മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ - 3

ഇവയിലെല്ലാം കൂടി 17 ജീവനക്കാർ ഉണ്ട്.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. അതുപോലെ അത്യാവശ്യ മരുന്നുകളും ലഭിക്കുന്നില്ല അതുപോലെ പ്രവർത്തനം തൃപ്തികരമല്ല. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകേണ്ടതായിട്ടുണ്ട്. പി. എച്ച്. സി. യിലേക്കുള്ള വഴി സഞ്ചാരയോഗ്യമാക്കേണ്ടതും ഉണ്ട്. എട്ടു കിടക്കൾക്കുവേണ്ടി എം. പി. സ്കീമിൽ അനുവദിച്ച കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. അതു തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ശിശുക്ഷേമ പ്രവർത്തകർ വീടുകളിൽ കയറി പകർച്ചവ്യാധികളെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്.

ആയൂർവേദ ആശുപത്രിയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണെങ്കിലും, ആവശ്യത്തിനുള്ള കൂടുതൽ മരുന്നുകൾ ലഭ്യമാകേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയുടെ അഭാവം കാര്യമായിട്ടുണ്ട്. അതിനുവേണ്ട കൂട്ടായ പരിശ്രമം സർക്കാരിൽ ചെലുത്തേണ്ടതാണ്.

## കക്കൂസ്

പൊതു ജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിനാൽ പരിസര

പട്ടിക (ആരോഗ്യം) 1

### പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം കുന്നന്താനം | VI | 1987-88 | 10 |
| 2 | ആയൂർവേദ ആശുപത്രി അമ്പലത്തുങ്കൽ | V | 1973-74 | 4 |
| 3 | മാതൃശിശു സംരക്ഷണ കേന്ദ്രം ആഞ്ഞിലിത്താനം | IX | - | 1 |
| 4 | മാതൃ ശിശു സംരക്ഷണ കേന്ദ്രം പാലയ്ക്കാത്തകിടി | IV | - | 1 |
| 5 | മാതൃ ശിശു സംരക്ഷണ കേന്ദ്രം അമ്പലത്തുങ്കൽ | II | - | 1 |

**പട്ടിക -2 (IRDP സർവ്വെ പ്രകാരം)**

| വാർഡ് | കക്കൂസുകളുടെ എണ്ണം |
|---|---|
| 1 | 91 |
| 2 | 74 |
| 3 | 83 |
| 4 | 64 |
| 5 | 72 |
| 6 | 87 |
| 7 | 65 |
| 8 | 79 |
| 9 | 75 |

ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 690 വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ആയതിനാൽ ഇതുമൂലമുള്ള രോഗങ്ങൾ താരതമ്യേന കൂടുതലായി കണ്ടുവരുന്നു.

പഞ്ചായത്തിലെ വിവിധ കോളനികളിൽ മലമൂത്രവിസർജ്ജനത്തിനുള്ള സ്ഥിരമായ സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അടിയന്തിരമായി കക്കൂസ് നിർമ്മിച്ചുകൊടുക്കേണ്ടവരുടെ വിവരം താഴെ പറയും പ്രകാരമാണ്.

ആരോഗ്യ പരിപാലനത്തിൽ ഏറ്റവും പ്രധാന ഘടകമായ ശുചിത്വം എന്നുള്ള കാര്യത്തിൽ ബോധവൽക്കരണം ഒരു പരിധി വരെ ഒരുപാധിയാണ്. കുന്നന്താനം ഗ്രാമപഞ്ചായത്തിലെ പൊതു മാർക്കറ്റുകളായ മാന്താനം, ആഞ്ഞിലിത്താനം എന്നിവിടങ്ങളിൽ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമാണ്.

## പരിസര ശുചിത്വം

വ്യവസായികമായി ഒന്നും തന്നെ എടുത്തു പറയ തക്കതായി ഈ പഞ്ചായത്തിൽ ഇല്ല എന്നുള്ളതുകൊണ്ടു പരിസര മലനീകരണം ഗുരുതരമല്ല. എന്നാൽ തന്നെയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുചീകരണത്തിന്റെ അഭാവം മൂലമുള്ള പ്രശ്നങ്ങൾ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ പൊതു മാർക്കറ്റുകളായ മാന്താനം, ആഞ്ഞിലിത്താനം എന്നിവിടങ്ങളിൽ ചപ്പു ചവറുകൾ, മാലിന്യങ്ങൾ നിത്യേന നീക്കം ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുന്നതിനുവേണ്ടി പഞ്ചായത്തിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കാവുന്നതാണ്.

അതുപോലെ തന്നെ പഞ്ചായത്തിലെ മൂന്നാം വാർഡിലെ കാരയ്ക്കാട് കോളനിക്കു സമീപമുള്ള തോട്ടിൽ മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതുമൂലം പകർച്ച വ്യാധികൾ ഉണ്ടാകാൻ സാദ്ധ്യത വളരെ കൂടുതലാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പാഴ്ജലം പലയിടത്തും കെട്ടികിടക്കുന്നതുമൂലം അവിടങ്ങളിൽ കൊതുകു വളരുന്നതിനു കൂടുതൽ സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിലും സത്വര ശ്രദ്ധ പതിയേണ്ടതാണ്.

# പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ.

## പൊതു ശ്മശാനം

പഞ്ചായത്തിലെ മുക്കട കോളനിയിൽ ഉള്ള പൊതു ശ്മശാനത്തിന്റെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ശുചിത്വം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ കോളനികൾ കൂടുതൽ ഉള്ള വാർഡുകളിൽ കേന്ദ്രീകരിച്ചു പൊതു ശ്മശാനത്തിനു അനുയോജ്യമായ സ്ഥലം കണ്ടത്തേണ്ടതാണ്. പൊതുവേ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന ഒരു ആവശ്യം പൊതു ശ്മശാനം ആവശ്യമാണ് എന്നതാണ്.

## വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. അതുപോലെ വയോജനങ്ങൾ സൗജന്യമായി ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് മക്കളിൽ നിന്നും മറ്റും സംരക്ഷണവും സഹായവും ലഭി

| വാർഡ് | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|
| 1 | ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല | ആയൂർവേദ ക്ലിനിക്ക് | വാർഡിന്റെ ആരോഗ്യ രംഗത്തെ സർവ്വോതോന്മുഖമായ വികസനത്തിനു വാർഡിൽ ഏതെങ്കിലുമൊരു ആരോഗ്യ സ്ഥാപനം തുടങ്ങണം. |
| 2 | മാതൃശിശു സംരക്ഷണ കേന്ദ്രം, അമ്പലത്തുങ്കൽ | ഒരു അലോപ്പതി ആശുപത്രിയുണ്ട | ശിശു ക്ഷേമ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക. |
| 3 | ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല | അലോപ്പതി ക്ലിനിക് | ആരോഗ്യ മേഖലയിൽ ഒരു സബ്സെന്റർ ആരംഭിക്കുക. |
| 4 | മാതൃ ശിശു സംരക്ഷണ കേന്ദ്രം, പാലയ്ക്കാത്തകിടി | ഒരു ഹോമിയോ ഡിസ്പെൻസറി | രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം. ഒരു കുടുംബക്ഷേമ കേന്ദ്രം ആരംഭിക്കേണ്ടതാണ്. |
| 5 | ആയൂർവേദ ആശുപത്രി അമ്പലത്തുങ്കൽ | ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല | ആയൂർവേദ ആശുപത്രിക്ക് വിപുലീകരണ സാദ്ധ്യത കൂടുതലായിട്ടുണ്ട്. പത്ത് പേരെ (രോഗികളെ) കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ നിലവിൽ ഉണ്ട്. പക്ഷെ കിടത്തി ചികിത്സയില്ല. അതുപോലെ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തണം. ഒരു കുടുംബക്ഷേമ കേന്ദ്രം കൂടി ആരംഭിക്കണം. |
| 6 | പ്രൈമറി ഹെൽത്ത് സെന്റർ കുന്നന്താനം | ഒരു ദന്താശുപത്രിയുണ്ട് | പഞ്ചായത്തിലെ ഏക അലോപ്പതി ആശുപത്രിയായ ഇതിനു വളരെയധികം വികസന സാദ്ധ്യതയുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വേണ്ടി പണി പൂർത്തിയായി കിടക്കുന്ന വാർഡുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുകയും ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുകയും വേണം. PHC ലേയ്ക്കുള്ള വഴി ഗതാഗത യോഗ്യമാക്കണം. |
| 7 | സ്ഥാപനങ്ങൾ ഒന്നുമില്ല | ഒരു അലോപ്പതി ക്ലീനിക് ഉണ്ട് | അത്യാവശ്യമായി ഈ വാർഡിൽ ഒരു സർക്കാർ ഹോമിയോ ആശുപത്രിയും ഒരു കുടുംബ ക്ഷേമ കേന്ദ്രവും ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതുപോലെ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനം അനിവാര്യമായ മേഖലയുമാണ്. |

| വാർഡ് | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|
| 8 | സ്ഥാപനങ്ങൾ ഒന്നുമില്ല | സ്ഥാപനങ്ങൾ ഒന്നുമില്ല | ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ തുടങ്ങേണ്ട തുണ്ട്. |
| 9 | മാതൃ ശിശു സംരക്ഷണ കേന്ദ്രം | ഒരു ഹോമിയോ ഡിസ്പെൻസറി | വാർഡിൽ അത്യാവശ്യമായി ഒരു അലോപ്പതി ആശുപത്രിയോ ഹോമിയോ ആശുപത്രിയോ ആരംഭിക്കേണ്ടതായിട്ടുണ്ട്. ആരോഗ്യ ബോധവൽക്കരണ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുക. |

ക്കാത്തവർക്ക് താമസം, ആഹാരം, വസ്ത്രം, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ സൗജന്യമായി ലഭിക്കത്തക്കവിധം പൊതുവായ രക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക.

## ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്തു വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. അടിയന്തിരഘട്ടങ്ങളിൽ സാമ്പത്തിക പ്രശ്നം കൂടാതെ ചികിത്സാ സൗകര്യം തേടാൻ സഹായകരമായ ഒരു മാർഗ്ഗമാണ് ഇത്. ചികിത്സയ്ക്കു വേണ്ടി വരുന്ന വ്യക്തികളുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം എന്നിവ വേഗത്തിലും കുറ്റമറ്റതും ആക്കാൻ സഹായിക്കും.

രക്തഗ്രൂപ്പു നിർണ്ണയം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഇതിൽ രേഖപ്പെടുത്താവുന്നതാണ്. ആരോഗ്യപ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും ഇതിൽ കൂട്ടാവുന്നതാണ്.

## പാരമ്പര്യ വൈദ്യമേഖല

ആധുനികാ ചികിത്സാ സൗകര്യങ്ങളുടെ ആവിർഭാവത്തോടു കൂടി കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്ന പാരമ്പര്യ വൈദ്യ വിധികൾ പുനരുദ്ധരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എങ്കിലും ഈ മേഖലയെ ഒരു വിഭാഗം ആൾക്കാർ ഇപ്പോഴും ആശ്രയിക്കുന്നുണ്ട് എന്നതു ആശ്വാസകരവും അതുപോലെ എടുത്തു പറയേണ്ടതുമാണ്.

കുന്നന്താനം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പാരമ്പര്യ വൈദ്യ മേഖലയുടെ സ്വാധീനം എടുത്തു പറയേണ്ടതാണ്. ഇപ്പോഴും ഈ മേഖലയും ഗുണഫലങ്ങൾ ഒരു വിഭാഗം പ്രയോജനപ്പെടുത്തുന്നുണ്ട്.

ആയുർവേദ രംഗത്തു ഇന്നനുഭവപ്പെടുന്ന ഒരു പ്രശ്നം ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം ആണ്. അതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ ഔഷധ സസ്യ സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.

പഞ്ചായത്തു നിവാസികളുടെ പൊതുവായ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, മദ്യപാനം, പുകയില കൂട്ടിയുള്ള മുറുക്കാൻ എന്നിവയ്ക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രിക്കേണ്ടതാണ്.

രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വവും ആവശ്യകതയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും പൊതു പ്രവർത്തകരും കൂടി സഹികരിച്ചു പ്രവർത്തിച്ചാൽ നമ്മുടെ പഞ്ചായത്തിനെ ഒരു സമ്പൂർണ്ണ ആരോഗ്യ ശുചിത്വ ഗ്രാമമായി മാറ്റാൻ കഴിയും എന്നതിനു സംശയമില്ല.



5-6

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

## ഗതാഗതം

സുശക്തമായ സംഘടിത ജന ശക്തിയെന്ന് വിശേഷിപ്പിക്കാവുന്ന മനുഷ്യാദ്ധ്വാനം ആണ് നാടിന്റെ പുരോഗതിയെ കൈ പിടിച്ചു ഉയർത്തുന്നത്. നാടിന്റെ വികസനത്തിന് ഗതാഗതം സൗകര്യം അത്യന്താപേക്ഷിതമാണ്. ആ ഒരു യാഥാർത്ഥ്യം മനസ്സിലാക്കിയ പൂർവ്വികരുടെ വിയർപ്പു തുള്ളികളാണ് ഇന്ന് നാം സഞ്ചരിക്കുന്ന പാതകൾ

പഞ്ചായത്തിലെ വാഹന ഗതാഗത യോഗ്യമായ റോഡുകളുടെ ദൂരം 119.2 കി. മീറ്റർ ആണ്. ഒരു ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണത്തിന് ശരാശരി 2.03കി. മീ. റോഡാണ് പഞ്ചായത്തിന്റേത്. സംസ്ഥാന ശരാശരിയായ ഒരു ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണത്തിന് 3.2 കി. മീ. റോഡ് എന്ന ലക്ഷ്യത്തിൽ എത്താൻ നാം ഇനിയും ബഹു ദൂരം സഞ്ചരിക്കണം. നമ്മുടെ പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 20.85 കി. മീറ്റർ ആണ്. ഇതിൽ നിന്നും ഒരു ച. കീ. മീറ്റർ വിസ്തീർണ്ണത്തിന് 1.33 കി. മീറ്റർ മാത്രം. ടാർ റോഡ് ഉള്ളതായി മനസ്സിലാക്കാം. പഞ്ചായത്തിലെ മൊത്തം ജന സംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 140 സെ. മീ. ടാർ റോഡ് മാത്രമേ ഉള്ളൂ.

പഞ്ചായത്തിൽ മുക്കൂർ, ചെങ്ങരൂർ ചിറ, കുന്നന്താനം, മാന്താനം, ആഞ്ഞിലിത്താനം തുടങ്ങിയ കവലകളിൽ ഓട്ടോ, ടാക്സി സൗകര്യങ്ങൾ ഉണ്ട്. നിരവധി ബസ്സുകളും, ജീപ്പ് തുടങ്ങിയവയും സർവ്വീസ് നടത്തി യാത്രാ സൗകര്യം ലഭ്യമാക്കുന്നു.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാ സമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക മണ്ണ് റോഡുകളിലും തൊടുവകൾ തിരിയുകയും, കുഴികൾ രൂപപ്പെടുകയും, അവയിൽ വെള്ളം കെട്ടി നിന്ന് ഗതാഗതം ദുരിത പൂർണ്ണമാകുകയും ചെയ്യുന്നു. റോഡുകൾക്ക് ഓടകൾ ഇല്ലാത്തതും, ആവശ്യാനുസണം സ്ഥലങ്ങളിൽ ചപ്പാത്ത്, കലുങ്ക് എന്നിവ ഇല്ലാത്തതു മൂലവും റോഡുകൾ താറുമാറാകുന്നു. ഫണ്ടുകളുടെ ലഭ്യത കുറവ് എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങ് തടിയാണ്.

## പ്രശ്നങ്ങൾ

### റോഡ് നിർമ്മാണം

1 ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ ഗുണനിലവാരമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. മികച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകളെ കാര്യക്ഷമമാക്കുക എന്നതാണ് അടിയന്തിര പ്രാധാന്യം. അപകട കാരണങ്ങളയി വളവുകൾ, റോഡിന്റെ വീതിക്കുറവ്, കലുങ്കുകളുടെ അപര്യാപ്തത, പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ, ഓടകൾ ഇല്ലായ്മ, ട്രാഫിക് സൈൻ ബോർഡുകൾ, ഗതാഗത സാന്ദ്രത കൂടുതലുള്ള കവലകളിലെ വാഹനങ്ങളുടെ പാർക്കിംഗ്

## പഞ്ചായത്തിലെ പല വാർഡുകൾക്ക് പ്രയോജനം ചെയ്ത് കടന്ന് പോകുന്ന/ മെറ്റൽ/ ടാർ റോഡുകളുടെ വിവരങ്ങൾ

| കോഡ് | റോഡിന്റെ പേര് | ഉടമസ്ഥത | കടന്ന് പോകുന്ന വാർഡ് | ദൂരം കി. മീ. | വീതി മീ. | യാത്രാ സൗകര്യം |
|---|---|---|---|---|---|---|
| PWD 01 | നെടുങ്ങാടപ്പള്ളി - ശാന്തിപുരം | PWD | 3 | 1.000 | 8.00 | Bus route |
| PWD 02 | നെടുങ്ങാടപ്പള്ളി - മുക്കൂർ | PWD | 2, 3, 4 | 5.000 | 8.00 | " |
| | പായ്ക്കത്തെകിടി- ചെങ്ങരൂർ ചിറ | | | | | |
| PWD 03 | പാലയ്ക്കത്തകിടി-പ്ലാചിറ | PWD | 3 | 0.500 | 8.00 | " |
| PWD 04 | പുളിന്താനം - അമ്പലപ്പടി | PWD | | 0.500 | 8.00 | " |
| PT 01 | അമ്പലപ്പടി - കുന്നന്താനം പഞ്ചായത്ത് | | 1.500 | 8.00 | " | |
| PWD 05 | മാന്താനം - പുളിന്താനം | PWD | | 0.910 | 8.00 | " |
| | മല്ലപ്പള്ളി (പനയമ്പാലത്തോട്) | 2 | | | | |
| PWD 06 | മാന്താനം - വെങ്കോട്ട | PWD | - | 0.400 | 8.00 | " |
| PWD 09 | നടയ്ക്കൽ - മുണ്ടയ്ക്കമണ്ണ് | PWD | 1.100 | 8.00 | " | |
| PWD 07 | കീഴടിപാലം - ചെങ്ങരൂർ ചിറ | PWD | | 6.000 | 8.00 | " |
| PWD 08 | മാന്താനം - കുന്നന്താനം | PWD | 3.500 | 8.00 | " | |
| PWD 10 | ആഞ്ഞിലിത്താനം - കവിയൂർ | PWD | | 2.000 | 8.00 | " |

നുള്ള സൗകര്യക്കുറവ് എന്നിവ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇവയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്.

**2 മെറ്റൽ റോഡുകൾ, മൺ റോഡുകൾ, ഇവയുടെ ശോചനീയാവസ്ഥ**

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ ഭൂരിഭാഗവും നിലവിലുള്ള മൺ റോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥയെ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞതും, തൊടുവകളും, കുഴികളും നിറഞ്ഞു താറുമാറായി കിടക്കുന്ന റോഡുകളുടെ അറ്റ കുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കി തീർക്കുന്നതിനുള്ള നടപടി സത്വരപ്പെടുത്തേണ്ടതാണ്. മൺ റോഡുകൾ, മെറ്റൽ ചെയ്ത് ടാർ ചെയ്യാനുള്ള നിർദ്ദേശങ്ങളും നിരവധിയുണ്ട്. ഇവ അനുബന്ധം A-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ഈ പട്ടികയിലെ മുൻഗണനാക്രമം തയ്യാറാക്കിയത് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നാണ്. റോഡുകളുടെ പാർശ്വവശങ്ങൾ കെട്ടി റോഡിനെ ബലപ്പെടുത്താനുള്ള നിർദ്ദേശം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**3 പാലങ്ങളുടെ പുനർനിർമ്മാണം**

ഗതാഗത സാന്ദ്രതയുള്ള തിരുവല്ല-കുന്നന്താനം- മല്ലപ്പള്ളി റോഡിൽ ചെങ്ങരൂർ ചിറയിലെ പാലങ്ങൾ വീതി കൂട്ടി പുതിയവ പണിയുക എന്ന ആവശ്യം നിരവധി വർഷങ്ങളായി നിലനില്ക്കുന്ന ഒന്നാണ്. അടിയന്തിര പ്രാധാന്യത്തോടുകൂടി പരിഹരിക്കേണ്ടതാണ്.

**4 പുതിയ റോഡുകൾ**

മൂശാരികവല - പുളിന്താനം - മാന്താനം റോഡ് (8 മീറ്റർ വീതിയുള്ള)

മുക്കൂർ - വടശ്ശേരി തടം റോഡ് (")

അമ്പലപ്പടി - പ്ലാച്ചിറപ്പടി റോഡ് (")

പട്ടിക -I

## പഞ്ചായത്തിലെ ടാർ റോഡുകൾ

| ക്രമനമ്പർ | | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി. മീ. | വീതി മീ. | യാത്രാ സൗകര്യം |
|---|---|---|---|---|---|---|
| 1. | PWD 01 | നെടുങ്ങാടപ്പള്ളി - ശാന്തിപുരം | PWD1.000 | 8.00 | Bus route | |
| 2. | PWD 02 | നെടുങ്ങാടപ്പള്ളി - മുക്കൂർ | PWD | 5.000 | 8.00 | " |
| | | പായ്ക്കത്തകിടി- ചെങ്ങരൂർ ചിറ | | | | |
| 3. | PWD 03 | പാലയ്ക്കത്തകിടി-പ്ലാചിറ | PWD | 0.500 | 8.00 | " |
| 4. | PWD 04 | പുളിന്താനം - അമ്പലപ്പടി | PWD | 0.500 | 8.00 | " |
| 5. | PWD 06 | മാന്താനം -വെങ്കോട്ട | PWD | 0.400 | 8.00 | " |
| 6. | PUN 01 | അമ്പലപ്പടി - കുന്നന്താനം പഞ്ചായത്ത് | | 1.500 | 8.00 | " |
| 7. | PWD 09 | നടയ്ക്കൽ - മുണ്ടയ്ക്കമണ്ണ് | PWD | 1.100 | 8.00 | " |
| 8. | PWD 07 | കീഴടിപാലം - ചെങ്ങരൂർ ചിറ | PWD | 6.000 | 8.00 | " |
| 9. | PWD 08 | മാന്താനം - കുന്നന്താനം | PWD | 3.500 | 8.00 | " |
| 10. | PWD 10 | ആഞ്ഞിലിത്താനം - കവിയൂർ | PWD | 2.000 | 8.00 | " |

കല്ലുങ്കൽപ്പടി - ചിറക്കാട്ട്പടി റോഡ് (6")

ഈ റോഡുകൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുക എന്ന ആവശ്യം ഗൗരവത്തോടു കൂടി കാണേണ്ടതും, ഗതാഗത യോഗ്യമാക്കി തീർക്കുകയും ചെയ്യേണ്ടതാണ്.

**5** പുതിയ മൺ റോഡുകൾ

പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ ഗ്രാമ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. നിലവിലുള്ള ഇട വഴികൾ മൺ റോഡാക്കി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവ അനുബന്ധം 'B' യിൽ ചേർത്തിരിക്കുന്നു.

**6** റോഡ് ശൃംഖല വ്യാപനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

റോഡ് ശൃംഖല വ്യാപനം നാടിന്റെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുമെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടയാകുന്നു.

പറമ്പുകളുടെ ഇടവഴികൾ വീതി കൂട്ടി മൺ റോഡാക്കിയപ്പോൾ അരികിലുണ്ടായിരുന്ന മരങ്ങൾ വെട്ടി മാറ്റപ്പെട്ടു. വർഷങ്ങളായി തുടർന്നു വന്നിരുന്ന ശ്രമകരമായ വനവൽക്കരണ പ്രകിയയാണ് ഇതിലൂടെ തടസ്സപ്പെട്ടത്. അശാസ്ത്രീയമായ ഈ മര നശീകരണം മൺ റോഡുകളുടെ പാർശ്വവശങ്ങളിലുള്ള ഉയർന്ന പറമ്പുകളിലെ മണ്ണ് ഇടിയുന്നതിന് കാരണമായി. ഇത് മണ്ണൊലിപ്പിന് കാരണമാവുന്നു.

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും മൺ റോഡായി മാറിയ ഇടവഴികൾ വർഷകാലത്ത് അധികമുള്ള വെള്ളം താഴ്ന്ന പ്രദേശത്തിലേക്ക് ഒഴുകിപ്പോവുന്നതിന് സഹായകരമായിരുന്നു. മൺ റോഡുകളുടെ നിർമ്മാണരീതി സ്വഭാവികമായ ഈ ഒഴുക്കിന് തടസ്സമായി. ഇത്തരം റോഡുകളിൽ നീർക്കെട്ടുകൾ ഉണ്ടാവുകയും വർഷകാലത്ത് ഗതാഗതയോഗ്യമല്ലാതായി മാറുകയും ചെയ്യുന്നു.

## സാധ്യതകൾ

നമ്മുടെ കാർഷിക ഉൽപന്നമായ റബർ (റബർപാൽ, റബർഷീറ്റ്) ഉപയോഗിച്ച് പല പല ചെറുകിട, വൻകിട വ്യവസായങ്ങൾ ആരംഭിക്കുക എന്ന ആവശ്യം ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

റബർ തടി process ചെയ്ത് കെട്ടിട നിർമ്മാണത്തിനും, ഫർണിച്ചർ നിർമ്മാണത്തിനും, Plywood നിർമ്മാണത്തിനും ഉപകരിക്കുക വഴി മറ്റ് മരങ്ങൾ ഈ ആവശ്യങ്ങൾക്കായി മുറിച്ച് മാറ്റപ്പെടുന്നത് തടയുന്നതിനും അതു മുഖേന അശാസ്ത്രീയമായി നടന്ന് വരുന്ന മരനശീകരണം തടയുവാനും സാധിക്കുന്നു.

## റോഡ് ഗതാഗതം

### നിർദ്ദേശങ്ങൾ

ഗതാഗതത്തിരക്കുള്ള റോഡുകളിലെ പഴയ വീതി കുറഞ്ഞ കലിങ്കുകൾ ഒട്ടേറെ അപകടങ്ങൾക്ക് കാരണമാവുന്നുണ്ട്. മല്ലപ്പള്ളി-കുന്നന്താനം-തിരുവല്ല റോഡിൽ ചെങ്ങരൂർ ചിറയിലുള്ള പഴക്കം ചെന്നതും വീതി കുറഞ്ഞതുമായ പാലങ്ങൾ ഒട്ടേറെ അപകടത്തിന് വഴി വെട്ടിട്ടുണ്ട്. അടിയന്തര പരിഹാരം നടത്തേണ്ടതുണ്ട്.

Traffic Control-ന്റെ അഭാവം മൂലം അപകടങ്ങൾ ഉണ്ടാകുന്നു. കുന്നന്താനം കവലയിൽ Traffic Police/ Traffic Signalന്റെ സൗകര്യം അനിവാര്യമാണ്.

ചെങ്ങരൂർ ചിറയിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് അത്യാവശ്യമാകുന്നു. ഗതാഗത തിരക്കുള്ള മല്ലപ്പള്ളി-തിരുവല്ല റോഡിലേക്ക് നെടുങ്ങാടപ്പള്ളി. ചെങ്ങരൂർ ചിറ റോഡിൽ നിന്ന് വരുന്ന വാഹനങ്ങൾ പ്രവേശിക്കുമ്പോൾ അപകടം സംഭവിക്കുക പതിവാണ്. ഈ പ്രശ്നം ഗ്രാമസഭയിൽ ഉയർന്നു വന്നതാണ്. ഇത് പരിഗണിക്കപ്പെടേണ്ടതുണ്ട്.

Traffic Sign Board കളുടെ അഭാവം പല ഭാഗത്തും അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. സ്കൂളുകൾ, കോളനികൾ, കവലകൾ, വളവുകൾ, കയറ്റം, ഇറക്കം, ചെറിയ കലുങ്കുകൾ, ചപ്പാത്തുകൾ, Spead Brakerകൾ ചെറിയ റോഡുകൾ etc ഇവ വ്യക്തമാക്കി Indicate board കൾ സ്ഥാപിക്കുക.

റോഡ് പാർശ്വങ്ങളിലെ Auto, Taxi, Tembo, Truck എന്നീ വാഹനങ്ങളുടെ അശാസ്ത്രീയമായ പാർക്കിംഗ് മൂലം അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. കുന്നന്താനം കവലയിലെ Auto- Taxi പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മുശ്ശാരിക്കവല പുളിന്താനം മാന്താനം റോഡ് 8 മീറ്റർ വീതിയുള്ള പഞ്ചായത്ത് ഹൈവേയായി വിശേഷിപ്പിക്കാവുന്ന റോഡാണ്. എത്രയും വേഗം പണി പൂർത്തീകരിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

കല്ലുങ്കൽപ്പടി ചിറവക്കാട് പടി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക. ഈ റോഡിന്റെ കല്ലുങ്കൽപ്പടി മുതൽ ഏകദേശം 25 മീറ്റർ ദൂരം കയറ്റം ഉള്ള ഭാഗം വർഷകാലത്ത് മഴവെള്ളത്തിന്റെ ശക്തിയായ ഒഴുക്കിൽ തൊടുകൾ തിരിഞ്ഞും കുഴികൾ രൂപപ്പെട്ടും അടിയുറവകൾ ഉണ്ടായും ഗതാഗതം ദുരിതപൂർണ്ണമാവുന്നു. പാർശ്വവശങ്ങൾ കെട്ടി റോഡിനെ ബലപ്പെടുത്തുകയും ഓടകൾ തെളിച്ച് കൊടുക്കുകയും വേണം. ഇതു പരിഗണിക്കപ്പെടേണ്ടതുണ്ട്.

മുമ്പുണ്ടായിരുന്ന KSRTC. ബസുകൾ സർവ്വീസുകൾ പുനരാരംഭിക്കേണ്ടതാണ്.

1. തിരുവല്ല പായിപ്പാട് ചെങ്ങരൂർചിറമുക്കൂർ നെടുങ്ങാടപ്പള്ളി മല്ലപ്പള്ളി

2. ചെങ്ങനാശ്ശേരി മുക്കൂർ നെടുങ്ങാടപ്പള്ളി മല്ലപ്പള്ളി.

പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക. ചെങ്ങരൂർ ചിറയിൽ വെയിറ്റിംഗ് ഷെഡു നിർമ്മിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുക.

പുതിയ ബസ്സ് റൂട്ട് ആരംഭിക്കേണ്ട സ്ഥലങ്ങൾ

വെങ്കോട്ട മുക്കൂർ റോഡിന്റെ ഭാഗമായി കുന്നന്താനം ഗ്രാമ പഞ്ചായത്തിലെ 3,4,5, വാർഡുകളെ ബന്ധിപ്പിച്ചു പോകുന്ന vi-ാം വാർഡിലെ സാൽവേഷൻ ആർമി പള്ളിക്കവല ആമ്പാടി മുണ്ടക്കുഴി റോഡിൽ കൂടി ചങ്ങനാശ്ശേരി, മല്ലപ്പള്ളി, തിരുവല്ല എന്നീ ഭാഗത്തേയ്ക്ക് KSRTC Bus services ആരംഭിക്കണം. ഏഴാം വാർഡിലെ മാന്താനം മൈലമൺ SN Colony വഴി ചങ്ങനാശ്ശേരി, മല്ലപ്പള്ളി, തിരുവല്ല എന്നീ ഭാഗങ്ങളിലേക്ക് KSRTC യുടെ പുതിയ Bus സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്.

**മെറ്റൽ റോഡുകളും പ്രധാന മൺറോഡുകളും**

ടാർ ചെയ്യേണ്ട പ്രധാന റോഡുകൾ (വീതി കൂടിയവ)

**മറ്റ് പ്രധാന മൺറോഡുകൾ**

പട്ടിക -3

## ടാർ ചെയ്യേണ്ട റോഡുകൾ (വീതി കൂടിയവ)

| നമ്പർ | വാർഡ് | കോഡ് | റോഡിന്റെ പേര് | കി. മീ. ദൂരം | മീ. വീതി |
|---|---|---|---|---|---|
| 1 | 2 | 0203 | പുളിന്താനം - പനയമ്പലാത്തോട് Rd | 0.910 | 8.00 |
| 2 | 3 | 0301 | കലുങ്കൽ പടി - ചിറവക്കാട് പടി Rd | 1.100 | 6.00 |
| 3 | 4 | 0416 | സാൽവേഷൻ ആർമി - പാറാങ്കൽ പടി -വെങ്കോട്ട Rd | 1.250 | 9.00 |
| 4 | 9 | 0909 | പരുത്തിക്കാട് മണ്ണ് - Govt. 2 ps ആഞ്ഞിലിത്താനം റോഡ് | 2.000 | 6.00 |
| 5 | 9 | 0911 | ചിറയിൽ കുളം വയറ്റാട്ട് മൈലക്കാട് റോഡ് | 0.960 | 6.00 |
| 6 | 9 | 0905 | പൊന്താമല, മൈലക്കാട് പുഴിക്കാല റോഡ് | 1.200 | 6.00 |
| 7 | 9 | 0903 | ആഞ്ഞിലിത്താനം മൈലക്കാട് റോഡ് | 1.300 | 3.50 |
| 8 | 9 | 0904 | ശാബദ്-പാടിപറമ്പിൽ പടി | .600 | |
| 9 | 9 | 0901 | പാമല കുരിശ് - വടശ്ശേരി, മണ്ണിൽ റോഡ് | 0.950 | 4.00 |
| 10 | 8 | 0801 | Post office പടി- പ്ലാന്തോട്ടത്തിൽ പടി | 1.100 | 4.00 |
| 11 | 8 | 0804 | പത്താനത്തുപടി - നെല്ലിമരം | 1.500 | 6.00 |
| 12 | 4 | 0410 | പൊട്ടൻമല - മുക്കൂർ റോഡ് | | |

ഇവയെ പോലെ തന്നെ അടിയന്തിര പ്രാധാന്യത്തോടെ തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുമുണ്ട്. ഓരോ വാർഡിൽ നിന്നും പ്രധാനപ്പെട്ട ഒരു റോഡ് എങ്കിലും തെരഞ്ഞെടുക്കാവുന്ന വിധത്തിൽ മെറ്റൽ ചെയ്ത ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

### പരിസ്ഥിതി പ്രശ്നങ്ങളും സാധ്യതകളും

മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും പാർശ്വസംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഓടകളോ പാർശ്വ സംരക്ഷണ ഭിത്തികളോ ആവശ്യമായ സ്ഥലങ്ങളിൽ അവ നിർമ്മിക്കുമ്പോൾ റോഡുകളുടെ വീതി കുറയ്ക്കാതിരിക്കാൻ കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചുരുങ്ങിയത് 6മീറ്റർ എങ്കിലും വീതി മൺറോഡുകൾക്കോ/ മെറ്റൽ/ ടാർ റോഡുകൾക്കോ ഉണ്ടായിരിക്കേണ്ടതാണ്. ഈ പട്ടികയിൽ പറയുന്ന റോഡുകൾക്ക് പാർശ്വ സംരക്ഷണ ഭിത്തികൾ കെട്ടി റോഡിനെ സംരക്ഷിക്കേണ്ടതാണ് എന്ന് ഗ്രാമ സഭകളിൽ നിന്ന് ഉന്നയിച്ചിട്ടുണ്ട്. അവ മുൻഗണന ക്രമത്തിൽ പരിഹരിക്കേണ്ടതാണ്.

### മണൽ പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കാനുള്ള പുതിയ നിർദ്ദേശം

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും റോഡു നിർമ്മിക്കുന്നതിന് ഇപ്പോൾ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. മണ്ണിട്ടുയർത്തിയും, ഓടകളും, പാർശ്വസംരക്ഷണ ഭിത്തികളും നിർമ്മിക്കാനും, ടാറിംഗ്, മെറ്റലിങ് എന്നിവ നടത്താനും ഭീമമായ തുക ആവശ്യമാണ്. ഈ അവസ്ഥയിലാണ് താഴ്ന്ന പ്രദേശങ്ങളിലെ റോഡ് നിർമ്മാണത്തിന് പുതിയ നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്.

സമ നിരപ്പായ മൺ റോഡ് തയ്യാറാക്കിയ ശേഷം ഒരടി ഘനമുള്ള കരിങ്കൽ ഫലകങ്ങൾ പാകുക എന്നതാണ് ഈ നിർദ്ദേശത്തിന്റെ കാതൽ. ഇതുമൂലം ഓടകളുടെയും പാർശ്വസംരക്ഷണ ഭിത്തികളുടെയും ആവശ്യകത ഒഴിവാക്കുന്നു. അറ്റകുറ്റപ്പണികൾ കുറക്കാൻ കഴിയുന്നു.

### മൺ റോഡുകളുടെ വികസനവും നിർമ്മാണവും

അനുബന്ധം A യിൽ അറ്റകുറ്റപ്പണികൾക്കായി

നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും എത്രയും പെട്ടെന്ന് ശരിയാക്കേണ്ടതാണ്. ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പട്ടിക -3, പട്ടിക -5 എന്നിവയിൽ കാണിക്കപ്പെട്ടുള്ള റോഡുകളുടെ പണികൾ നടത്തേണ്ടതാണ്. അവയ്ക്ക് ശേഷം അനുബന്ധം A-യിൽ നൽകിയിട്ടുള്ള റോഡുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

പൊതു ഫണ്ടുകളിൽ നിന്ന് വാർഡുകളിൽ ചെലവഴിയ്ക്കപ്പെടുന്ന തുക വാർഡിലെ ജന സംഖ്യയ്ക്ക് ആനുപാതികമായ തോതിൽ ആയിരിക്കേണ്ടതാണ്.

ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനത്തിലൂടെയും സംഭാവനകളിലൂടെയും ആവണം.

മിക്കവാറും എല്ലാ ഗ്രാമ സഭകളും ഇക്കാര്യത്തിൽ ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണെന്ന് അറിയിക്കുന്നത് ആശംസകരമാണ്. അനുബന്ധം B-യിൽ പറയുന്ന റോഡുകളുടെ നിർമ്മാണം ഇപ്രകാരം നടത്താവുന്നതാണ്.

## ഊർജ്ജം

കോട്ടയം ജില്ലയിലെ കറുകച്ചാൽ മേജർ ഇലക്ട്രിക്കൽ സെക്ഷൻ, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ, തോട്ടഭാഗം ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിലുള്ള ഏകദേശം 19 LT. Transformer കളിൽ നിന്നാണ് കുന്നന്താനം ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ലഭിച്ചു കൊണ്ടിരിക്കുന്നത്.

പഞ്ചായത്തിലെ ഉപഭോക്താക്കൾ 1 മുതൽ 7 കി. മീ. വരെ കി. മീറ്ററുകൾ അകലെ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ പോയി വേണം കറന്റ് ചാർജ്ജുകൾ അടയ്ക്കേണ്ടതും, പരാതികൾക്ക് പരിഹാരം തേടേണ്ടതും.

ഉപഭോക്താക്കളിൽ 90% ഗാർഹിക ഉപഭോക്തക്കളാണ്. വ്യവസായവ്യാപാരി ഉപഭോക്താക്കൾ 8% ഉം കാർഷിക ഉപഭോക്താക്കൾ 2% ഉം വരും.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിന് വൈദ്യുതി ലഭിച്ചു കൊണ്ടിരിക്കുന്ന LT. Transformsകൾ ഒന്നും തന്നെ അധിക ഭാരം (Out Put) വഹിക്കുന്നവയല്ല.

പക്ഷേ ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെക്കുറിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ മിക്ക ഗ്രാമ സഭയിലും വോൾട്ടേജ് ക്ഷാമ പരിഹാരം അടിയന്തര നടപടിയായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പഴകിയതും ക്ഷമത കുറഞ്ഞതുമായ LT Transformer കൾ മാറി പുതിയതും ക്ഷമത കൂടിയതുമായവ സ്ഥാപിക്കുക.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ് ഫോർമറുകളും അവയുടെ കപ്പാസിറ്റിയുടെയും പട്ടിക ഉൾപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിൽ 12 ട്യൂബുകൾ അടക്കം 1869 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. ഇവയിൽ അധികവും സ്ഥിരമായി കത്താത്തവയാണ്. പരാതികൾക്ക് വൈദ്യുതി ബോർഡ് തെല്ലും വില കല്പിക്കുന്നില്ല. പല പഞ്ചായത്ത് റോഡുകളിലും വഴി വിളക്കുകളുടെ അഭാവം പരിഹരിക്കേണ്ടതാണ്. ഗതാഗത സാന്ദ്രതയുള്ള കവലകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്. വഴി വിളക്കുകൾ അനിവാര്യമായ പഞ്ചായത്ത് റോഡുകളുടെ വിവരം പട്ടിക -2ൽ തിട്ടപ്പെടുത്തിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. വൈദ്യുതി ബോർഡിന്റെ പല ഓഫീസുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന വിഷമങ്ങൾക്ക് പുറമെ ജന പ്രതിനിധികൾക്കും സാമൂഹ്യ പ്രവർത്തകൾക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമം അനുഭവപ്പെടുന്നു.

3. വൈദ്യുതി വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവും മരച്ചില്ലകൾ മുറിയ്ക്കാതിരിക്കുന്നതും ഒരു സ്ഥിരം പ്രശ്നമാണ്.

4. പഞ്ചായത്തിലെ ചില ഹരിജൻ കോളനികൾ വൈദ്യുതികരിക്കാൻ ഉണ്ട്.

5. കെ. എസ്. ഇ. ബി യുടെ രജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ അധികം വൈദ്യുതി ഉപയോഗി

ക്കുന്നു.

6. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

7. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവയും പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നു.

8. ചെങ്ങരൂർ ചിറയിലേക്ക് അനുവദിച്ചിരുന്ന ട്രാൻസ്ഫോർമർ അടിയന്തിരമായി സ്ഥാപിക്കുക.

## പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 10 കി. മീ. 11 കെ. വി. ലൈനുകളും 10. കി. മീറ്റർ ത്രീ ഫേസ് ലൈനുകളും 15 കി. മീ. സിംഗിൾ ഫെസ് ലൈനുകളും വലിക്കേണ്ടതുണ്ട്.

മിക്ക ഗ്രാമ സഭകളും സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിക്കുന്നു. ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമ സഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

ബോർഡിന്റെ അഴിമതി അവസാനിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുക. തദ്ദേശ സ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലകളിൽ അതാത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾക്ക് പരിഹാരം കാണുക അത്യാവശ്യമാണ്.

പഞ്ചായത്തിൽ അടിയന്തിരമായി വൈദ്യുതിക്ക് വേണ്ടി ചെയ്യേണ്ട ലൈൻ പ്രവർത്തനങ്ങൾ സംബന്ധിച്ചു വാർഡ് തിരിച്ചുള്ള വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ചുള്ള പാചകം നടത്തുന്നവരുടെ എണ്ണം കൂടി വരുന്നു. വിറകുകളുടെ ലഭ്യതയും വന നശികരണം മൂലം ഉണ്ടാകാവുന്ന പരിസ്ഥിതി മലിനീകരണവും കണക്കിലെടുത്ത് പാചകാവശ്യത്തിന് Cooking Gasന്റെ സുലഭമായ ലഭ്യത അനിവാര്യമാണ്.

പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും സോളാർ വിളക്കുകളെപ്പറ്റിയും വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കണം.

കൂടാതെ വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഒഴിവാക്കാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുട സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസിലും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും സൂര്യ പ്രകാശം നല്ലതു പോലെ ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും കവല വഴി വിളക്കുകൾ കത്തിക്കുന്നതിനും സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള പഞ്ചായത്ത് തല സംവിധാനം നടപ്പിക്കാവുന്നതാണ്.

## മാർക്കറ്റ്

നിലവിലുള്ള പ്രകൃതി വിഭവങ്ങളും, കാർഷിക വിളകളും ജനജീവിതവുമായി കോർത്തിണക്കി ഒരു 'ഗ്രാമീണ ചന്ത' സംസ്ക്കാരവും പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്വത്തിന്റെ ചുവട് ഉറപ്പിക്കാനും സമ്പന്നതയുടെ തിരുമുറ്റത്ത് നടന്ന് കയറാനും കഴിയും.

റബർ, നാളികേരം, കുരുമുളക്, നേന്ത്രവാഴ, കശുവണ്ടി, അടയ്ക്ക, നെല്ല്, കിഴങ്ങ് വർഗങ്ങൾ ഇവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. പ്രധാന വിളയായ റബറിന്റെ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി വ്യവസായ ശാലകളുടെ അപര്യാപ്തത കൊണ്ട് ആ കാർഷിക വിളയ്ക്ക് ലഭ്യമാകാവുന്ന വില ലഭിക്കാതെ പോകുന്നു. സംസ്കൃത ഉൽപ്പന്നങ്ങൾ നല്ല വില കൊടുത്ത് തിരികെ വാങ്ങി ഉപയോഗിക്കേണ്ടി വരുന്ന ഗതികേടാണ് ഇന്ന് നാം അനുഭവിക്കുന്നത്.

കാർഷികോല്പന്നങ്ങളും അവയുടെ മാർക്കറ്റിംഗ് പ്രശ്നങ്ങളും

- മുക്കൂർ കേന്ദ്രമായി ആഴ്ച ചന്തയും പൊതു മാർക്കറ്റും വേണം. മാവേലി സ്റ്റോർ ആരംഭിക്കുക.
- ചെങ്ങരൂർ ചിറയിൽ ആഴ്ച ചന്തയും പൊതു മാർക്കറ്റും വേണം.
- മാന്താനത്തും ആഞ്ഞിലിത്താനത്തുമുള്ള ചന്തകളുടെ പ്രവർത്തനം, ശുചീകരണം എന്നിവ കാര്യക്ഷമമാക്കുക.

## പട്ടിക -4

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് | കോഡ് | റോഡിന്റെ പേര് | കി.മീ. ദൂരം | മീ. വീതി |
|---|---|---|---|---|---|
| 1 | 0001 | 0101 | പള്ളിപ്പടി - മണിയാങ്ങാട്ടിൽപടി Rd | 0.750 | 4.5 |
| 2 | | 0102 | തെക്കനംപൊയ്ക- മണിയാങ്ങാട്ടിൻപടി Rd | 1.100 | 4.5 |
| 3 | | 0103 | ഏലിയാസ് പടി - ഒട്ടിയക്കുഴി - നടയ്ക്കൽ Rd | 1.675 | 4.5 |
| 4 | | 0104 | പട്ടരുമഠം - പൊരിയോട്ടാൽ | 0.885 | 4.5 |
| 5 | | 0105 | നടയ്ക്കൽ - പുന്നമണ്ണിൽ | 0.650 | 4.5 |
| 6 | | 0106 | മുണ്ടയ്ക്കമൺ - തെക്കെപ്പറമ്പിൽ പടി Rd | 1.140 | 4.5 |
| 7 | | 0107 | കാലായിൽ പടി - മുണ്ടയ്ക്കമൺ പടി Rd | 0.460 | 4.75 |
| 8 | | 0108 | കല്ലുപാലം - തെക്കേടത്ത് പടി Rd | 0.700 | 4.00 |
| 9 | | 0109 | ഏലിയാസ് പടി - ചക്കുങ്കൽ | 0.650 | 4.50 |
| 10 | | 0110 | കൊച്ചുമൂലയിൽപടി - വെളുത്തേടത്ത് കടവ് | 0.510 | 3.50 |
| 11 | | 0111 | മുണ്ടയ്ക്കമൺ - പക്കുമുട്ടിൽ പടി Rd | 0.350 | 4.50 |
| 12 | 0002 | 0201 | പോളയിൽപടി - വെള്ളാംപൊയ്ക | 1.290 | 4.00 |
| 13 | | 0202 | ആഞ്ഞിലിമൂട്ടിൻപടി - മുണ്ടുകണ്ടം | 0.430 | 4.50 |
| 14 | | 0203 | പുളിന്താനം - പനയമ്പാലത്തോട് | 0.910 | 5.00 |
| 15 | | 0204 | വെള്ളാം പൊയ്ക - ഒട്ടിയക്കുഴി | 0.710 | 4.00 |
| 16 | | 0205 | വേലമ്പറമ്പ് പടി - ചക്കുമുട്ടിൽപടി | 0.800 | 3.00 |
| 17 | | 0206 | മഠത്തിൽകാവ് ക്ഷേത്രപടി - മാവേലി പടി റോഡ് | 1.450 | 4.50 |
| 18 | | 0207 | ഐക്കരപടി - പുളിന്താനം റോഡ് | 0,640 | 3.00 |
| 19 | | 0208 | മലയ്ക്കൽ പടി - കനകപ്പള്ളികുന്ന് Rd | 0.600 | 4.00 |
| 20 | 0003 | 0301 | ചിറവക്കാട് - കല്ലുങ്കൽ പടി റോഡ് | 1.100 | 6.00 |
| | | 0302 | പള്ളത്ത് പടി - ചിറവക്കാട് പടി റോഡ് | 1.700 | 4.00 |

| | | | | |
|---|---|---|---|---|
| | 0303 | തലക്കുളം - കരയ്ക്കാട് - പള്ളത്ത്പടി | 1.500 | 5.30 |
| | 0304 | മുക്കൂർ - പുന്നമണ്ണ് - പുലിക്കല്ലിൽ പുറം | 1.250 | 3.50 |
| | 0305 | തോയക്കുളം - പന്നിക്കുഴി പടി റോഡ് | 0.850 | 3.50 |
| | 0306 | നെടുങ്ങാടപ്പള്ളി - തോയക്കുളം - പേഴ്ത്തോലിക്കൽ പടി | 0.590 | 3.50 |
| | 0307 | വടക്കേപ്പറമ്പ് - കിഴക്കേപ്പടി റോഡ് | 0.660 | 3.50 |
| | 0308 | മുക്കൂർ - വടവനപ്പടി റോഡ് | 1.000 | 5.00 |
| | 0309 | കാഞ്ഞിരത്താനം - കൊല്ലമല | 0.200 | 5.00 |
| | 0310 | ഇടുക്കോടിൻ - കാഞ്ഞിരത്താമണ്ണിൻ പടി റോഡ് | 0.500 | 3.50 |
| 0004 | 0401 | St. Mary's H. S. - വട്ടക്കാലപ്പടി റോഡ് | 1.050 | 3.50 |
| | 0402 | പാലയ്ക്കത്തകിടി - കൊല്ലമല റോഡ് | 0.300 | 3.50 |
| | 0403 | മറ്റക്കാട്ട് കുഴി കോളനി - പള്ളത്ത് പടി | 0.500 | 3.00 |
| | 0404 | ചുണ്ടേൻപ്പടി - ചേലക്കൽപടി | 0.750 | 4.00 |
| | 0405 | പാലയ്ക്കത്തകിടി - ലത്യൻമഠം - കാഞ്ഞിരത്താനം Rd | 0.750 | 4.00 |
| | 0406 | പൂങ്കോട്ടാൽപടി - പൊട്ടൻമല റോഡ് | 0.600 | 4.00 |
| | 0407 | ഇളക്കുറ്റിൽ പടി - കരിയിലക്കുഴി റോഡ് | 1.000 | 3.50 |
| | 0408 | കാവുങ്കൽ പടി - കോളനിപ്പടി റോഡ് | 0.340 | 3.00 |
| | 0409 | തേരടിപ്പടി - ഊമൻമലപടി റോഡ് | 1.000 | 4.00 |
| | 0410 | പൊട്ടൻമല - മുക്കൂർ റോഡ് | 1.000 | 8.00 |
| | 0411 | പകിടമുറി - ഇളംകുറ്റിൽപടി റോഡ് | 0.820 | 3.50 |
| | 0412 | കരിയിലക്കുഴി - വാലുമണ്ണിൽ പടി റോഡ് | 0.740 | 4.00 |
| | 0413 | മുണ്ട്കണ്ടം - പൂന്താനം | 0.500 | 3.50 |
| | 0414 | മഞ്ചേരിക്കുളം - പൂന്താനം | 0.530 | 3.00 |
| | 0415 | ചെട്ടിയാർമുക്ക് - കുളങ്ങര വീട്ടിൽപടി റോഡ് | 0.900 | 5.00 |
| | 0416 | സാൽവേഷൻ ആർമി - ഇളകിടത്ത് - പാറാങ്കൽപടി റോഡ് | 1.250 | 6.00 |
| | 0417 | മഠത്തിൽക്കാവ് - പ്ലാപ്പിറപടി | 1.450 | 4.50 |
| | 0418 | പൂങ്കോട്ടാൻ - തട്ടുപാറപ്പടി - പൊട്ടൻ മല റോഡ് | 1.000 | 4.00 |
| 0005 | 0501 | പ്ലാന്താനം - വെങ്കോട്ട റോഡ് | 1.200 | 4.50 |
| | 0502 | വള്ളിക്കാട്ട് പടി - ആശ്രമംപടി | 1.000 | 3.50 |
| | 0503 | വള്ളിക്കാട്ട് - തേവർമല - പാറാങ്കൽ പടി | 1.000 | 4.00 |
| | 0504 | ആയുർ വേദ ആശുപത്രി പടി - മുണ്ടാക്കൽ ആശ്രമം - മാലയിൽ പടി റോഡ് | 0,800 | 3.50 |

| | | | | |
|---|---|---|---|---|
| | 0505 | പാറാങ്കൽ - വള്ളോംകുന്ന് - കുട്ടൻചിറ Rd | 1.200 | 3.50 |
| | 0506 | പാറാങ്കൽ മൂല - വള്ളോംകുന്ന് - മുണ്ട്കുഴി Rd | 1.200 | 3.50 |
| | 0507 | കല്ലൂർ - അഴകന്താനം റോഡ് | 0.900 | 5.00 |
| | 0508 | പൗത്തിൻപടി - മുണ്ട്കുഴി - വെങ്കോട്ട റോഡ് | 1.000 | 5.00 |
| | 0509 | വള്ളോംകുന്ന് - കൊല്ലമല റോഡ് | 0.700 | 4.00 |
| | 0510 | വട്ടക്കാല - ആലപ്പാറ - കുട്ടൻചിറ റോഡ് | 0.720 | 3.50 |
| | 0511 | ആയൂർവേദ ആശുപത്രിപടി - ഉമിക്കുന്ന് റോഡ് | 0.500 | 3.00 |
| | 0512 | പൂകുവാൻ - വള്ളിക്കാട് റോഡ് | 0.800 | 4.00 |
| | 0513 | ഫാക്ടറി പടി - മുണ്ട്കുഴി പടി | 0.500 | 5.00 |
| | 0514 | വള്ളിക്കാട്ട് - മുണ്ടാക്കൽ റോഡ് | 0.450 | 3.00 |
| | 0515 | പാറാങ്കൽ - ഇലവക്കോട്ടാൻ റോഡ് | 0.700 | 3.50 |
| 0006 | 0601 | മാന്താനം - അമ്പലപ്പടി | 1.900 | 6.50 |
| | 0603 | മലമ്പാറ - പൂകുവാൻ റോഡ് | 0.650 | 3.50 |
| | 0604 | മുക്കടപടി - എബനേസർ പടി | 1.000 | 6.00 |
| | 0605 | ശ്രീ നിലയം - മുക്കട കോളനി | 2.000 | 5.00 |
| | 0606 | വള്ളമലപള്ളിപടി - പൂകുവാൻ | 1.000 | 4.00 |
| | 0607 | മലമ്പാറ - മംഗലശ്ശേരി പടി റോഡ് | 0.500 | 3.50 |
| | 0608 | മാന്താനം - മൃഗാശുപത്രി - പട്ടക്കുന്ന് - ഇളപ്പുങ്കൽ റോഡ് | 0.860 | 3.50 |
| 0007 | 0701 | ചിറ്റങ്ങാട്ട് - കണിയാന്തറ പടി റോഡ് | 0.500 | 3.50 |
| | 0702 | മുള്ളൻ കുഴി പടി - പൊയ്ക്കയിൽ പടി റോഡ് | 0.600 | 5.00 |
| | 0703 | മൈലമൺ പള്ളി പടി - ചാലുങ്കൽ പടി റോഡ് | 0.520 | 5.00 |
| | 0704 | മാന്താനത്ത് പടി - ചാലുങ്കൽ പടി റോഡ് | 0.800 | 3.50 |
| | 0705 | മാന്താനം - നാരായണമംഗലത്ത് പടി | 0.500 | 4.00 |
| | 0706 | CVL Estate - ചൂരിക്കുറ്റി - പാമല റോഡ് | 1.500 | 4.00 |
| | 0708 | പാറാങ്കൽ പടി - മൈലമൺ SN Colony - CVL Estate പടി റോഡ് | 0.080 | 5.00 |
| | 0709 | ചക്കാലമുറിപ്പടി ജ- പ്ലാച്ചിറപടി റോഡ് | 0.700 | 4.00 |
| | 0710 | പാമല Estate പടി - കല്ലിക്കുന്ന് സെറ്റിൽമെന്റ് കോളനി റോഡ് | 0.660 | 4.00 |
| 0008 | 0801 | പോസ്റ്റാഫീസ് പടി - പ്ലാന്തോട്ടത്തിൽ പടി | 1.100 | 4.00 |
| | 0802 | കോലത്ത് പടി - വേലമ്പറമ്പിൽ പടി | 0.680 | 3.00 |

| | | | | |
|---|---|---|---|---|
| | 0803 | കൊടിഞ്ഞൂർ പടി - മാകാട്ടിൽ പടിറോഡ് | 0.650 | 3.00 |
| | 0804 | ഊത്താനത്ത് പടി - നെല്ലിമല കലുങ്ക് റോഡ് | 1.500 | 6.00 |
| | 0805 | പരിത്തിക്കാട്ട് പടി - വല്യമണ്ണ്പടി | 0.870 | 3.75 |
| | 0806 | കൊച്ചിയിൽ പുത്തൻ വീട് പടി - വേലമ്പറമ്പിൽ പടി | 0.510 | 3.00 |
| | 0807 | കല്ലുപുര - വടശ്ശേരി മണ്ണ്പടി റോഡ് | 1.315 | 5.00 |
| | 0808 | വാഴേനാൽ പടി - പ്ലാത്താനത്ത് പടി ആഞ്ഞിലിത്താനം മാർക്കറ്റ് റോഡ് | 1.300 | 5.00 |
| | 0809 | ലാപ്പം കലുങ്ക് - ശാലേംപള്ളി പടി റോഡ് | 0.390 | 3.00 |
| | 0810 | ആഞ്ഞിലിത്താനം ചന്ത - കല്ലുപുരയ്ക്കൽ റോഡ് | 0.850 | 4.00 |
| | 0811 | മാമന്നത്ത് കോളനി - ആഞ്ഞിലിത്താനം മാർക്കറ്റ് റോഡ് | 0.640 | 4.00 |
| | 0812 | കോലത്ത് കുരിശ് പടി - I H D P കോളനി | 0.750 | 5.00 |
| 0009 | 0901 | പാമല കുരിശ് - വട്ടശ്ശേരി മണ്ണിൽ പടി | 0.950 | 4.00 |
| | 0902 | കരിശ് പടി - ഐക്കുഴി റോഡ് | 0.700 | 5.00 |
| | 0903 | ആഞ്ഞിലിത്താനം - മൈലക്കാട് | 1.300 | 3.50 |
| | 0904 | ശാപത് - ഇളയത്ത്പടി - പടിപ്പറമ്പിൽ പടി | 0.600 | 4.00 |
| | 0905 | പൊന്തമല - പൂഴിക്കാല പടി റോഡ് | 1.200 | 3.50 |
| | 0906 | മൈലക്കാട് - മധുവിലാസം റോഡ് | 0.500 | 4.00 |
| | 0907 | പല്ലാട്ട് പടി - വടക്കേപറമ്പിൽ പടി റോഡ് | 0.850 | 3.50 |
| | 0909 | പരുത്തിക്കാട്ട് മണ്ണ് - Govt, L P S ആഞ്ഞിലിത്താനം | 2.000 | 6.00 |
| | 0910 | മുണ്ടകകരോട്ട് - കട്ടാമറ്റത്ത് കുളം റോഡ് | 0.380 | 3.00 |
| | 0911 | ആഞ്ഞിലിത്താനം - ചീരംകുളം - വയറ്റാട് റോഡ് | 0.960 | 3.50 |

പട്ടിക - 5

## റോഡുകളുടെ പാർശ്വവശങ്ങൾ കെട്ടി ബലപ്പെടുത്തുന്നതിന്

| വാർഡ് | നിർദ്ദേശിക്കുന്ന റോഡിന്റെ പേര് | കോഡ് |
|---|---|---|
| 03 | കല്ലുങ്കൽ പടി - ചിറവക്കാട് പടി റോഡ് | 0301 |
| 05 | വള്ളിക്കാട് - മുണ്ടാക്കൻ റോഡ് | 0514 |
| 07 | മൈലമൺപള്ളിപ്പടി - ചാലുങ്കൽ പടി റോഡ് | 0703 |
| 02 | പോളയിൻപടി - വെള്ളാപൊയ്ക കുരിശ് പടി റോഡ് | 0201 |
| 02 | വേലമ്പറമ്പ് പടി - ചക്കുമുട്ടിൻ പടി റോഡ് | 0205 |
| 01 | ഏലിയാസ് പടി - ചക്കുങ്കൽ റോഡ് | 0109 |
| 02 | മടത്തിൽ കാവ് ക്ഷേത്ര പടി - മാവേലി പടി റോഡ് | 0206 |
| 07 | CVL Estate പടി - ചൂരക്കുറ്റി - പാമല റോഡ് | 0706 |
| 07 | പാറാങ്കൽ പടി - CVL Estate പടി റോഡ് | 0708 |
| 07 | പാമല Estate പടി - കല്ലിക്കുന്ന് സെറ്റിൽമെന്റ് കോളനി റോഡ് | 0710 |
| 09 | ആഞ്ഞിലിത്താനം - മൈലക്കാട്ട് റോഡ് | 0903 |
| 04 | പാലയ്ക്കത്തകിടി കൊല്ലമലപടി | 0402 |
| 04 | പൂങ്കോട്ടാൽ - മുക്കൂർ | 0410 |
| 05 | വള്ളിക്കാട് - ആശ്രമംപടി | 0502 |
| 05 | വള്ളിക്കാട് - തേവർമല - പാറങ്കപ്പടി | 0503 |
| 05 | പാറംങ്കമൂല - വള്ളോക്കുന്ന് - മുണ്ടുകുഴി | 0506 |
| 05 | പൗവ്വത്തിപ്പടി - മുണ്ടുകുഴി - വെങ്കോട്ട | 0508 |

അനുബന്ധം A

# നിലവിലുള്ള റോഡുകൾ

ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ (കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയെ സൂചിപ്പിക്കുന്നു.)

| കോഡ് | റോഡിന്റെ പേര് | ദൂരം | വീതി | മെറ്റൽ | ഓട | കലുങ്ക് | അറ്റകുറ്റപ്പണി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 0101 | പള്ളിപ്പടി മണിയാങ്ങാടിൽ പടി റോഡ് | 0.750 | 4.5 | ചെയ്യാത്തത് | വേണം | ഉള്ളത് | വേണം |
| 0102 | തെക്കനംപൊയ്ക മണിയാങ്ങാടിൽ പടി റോഡ് | 1.100 | 4.5 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0103 | ഏലിയാസ് പടി ഒട്ടിയക്കുഴി നടയ്ക്കൽ റോഡ് | 1.675 | 4.5 | ചെയ്യാത്തത് | വേണം | വേണം | |
| 10104 | പട്ടരുമാം പൊരിയോട്ടാൻ | 0.885 | 4.5 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0105 | നടയ്ക്കൽ പുന്നമണ്ണിൽ റോഡ് | 0.650 | 4.5 | ചെയ്യാത്തത് | ഉള്ളത് | വേണം | |
| 0106 | മുണ്ടയ്ക്കമൺ തെക്കെപ്പറമ്പിൽ പടി റോഡ് | 1.140 | 4.5 | ചെയ്യാത്തത് | ഉള്ളത് | വേണം | |
| 0107 | കാലായിൽ പടി മുണ്ടയ്ക്കമൺ പടി റോഡ് | 0.460 | 4.75 | ചെയ്യാത്തത് | വേണം | | |
| 0108 | കല്ലുപാലം തെക്കേടത്ത് പടി Rd | 0.650 | 4.50 | ചെയ്യാത്തത് | വേണം | വേണം | |
| 0109 | ഏലിയാസ് പടി പങ്കുക്കൽ Rd | 0.350 | 4.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0110 | കൊഴുമലയിൽ പടി വെറുത്തേടത്ത് കടവ് | 0.510 | 3.50 | ചെയ്യാത്തത് | വേണം | | |
| 0111 | മുണ്ടയ്ക്കമൺ ചുക്കുമുട്ടിൻ പടി Rd | 0.350 | 4.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| | **വാർഡ് 2** | | | | | | |
| 0201 | പോളയിൽ പടി വെള്ളാംപൊയ്ക കുരിശടി | 1.290 | 4.00 | ചെയ്യാത്തത് | | വേണ്ടത് | വേണം |
| 0202 | ആഞ്ഞിലിമൂട്ടിൽ പടി മുണ്ട്കണ്ടം | 0.430 | 4.50 | ചെയ്യാത്തത് | വേണ്ടത് | ഉള്ളത് | വേണം |
| 0203 | പുളിന്താനം പനയമ്പാലത്തോട് | 0.910 | 5.00 | ചെയ്യാത്തത് | വേണം | | |
| 0204 | വെള്ളാംപൊയ്ക ഒട്ടിയക്കുഴി | 0.700 | 4.00 | ചെയ്യാത്തത് | വേണ്ടത് | | വേണം |
| 0205 | വേലംപറമ്പ് പടി ചക്കുമൂട്ടിൽ പടി | 0.800 | 3.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0206 | മാത്തിൽ കാവ് ക്ഷേത്രപടി മാവേലി പടി റോഡ് | 1.450 | 4.50 | ചെയ്യാത്തത് | വേണം | | |
| 0207 | ഐക്കരപ്പടി റോഡ് പുളിന്താനം റോഡ് | 0.640 | 3.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0208 | മലയ്ക്കൽ പടി കനകപ്പള്ളി കുന്ന് റോഡ് | 0.600 | 4.00 | ചെയ്യാത്തത് | വേണം | | |
| | **വാർഡ് 3** | | | | | | |
| 0301 | ചിറവക്കാട് കല്ലുങ്കൽപ്പടി റോഡ് | 1.100 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0302 | പള്ളത്തുപടി ചിറവക്കാട് പടി റോഡ് | 1.700 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0303 | തലക്കുളം കാരയ്ക്കാട് പള്ളത്ത് പടി റോഡ് | 1.500 | 5.30 | ചെയ്യാത്തത് | വേണം | | |
| 0304 | മുക്കൂർ പുന്നമണ്ണ് പുലിക്കല്ലിൽ പുറം | 1.250 | 3.50 | ചെയ്യാത്തത് | വേണം | | |
| 0305 | തോയക്കുളം പന്നിക്കുഴി പടി | 0.850 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |

| | | | | | | | |
|---|---|---|---|---|---|---|---|
| 0306 | നെടുങ്ങാടപ്പള്ളി തോയക്കുളത്ത് പേഴിത്തോലിക്കൽ പടി | 0.590 | 3.50 | ചെയ്യാത്തത്വേണ്ടത് വേണം | | | |
| 0307 | വടക്കേപ്പറമ്പ് കിഴക്കേപ്പടി റോഡ് | 0.660 | 3.50 | ചെയ്യാത്തത് വേണ്ടത്വേണം | | | |
| 0308 | മുക്കൂർ വടവനപ്പടി റോഡ് | 1.000 | 5.00 | ചെയ്യാത്ത് | വേണം | | |
| 0309 | കാഞ്ഞിരത്താനം കെല്ലമല റോഡ് | 0.200 | 5.00 | ചെയ്യാത്തത് | വേണം | | |
| 0310 | ഇടുകോട്ടിൽ കാഞ്ഞിരിത്താനം മണ്ണിൽപടി | 0.500 | 3.50 | ചെയ്യാത്തത് | വേണം | | |

## വാർഡ് 4

| | | | | | | | |
|---|---|---|---|---|---|---|---|
| 0401 | സെന്റ് മേരീസ് ഹൈസ്ക്കൂൾ വട്ടക്കാലപടി റോഡ് | 0.300 | 0.350 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0402 | പാലയ്കത്കത്തകിടി കൊല്ലമല റോഡ് | 0.300 | 0.350 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0403 | മറ്റയ്ക്കാട് കുഴി കോളനി പള്ളത്ത് പടി റോഡ് | 0.500 | 300 | ചെയ്യാത്തത് | വേണം | | |
| 0404 | ചുണ്ടേൽപടി ചേലക്കൽ പടി റോഡ് | 0.750 | 4.00 | ചെയ്യാത്തത് | വേണം | | |
| 0405 | പാലയ്ക്കത്തകിടി ലത്തീൻ മഠം കാഞ്ഞിരത്താനം റോഡ് | 0.750 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0406 | പുക്കോട്ടാൽ പടി പൊട്ടൻമല റോഡ് | 0.600 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0407 | ഇളംകുറ്റിൽപ്പടി കരിയിലക്കുഴി റോഡ് | 1.000 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0408 | കാവുംങ്കൽ പടി കോളനി പടി റോഡ് | 0.340 | 3.00 | ചെയ്യാത്തത് | വേണം | | |
| 0409 | തേരടിപടി പൂവൻമല പടി റോഡ് | 1.000 | 6.00 | ചെയ്യാത്തത് | വേണം | | |
| 0410 | പൊട്ടൻ മല മുക്കൂർ റോഡ് | 1.000 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0411 | പകിടമുറി ഇളംകുറ്റിൽപടി റോഡ് | 0.820 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0412 | കരിയിലക്കുഴി വാലുമണ്ണിൽ പടി റോഡ് | 0.740 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0413 | മുണ്ടുകണ്ടം പുന്നത്താനം റോഡ് | 0.500 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0414 | മഞ്ചേരിക്കളം പുന്നത്താനം റോഡ് | 0.530 | 3.00 | ചെയ്യാത്തത് | വേണം | | |
| 0415 | ചെട്ടിയാർ മുക്ക് കുളങ്ങര വീട്ടിൽ പടി റോഡ് | 0.900 | 5.00 | ചെയ്യാത്തത് | വേണം | | |
| 0416 | സാൽവേഷൻ ആർമി ഇളയിടത്ത് പാറാങ്കൽ പടി റോഡ് | 1.250 | 6.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0417 | മഠത്തിൽ കാവ് പ്ലാച്ചിറപടി റോഡ് | 1.450 | 4.50 | ചെയ്യാത്തത് | വേണം | | |
| 0418 | പൂങ്കോട്ടൽ തട്ടു പാറ പടി പൊട്ടൻ മല റോഡ് | 1.900 | 4.00 | ചെയ്യാത്തത് | .വേണം | | |

## വാർഡ് 5

| | | | | | | | |
|---|---|---|---|---|---|---|---|
| 0501 | പ്ലാത്താനം വെങ്കോട്ട റോഡ് | 1.200 | 4.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0502 | വള്ളിക്കാട്ടുപടി ആശ്രമം പടി റോഡ് | 1.000 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0503 | വള്ളിക്കാട്ട് തേവർ മല പാറാങ്കൽ പടി റോഡ് | 1.000 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0504 | ആയുർവേദാശുപത്രി പടി മുണ്ടാക്കൽ ആശ്രമം വാലയിൽ പടി റോഡ് | 0.800 | 3.50 | ചെയ്യാത്തത് | വേണ്ടത് | | |
| 0505 | പാറാങ്കൽ വള്ളോക്കുന്ന് കുട്ടൻചിറ റോഡ് | 1.200 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0506 | പാറാങ്കൽ മൂല വള്ളോകുന്ന് മുണ്ടുകുഴി റോഡ് | 1.200 | 3.50 | ചെയ്യാത്തത് | വേണം | | |
| 0507 | കല്ലൂർ അഴകന്താനം റോഡ് | 0.900 | 5.00 | ചെയ്യാത്തത് | വേണം | | |
| 0508 | പൗവ്വത്തിൽപടി മുണ്ടുകുഴി വെങ്കോട്ട റോഡ് | 1.000 | 5.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |

| | | | | | | | |
|---|---|---|---|---|---|---|---|
| 0509 | വള്ളോക്കുന്ന് കൊല്ലമല റോഡ് | 0.700 | 4.00 | ചെയ്യാത്തത് | വേണം | | |
| 0510 | വട്ടക്കാല ആനപ്പാറ കുട്ടൻചിറ റോഡ് | 0.720 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0511 | ആയുർവേദാശുപത്രി പടി ഉമിക്കുന്ന് റോഡ് | 0.500 | 3.00 | ചെയ്യാത്തത് | വേണം | | |
| 0512 | പൂച്ചവാൽ വള്ളിക്കാട് റോഡ് | 0.800 | 4.00 | ചെയ്യാത്തത് | വേണം | | |
| 0513 | ഫാക്ടറി പടി മുണ്ടുകുഴി പടി റോഡ് | 0.500 | 5.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0514 | വള്ളിക്കാട് മുണ്ടാകൽ റോഡ് | 0.450 | 3.00 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0515 | പാറാങ്കൽ ഇലവക്കോട്ടറോഡ് | 0.700 | 3.50 | ചെയ്യാത്തത് | വേണം | | |
| | **വാർഡ് 6** | | | | | | |
| 0601 | മാന്താനം അമ്പലപ്പടി റോഡ് | 1.900 | 6.50 | (Tar) | വേണം | | |
| 0602 | കുന്നന്താനം പുളിന്താനം റോഡ് | 2.000 | 8.00 | (Tar) | വേണം | | |
| 0603 | മലമ്പാറ പൂച്ചവാൽ റോഡ് | 0.650 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| | **വാർഡ് 7** | | | | | | |
| 0701 | ചിറ്റങ്ങാട്ട് -കണിയാന്തറപ്പടി റോഡ് | 0.500 | 5.00 | | ചെയ്യാത്തത് | വേണം | |
| 0702 | മുള്ളൽകുഴിപടി - പൊയ്കയിൽ പടി റോഡ് | 0.600 | 5.00 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0703 | മൈലമൺ പള്ളിപടി - ചാലുങ്കൽ പടി റോഡ് | 0.520 | 5.00 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0704 | മാന്താനത്ത് പടി - ചാലുങ്കൽ പടി റോഡ് | 0.800 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0705 | മാന്താനം - നാരായണ മംഗലത്ത് പടി റോഡ് | 0.500 | 4.00 | ചെയ്യാത്തത് | വേണം | | |
| 0706 | C V L Estate - ചൂരക്കറ്റി - പാമല റോഡ് | 1.500 | 4.00 | (TAR) | ചെയ്യാത്തത് | വേണ്ടത് | വേണം |
| 0707 | മാന്താനം - മൈലമൺ റോഡ് | 1.100 | 6.00 | (TAR) | വേണ്ടത് | വേണം | |
| 0708 | പാറാങ്കൽ പടി - മൈലമൺ SN Colony CVL Estate പടി റോഡ് | 1.080 | 5.00 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0709 | പക്കാല മുറിപ്പടി - പ്ലാച്ചേരി പടി റോഡ് | 0.700 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| 0710 | പാമല Estate പടി - കല്ലിക്കുന്ന് Settlement Colony Road | 0.660 | 4.00 | ചെയ്യാത്തത് | വേണ്ടത് | വേണ്ടത് | വേണം |
| | **വാർഡ് 8** | | | | | | |
| 0801 | പോസ്റ്റോഫീസ് പടി - പ്ലാന്തോട്ടത്തിൽ പടി റോഡ് | 1.100 | 4.00 | ചെയ്യാത്തത് | വേണം | | |
| 0802 | കോലത്തുപടി വേലമ്പറമ്പിൽ പടി റോഡ് | 0.680 | 3.00 | ചെയ്യാത്തത് | വേണം | | |
| 0803 | കൊടിഞ്ഞൂർ പടി - മാകാട്ടിൽപടി റോഡ് | 0.650 | 3.00 | ചെയ്യാത്തത് | വേണം | | |
| 0804 | ഉത്താനത്തുപടി നെല്ലിമല കലുങ്ക് റോഡ് | 1.500 | 6.00 | ചെയ്യാത്തത് | വേണം | | |
| 0805 | പരുത്തിക്കാട്ട് പടി - വല്യമണ്ണ് പടി റോഡ് | 0.870 | 3.75 | ചെയ്യാത്തത് | വേണം | | |
| 0806 | കൊച്ചിയിൽ പുത്തൻ വീട് പടി വേലമ്പറമ്പിൽ പടി റോഡ് | 0.510 | 3.00 | ചെയ്യാത്തത് | വേണം | | |
| 0807 | കല്ലുപുര വടശ്ശേരി മണ്ണ് പടി റോഡ് | 1.315 | 5.00 | ചെയ്യാത്തത് | വേണം | | |
| 0808 | വാഴേനാൽ പടി പ്ലാത്താനത്ത് പടി ആഞ്ഞിലിത്താനം മാർക്കറ്റ് റോഡ് | 1.300 | 5.00 | ചെയ്യാത്തത് | വേണം | | |
| 0809 | ലാപ്പംകലുങ്ക് ശാലേംപള്ളിപ്പടി റോഡ് | 0.390 | 3.00 | ചെയ്യാത്തത് | വേണം | | |
| 0810 | ആഞ്ഞിലിത്താനം ചന്ത കല്ലുപുരയ്ക്കൽ റോഡ് | 0.580 | 4.00 | ചെയ്യാത്തത് | വേണം | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 0811 | മാമന്നത്ത് കോളനി ആഞ്ഞിലിത്താനം മാർക്കറ്റ് റോഡ് | 0.640 | 4.00 | ചെയ്യാത്തത് | വേണം | | |
| 0812 | കോലത്ത് കുരിശു പടി ഐ. എച്ച്. ഡി. പി. കോളനി | 0.750 | 5.00 | ചെയ്യാത്തത് | വേണം | | |

## വാർഡ് 9

| | | | | | | | |
|---|---|---|---|---|---|---|---|
| 0901 | പാമല കുരിശ് വടശ്ശേരിമണ്ണിൽപടി റോഡ് | 0.950 | 4.00 | (Tar) ചെയ്യാത്തത് | വേണം | | |
| 0902 | കുരിശു പടി ഐക്കുഴി റോഡ് | 0.700 | 5.00 | ചെയ്യാത്തത് | വേണം | | |
| 0903 | ആഞ്ഞിലിത്താനം മൈലക്കാട് റോഡ് | 1.300 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0904 | ശാപത് ഇടയിടത്തു പടി പാടിപറമ്പിൽപടി റോഡ് | 0.600 | 4.00 | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | വേണം |
| 0905 | പൊന്താമല പുഴിക്കാലപടി റോഡ് | 1.200 | 3.50 | ചെയ്യാത്തത് | വേണം | | |
| 0906 | മൈലക്കാട് മധുവിലാസം റോഡ് | 0.500 | 4.00 | ചെയ്യാത്തത് | വേണം | | |
| 0907 | പല്ലാട്ട് പടി വടക്കേപറമ്പിൽപടി റോഡ് | 0.580 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |
| 0908 | പാമല ആഞ്ഞിലിത്താനം റോഡ് | 1.560 | 8.00 | (Tar) | വേണം | | |
| 0909 | പരുത്തിക്കാട്ട് മണ്ണ് ഗവ. എൽ. പി. എസ്. ആഞ്ഞിലിത്താനം | 2.000 | 6.00 | ചെയ്യാത്തത് | ഉള്ളത് | വേണം | |
| 0910 | മുണ്ടകകരോട്ട് കാറ്റാമറ്റത്തുകുളം റോഡ് | 0.380 | 3.00 | ചെയ്യാത്തത് | വേണം | | |
| 0911 | ആഞ്ഞിലിത്താനം ചിരംകുളം വൈറ്റാട്ട് റോഡ് | 0.960 | 3.50 | ചെയ്യാത്തത് | വേണ്ടത് | വേണം | |

### പട്ടിക 1

| നമ്പർ | കപ്പാസിറ്റി | സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ പേര് | സെക്ഷന്റെ പേര് |
|---|---|---|---|
| 1 | 100 KV | ഇരുപ്പത്തൻ | Major Section Karukachal |
| 2 | 100 KV | ശാന്തിപുരം | -do- |
| 3 | 100 KV | പാമല | Major Section Mallappally |
| 4 | 100 KV | കുന്നന്താനം (i) | -do- |
| 5 | 100 KV | കുന്നന്താനം (ii) | -do- |
| 6 | 160 KV | തൊട്ടിപ്പാറ | -do- |
| 7 | 100 KV | ഡയറി | -do- |
| 8 | 160 KV | മാന്താനം | -do- |
| 9 | 100 KV | പൂങ്കവാൽ | -do- |
| 10 | 250 KV | വെങ്കോട്ട (i) | -do- |
| 11 | 250 KV | വെങ്കോട്ട (ii) | -do- |
| 12 | 100 KV | റിഫൈനറി | -do- |
| 13 | 100 KV | ഏലിയാസ് പടി | -do- |
| 14 | 100 KV | വെള്ളാംപൊയ്ക | -do- |
| 15 | 100 KV | മുണ്ടുകണ്ടം | -do- |
| 16 | 100 KV | പാലയ്ക്കത്തകിടി | -do- |
| 17 | 100 KV | പ്ലൈവുഡ് ഫാക്ടറി | -do- |
| 18 | 250 KV | ആഞ്ഞിലിത്താനം | Sub. Section, Thottabhagom |
| 19 | 250 KV | Veneer Factory | -do- |

പട്ടിക -2

# പഞ്ചായത്ത് റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കേണ്ടവ

| വാർഡ് | കോഡ് | റോഡിന്റെ പേര് |
|---|---|---|
| 0001 | 0109 | ഏലിയാസ് കവല - ചങ്ങുങ്കൽ പടി റോഡ് |
| | 0104 | പട്ടരുമഠം - പുന്നമണ്ണിൽ പടി റോഡ് |
| 0002 | 0201 | പോളയിൽ പടി - വെള്ളാംപൊയ്ക കുരിശടി റോഡ് |
| | 0202 | ആഞ്ഞിലിമൂട്ടിൽ - മുണ്ടുകണ്ടം റോഡ് |
| | 0203 | പുളിന്താനം - പനയമ്പാല തോട് റോഡ് |
| 0003 | 0301 | ചിറവക്കാട് - കല്ലുങ്കൽപ്പടി റോഡ് |
| | 0302 | പള്ളത്ത്പടി - ചിറവക്കാട് പടി റോഡ് |
| | 0303 | തലക്കുളം - കാരയ്ക്കാട് -പള്ളത്ത് പടി റോഡ് |
| | 0304 | മുക്കൂർ - പുന്നമണ്ണ് - പുലിക്കല്ലിൽ പുറം റോഡ് |
| | 0306 | മുക്കൂർ - വടവനപ്പടി റോഡ് |
| 0003 | PWD1 | ശാന്തിപുരം - കല്ലുങ്കൽ പടി റോഡ് |
| | PWD2 | നെടുങ്ങാടപ്പള്ളി - മുക്കൂർ - പാലയ്ക്കത്തകിടി - ചെങ്ങരൂർ ചിറ |
| | PWD 3 | പാലയ്ക്കത്തകിടി - പ്ലാച്ചിറ പടി |
| 0003 | 0304 | മുക്കൂർ - പുന്നമണ്ണ് - പുലിക്കല്ലിൻപുറം റോഡ് |
| 0004 | 0410 | പൊട്ടൻമല - മുക്കൂർ റോഡ് |
| | 0416 | സാൽവേഷൻ ആർമി - ഇളകിടത്ത് - പാറാങ്കൽ പടി റോഡ് |
| | 0514 | വള്ളിക്കാട് - മുണ്ടംക്കൽ റോഡ് |
| | 0512 | പൂച്ചവാൽ - വള്ളിക്കാട് റോഡ് |
| | 0506 | പാറാങ്കൽ കോളനി- വള്ളോംകുന്ന് -കുട്ടൻചിറ റോഡ് |
| | 0504 | ആയുർവ്വേദാശുപത്രി പടി - മുണ്ടാക്കൽ ആശ്രമം റോഡ് |
| 0007 | 0701 | ചിറ്റങ്ങാട്ട് - കണിയാന്തറ പടി റോഡ് |
| | 0702 | മുള്ളൻകുഴി പടി - പൊയ്ക്കയിൻ പടി റോഡ് |
| | 0703 | മൈലമൺ പള്ളി പടി - ചാലുങ്കൽ പടി റോഡ് |
| | 0704 | മാന്താനത്ത് പടി - ചാലുങ്കൽ പടി റോഡ് |
| | 0705 | മാന്താനം - നാരായണ മംഗലത്ത് പടി റോഡ് |
| | 0706 | CVL Estate - ചൂരക്കറ്റി - പാമല റോഡ് |
| | 0707 | മാന്താനം - മൈലമറൺ റോഡ് |
| | 0708 | പാറാങ്കൽ പടി - CVL Estate പടി റോഡ് |
| | 0709 | ചക്കാലമുറിപ്പടി - പ്ലാപിറപടി റോഡ് |
| | 0710 | പാമല Estate പടി - കല്ലിക്കുന്ന് സെറ്റിൽമെന്റ്,കോളനി Rd |
| 0008 | 0811 | മാമന്നത്ത് കോളനി - ആഞ്ഞിലിത്താനം റോഡ് |
| | 0810 | കല്ലുപുരയ്ക്കൽ ആഞ്ഞിലിത്താനം ചന്ത റോഡ് |
| 0009 | 0903 | ആഞ്ഞിലിത്താനം മൈലക്കാട് |
| | 0905 | പൊന്താമല - പൂഴിക്കാലാ റോഡ് |
| | 0904 | ശാബത് - മൈലക്കാട് റോഡ് |

പട്ടിക -3

# വാർഡുകളിൽ പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ

(കോഡ് റോഡിനെ സംബന്ധിച്ച്)

| വാർഡ് | | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| വാർഡ് | കോഡ് | |
| 0001 | 0101 | പള്ളിപ്പടി - മണിയങ്ങാട്ടിൽ പടി Rd |
| | 0103 | ഓട്ടിയക്കുഴി - നടയ്ക്കൽ റോഡ് |
| 0002 | 0202 | ആഞ്ഞിലിമൂട്ടിൽ - മുണ്ട്കണ്ടം റോഡ് |
| 0003 | 0305 | തോയക്കുളം - പന്നിക്കുഴി പടി |
| 0007 | 0702 | മുള്ളൻക്കുഴി പടി -പൊയ്കയിൽ പടി |
| | 0703 | മൈലമൺ പള്ളി പടി - ചാലുങ്കൽ പടി |
| | 0704 | മാന്താനത്ത് പടി - ചാലുങ്കൽ പടി |

അനുബന്ധം - B

# പുതുതായി പഞ്ചായത്ത് ഏറ്റെടുക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന റോഡുകളുടെ പേര് | കോഡ് |
|---|---|---|
| 1 | വേളാങ്കണ്ണി - കുരിശടി - പാറടിപ്പാടശേഖര പടി റോഡ് | 0112 |
| 5 | മുണ്ടാക്കൻ ആശ്രമം പടി - പ്ലാത്താനം റോഡ് | 0516 |
| | വള്ളിക്കാട് ലക്ഷംവീട് കോളനി റോഡ് | 0517 |
| 6 | നടുപ്പറമ്പ് - കുന്നത്ത് കുളങ്ങര റോഡ് | 0609 |



5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമാണെങ്കിലും വിദ്യാഭ്യാസരംഗത്തും സാംസ്ക്കാരിക രംഗത്തും വളരെയേറെ മുൻപിലാണ് കുന്നന്താനം എന്ന കൊച്ചു ഗ്രാമം.

കുന്നന്താനം വില്ലേജ് മാത്രമേ ഈ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നുള്ളൂ. സാമ്പത്തിക പിന്നോക്കാവസ്ഥ ഈ ഗ്രാമത്തിന്റെ പാർപ്പിട രംഗത്ത് ഇപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂലിപ്പണിയെടുത്ത് ഉപജീവനം കഴിക്കുന്ന നിരവധി പേർ ഈ ഗ്രാമ പ്രദേശത്തുണ്ട്. ഓല മേഞ്ഞ കുടിലുകളിലോ, ഓട് മേഞ്ഞ ഇടത്തരം വീടുകളിലോ ആണ് ഇവരുടെ താമസം. കോളനികളിൽ താമസിക്കുന്നവരുടെ വീടുകൾ അധികവും വാസയോഗ്യമല്ല. പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെയും വീടുകൾ ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. സർക്കാരിന്റെ വിവിധ പദ്ധതികളായ RLEGP, NREP, JRY, IAY അൺടൈഡ് ഫണ്ട് തുടങ്ങിയവയിൽ ഉൾപ്പെടുത്തി 265 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും ഇനിയും 643 വീടുകൾ കൂടി അനുവദിക്കേണ്ടതായിട്ടുണ്ടെന്ന് കണക്കുകൾ പറയുന്നു.

പഞ്ചായത്തിൽ ആകെയുള്ള 5233 വീടുകളിൽ 55 എണ്ണം ഇരുനില കെട്ടിടങ്ങളാണ്. മൊസേക്, മാർബിൾ, കടപ്പ തുടങ്ങിയവ ഉപയോഗിച്ച് ആഡംബര രീതിയിൽ നിർമ്മിച്ചിട്ടുള്ളവയാണ് ഇതിൽ അധികവും. 975 വീടുകൾ കോൺക്രീറ്റ് ചെയ്ത് ഭേദപ്പെട്ട നിലയിൽ നിർമ്മിച്ചിട്ടുള്ള ഒറ്റ നില കെട്ടിടങ്ങളാണ്. ഇവയുടെ തറ സിമന്റ്, മൊസേക്ക് എന്നിവ കൊണ്ട് തീർത്തിട്ടുള്ളതാണ്. ഓട്, ഷീറ്റ് എന്നിവ കൊണ്ടു നിർമ്മിച്ചിട്ടുള്ള 3613 ഇടത്തരം വീടുകളുടെയെല്ലാം തറ സിമന്റ് ചെയ്തവയാണ്. കുടിലുകളുടെ പരിധിയിൽ വരുന്ന ഓല മേഞ്ഞ 590 വീടുകൾ ഉണ്ട്. ഇവയുടെയെല്ലാം തറ ചാണകം ഉപയോഗിക്കുന്നവയുമാണ്.

വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്തു പണം സമ്പാദിക്കുന്നവർ അധികവും കിട്ടുന്ന പണമുപയോഗിച്ച് ആഡംബര പൂർണ്ണമായ വാസഗൃഹങ്ങൾ നിർമ്മിച്ചു വരുന്ന പ്രവണത കാണുന്നുണ്ട്. പലപ്പോഴും അത്തരം കെട്ടിടങ്ങൾക്ക് ചുമത്തുന്ന നികുതി പോലും ആണ്ടിനാൽ ഒടുക്കുന്നതിന് പില്ക്കാലത്ത് വിഷമിക്കുന്ന ഒട്ടേറെ പേർ ഉണ്ടെന്ന കാര്യവും വിസ്മരിച്ചു കൂടാ. അതുകൊണ്ടു തന്നെ ഇത്തരത്തിലുള്ള ആഡംബര വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടത് സാമൂഹ്യമായും സാമ്പത്തികമായും അത്യാവശ്യമാണ്. ഇതുകൊണ്ട് സാമൂഹ്യപരമായ അസന്തുലിതാവസ്ഥയും ഇല്ലാതാക്കാനാകും. ഇത്തരം കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതോടൊപ്പം ഇതിനു വേണ്ടി മുടക്കുന്ന പണത്തിന്റെ ചെറിയൊരളവ് പഞ്ചായത്ത് തലത്തിൽ തുടങ്ങാവുന്ന വ്യവസായങ്ങൾക്കായി മുടക്കുവാൻ ഇവരെ പ്രേരിപ്പിക്കണം. ഇതിനായി ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്.

പട്ടിക -1

ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ 1992-നുശേഷം (IRDP സർവ്വെ പ്രകാരം)

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|
| I | 104 | 17 | 87 |
| II | 83 | 12 | 71 |
| III | 107 | 31 | 76 |
| IV | 76 | 20 | 50 |
| V | 112 | 45 | 67 |
| VI | 134 | 51 | 83 |
| VII | 96 | 27 | 69 |
| VIII | 109 | 35 | 74 |
| IX | 93 | 27 | 66 |
| ആകെ | 914 | 265 | 643 |

പഞ്ചായത്ത് റോഡിനും പി. ഡബ്ല്യു. ഡി. റോഡിനും സമീപത്തായി ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നുണ്ടെങ്കിലും നെൽപ്പാടങ്ങൾ നികത്തി കെട്ടിടം പണിയുന്ന പ്രവണത ഇവിടെയില്ല. സാധാരണ ജനങ്ങൾ ഭവന നിർമ്മാണ സഹായത്തിനായി ആശ്രയിക്കുന്നത് മല്ലപ്പള്ളി ഹൗസിംഗ് സൊസൈറ്റിയേയാണ്. വായ്പ ലഭിക്കുന്നതിന് ഉണ്ടാകുന്ന തടസ്സങ്ങളും കാലതാമസവും സങ്കീർണ്ണങ്ങളായ ജാമ്യവ്യവസ്ഥയും അമിതമായ പലിശയും സാധാരണക്കാർക്ക് അപ്രാപ്യമായി ഭവന നിർമ്മാണ വായ്പാ പദ്ധതികൾ മാറുന്നു. ഇതിന് തക്കതായ പരിഹാരം കണ്ടെത്തണം. ഭവന നിർമ്മാണ വായ്പകൾ സാധാരണക്കാരന് ആശ്രയിക്കത്തക്ക ഉദാര വ്യവസ്ഥയിലുള്ള പദ്ധതികളാക്കി മാറ്റണം. സബ്സിഡി നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാർ മുൻകൈ എടുക്കേണ്ടതുണ്ട്. ഈ ജനകീയാവശ്യം അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടണം. അങ്ങനെ വന്നാൽ നാടിന്റെ പ്രത്യുല്പാദന രംഗങ്ങളിൽ ഊർജ്ജ സ്വലതയോടെ രംഗത്തിറങ്ങുവാൻ ജനങ്ങൾ തയ്യാറാകും. അത് നാടിന്റെ പുരോഗതിക്ക് കളമൊരുക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയം വേണ്ട.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 1989-90 മുതൽ ജെ. ആർ. വൈ, അൺടൈഡ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി 82 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

സമൂഹത്തിലെ മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് കൂടി ഇത്തരം സൗജന്യ ഭവനനിർമ്മാണ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ടതുണ്ട്. ഇത്തരം ഭവന നിർമ്മാണ പദ്ധതികൾ ലഭിക്കാൻ അർഹതപ്പെട്ട നിരവധി ആളുകൾ പഞ്ചായത്തിൽ ഉണ്ട്. I R D P സർവ്വെ ലിസ്റ്റ് (പട്ടിക - I) പ്രകാരമുള്ള മുഴുവൻ പേർക്കും വീട് നിർമ്മിച്ചു നൽകുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവും കാരണം പാവപ്പെട്ടവന് സ്വന്തമായി ഒരു വീട് എന്ന ആഗ്രഹം ഒരു സ്വപ്നമായി ഇന്നും അവശേഷിക്കുകയാണ്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ ഭവന നിർമ്മാണ വായ്പകൾ ഉദാരമാക്കുകയും വായ്പാത്തുക വർദ്ധിപ്പിക്കുകയും വേണം. അതുപോലെ തന്നെ സർക്കാർ പദ്ധതികളിലൂടെ സൗജന്യമായി വീട് വയ്ക്കുന്നതിന് നൽകുന്ന തുകകളും വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രകൃതി ക്ഷോഭത്തിൽ

പട്ടിക -2

| വാർഡ് | ഇരുനില | | ഒറ്റനില | ഓല | ആകെ | |
|---|---|---|---|---|---|---|
| | ടെറസ് | ഓട് | മറ്റുള്ളവ (ഷീറ്റ്) | | | |
| 1 | 15 | 133 | 427 | 15 | 64 | 654 |
| 2 | 03 | 80 | 272 | 02 | 21 | 378 |
| 3 | 01 | 48 | 312 | 03 | 59 | 423 |
| 4 | 03 | 111 | 605 | 05 | 57 | 781 |
| 5 | - | 47 | 357 | 13 | 84 | 501 |
| 6 | 07 | 144 | 487 | 11 | 51 | 700 |
| 7 | 06 | 156 | 322 | 29 | 67 | 580 |
| 8 | 10 | 77 | 378 | 04 | 93 | 562 |
| 9 | 10 | 179 | 346 | 25 | 94 | 654 |
| ആകെ | 55 | 975 | 3506 | 107 | 590 | 5233 |

വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് യഥാസമയം ലഭിക്കുന്നില്ല. എന്നു മാത്രമല്ല നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കുന്നതിനും, നന്നാക്കുന്നതിനും ലഭ്യമാകുന്ന വായ്പയും സഹായവും അപര്യാപ്തമാണെന്നുള്ള സ്ഥിതിയുമുണ്ട്.

പഞ്ചായത്തിലുള്ള ലക്ഷം വീട് കോളനികളുടെ സ്ഥിതിയും പരിതാപകരമാണ്. 25 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചു നൽകിയ വീടുകളെല്ലാം നിലംപൊത്താവുന്ന സ്ഥിതിയിലുള്ളവയാണ്. ഇരട്ട വീടുകളായി നിർമ്മിച്ചു നൽകിയിട്ടുള്ളവ ഒറ്റ വീടുകളാക്കി തിരിച്ച് താമസ യോഗ്യമാക്കേണ്ടവയാണ്. കോളനികളിലേക്കുള്ള വഴികൾ ഗതാഗതയോഗ്യമല്ലാത്തതും സഞ്ചാര യോഗ്യമല്ലാത്തതുമാണ്.

ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ കുടിലുകൾ മാറ്റി ഇടത്തരം വീടുകളാക്കി മാറ്റുന്നതിനും, ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുമുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കുന്നത് നന്നായിരിക്കും. ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളുടേയും സംയുക്ത സംരംഭത്തോടെ സർക്കാർ ഫണ്ടിനു പുറമെ മനുഷ്യാദ്ധ്വാനവും സാധനങ്ങളും സംഭാവന വഴി സ്വരൂപിച്ച ഈ പദ്ധതി വിജയിപ്പിക്കുന്നതിന് കഴിയും എന്നുള്ളതിന് സംശയമില്ല. പഞ്ചായത്തിന്റെ ശക്തമായ നേതൃത്വത്തിൽ ഇതിനുള്ള പരിപാടികൾ അടിയന്തിരമായും ആരംഭിക്കേണ്ടതുണ്ട്.

**പാർപ്പിട രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

- പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. സാങ്കേതിക പരിജ്ഞാനം ഉള്ളവർ മുതൽ തൊഴിലാളികൾ വരെയുള്ളവരുടെ സേവനം ഈ സംഘത്തിലൂടെ ലഭ്യമാക്കണം. ഭവന നിർമ്മാണ സാധന സാമഗ്രികൾ ഈ സംഘത്തിലൂടെ ന്യായ വിലയ്ക്ക് വിതരണം ചെയ്യുക.
- ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. ജാമ്യ വ്യവസ്ഥകളും തവണ വ്യവസ്ഥകളും ഉദാരമാക്കുക.
- സർക്കാർ പദ്ധതികളിലൂടെ ലഭ്യമാകുന്ന ഭവന നിർമ്മാണ വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

- നിർമ്മാണ ചെലവ് ഒരു നിശ്ചിത തുകയ്ക്കു മുകളിൽ വരുന്ന കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
- സർക്കാർ വകുപ്പുകൾ വഴി ലഭ്യമാകുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിക്കുക.
- കോളനി വീടുകൾ പൊളിച്ചു മാറ്റി പുതിയ വീടുകൾ നിർമ്മിക്കുക.
- ദുർബ്ബല വിഭാഗങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- വള്ളിക്കാട് ലക്ഷം വീട് കോളനിയിലെ വീടുകൾ ഒറ്റ വീടുകളായി തിരിച്ച് താമസ യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ബോധവൽക്കരണവും പ്രചാരവും നൽകുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമേ പട്ടിക ജാതി വികസനത്തിനും, ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗമനത്തിനായി വനിതാ വികസന കോർപ്പറേഷനും സംസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ലഭിക്കുന്ന സഹായങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുക, ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, സാങ്കേതികമായ പ്രശ്നങ്ങൾ എന്നിവ നിലനില്ക്കുന്ന പ്രശ്നങ്ങളാണ്.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായ പ്രവർത്തനം പഞ്ചായത്തിലില്ല. ഈ പ്രവർത്തനമില്ലായ്മയുടെ പ്രധാന കാരണം മുൻപ് പറഞ്ഞിട്ടുള്ളതാണ്. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതാ കുറവ് ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ലഭിക്കേണ്ട ആവശ്യങ്ങൾ ലഭിക്കാതിരിക്കുന്നതിന് സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 2064 കുടുംബങ്ങൾ ഉള്ളതായി കാണക്കാക്കുന്നു. കഴിഞ്ഞ 4 വർഷക്കാലം 145 കുടുംബങ്ങൾക്കായി സാമ്പത്തിക സഹായം വിതരണം ചെയ്തിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 70 കുടുംബങ്ങൾ പട്ടിക ജാതി/ പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിയ കുടുംബങ്ങൾ 27 മാത്രമാണ്.

വാണിജ്യ ബാങ്കുകൾ ഈ പദ്ധതി അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിനു ഗുരുതരമായ ഉദാസീനത കാട്ടുന്നു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ വഴി ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിനും, പ്രസ്തുത സ്ഥാപനങ്ങളിൽ കൂടി ഗ്രാന്റ് ലഭ്യമാക്കുന്നതിനും സംവിധാനം കൊണ്ടുവരേണ്ടതാണ്.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുന്നതിന് പല പദ്ധതികളും ഉണ്ടെങ്കിൽ തന്നെയും അതിന്റെ പ്രയോജനങ്ങൾ പഞ്ചായത്തിൽ എത്രമാത്രം ലഭിക്കുന്നുണ്ട് എന്നുള്ള കാര്യത്തിൽ പരിശോധന ആവശ്യമാണ്. 18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പദ്ധതി പ്രകാരം 17 പേർക്ക് പരിശീലനം നൽകിയതിൽ സ്വയം തൊഴിൽ കണ്ടെത്തിയത് ഒരേ ഒരാൾ മാത്രം. അവരിൽ ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ 13 പേരുണ്ട്. ഇനിയും അവശേഷിക്കുന്ന 3 പേർ ഉണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി പ്രകാരം സഹായം ലഭിച്ചവരുടെ എണ്ണം 4 ആണ്. ഇനിയും സഹായത്തിന് അർഹതയുള്ള 71 പേരുണ്ട്. (IRDP സർവ്വെ റിപ്പോർട്ട്)

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C. R. S. P. കഴിഞ്ഞ 5 വർഷക്കാലം 332 കക്കൂസ് മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ചുരുങ്ങിയ ആളു

പട്ടിക -3

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പഞ്ചായത്തിൽ നിന്നും സൗജന്യമായി നൽകിയ വീടുകൾ (ജെ. ആർ. വൈ, അൺടൈഡ് ഫണ്ട് പ്രകാരം)

| വാർഡ് നമ്പർ | | ജെ. ആർ. വൈ പദ്ധതി | | | അൺടൈഡ് ഫണ്ട് പദ്ധതി | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | | | | | |
| 1 | 01 | 02 | - | - | 01 | - | 01 | - | - | 05 |
| 2 | 01 | 01 | - | - | - | 01 | - | 01 | 05 | |
| 3 | 01 | 02 | - | 01 | 01 | 01 | - | 01 | 01 | 08 |
| 4 | 01 | 04 | 02 | 01 | 04 | - | 01 | - | - | 13 |
| 5 | 01 | 04 | 01 | - | - | 01 | - | 02 | 01 | 10 |
| 6 | 02 | 03 | 01 | - | 02 | 01 | 02 | - | 02 | 13 |
| 7 | 01 | 02 | - | - | 01 | - | - | - | - | 04 |
| 8 | 02 | 06 | 01 | 01 | 02 | - | 01 | 02 | - | 15 |
| 9 | 01 | 04 | - | 02 | 02 | - | - | - | 09 | |
| ആകെ | 11 | 28 | 05 | 05 | 13 | 04 | 06 | 05 | 05 | 82 |

കൾക്ക് മാത്രമാണ് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്. സർവ്വെ ലിസ്റ്റിൽ ബാക്കിയുള്ള 690 കുടുംബങ്ങൾക്കു കൂടി കക്കൂസുകൾ ലഭ്യമാക്കുകയും ധനസഹായ ത്തുക വർദ്ധിപ്പിക്കുകയും വേണം.

## DWCRA പദ്ധതി

സ്ത്രീകളുടെയും കുട്ടികളുടെ ഉന്നമനത്തിനായി പത്തോ, അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തി ക്കുന്ന തൊഴിൽ സംരംഭമാണ് DWCRA

പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം കാര്യക്ഷ മമായി പ്രവർത്തിക്കുന്ന രണ്ട് യൂണിറ്റുകളുണ്ട്. അവ ചുവടെ ചേർക്കുന്നു.

### വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമ പദ്ധതി കൾ

സാമൂഹ്യക്ഷേമ രംഗത്ത് കാര്യക്ഷമമായ മു ന്നേറ്റം ഉണ്ടാക്കുവാൻ കഴിയുന്ന ക്ഷേമപദ്ധതികൾ ഉണ്ടെങ്കിൽ തന്നെയും അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നില്ല. ഈ പദ്ധതികൾ പൂർണ്ണമാ യും ഗ്രാമ പഞ്ചായത്ത് തലത്തിലേക്ക് കൈമാറേണ്ട താണ്.

### പെൻഷനുകളെ സംബന്ധിച്ച്:-

### വിധവാ പെൻഷൻ

വിധവാ പെൻഷന്റെ ഗുണഭോക്താക്കളുടെ എണ്ണം 63 പേരാണ്. ഈ പെൻഷൻ ലഭിക്കണമെങ്കിൽ പെൻഷനർ സഹിക്കേണ്ടി വരുന്ന യാതനകളും കഷ്ട പാടുകളും ദുഃഖകരമായ ഒന്നാണ്. ഉദ്യോഗസ്ഥന്മാ രുടെ അലംഭാവം. സമൂഹത്തോടു ഇവർ കാണിക്കുന്ന ക്രൂരത ആരെയും ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതാ ണ്.

### വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 65 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നുണ്ട്. വികലാംഗത്വം തെളിയിക്കു ന്നതിനുള്ള സർട്ടിഫിക്കറ്റ് അതാത് പഞ്ചായത്ത് തല ത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ആഫീസർക്ക് കൊടുക്കുവാനുള്ള അധികാരം നല്കണം.

### കർഷക തൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ 93 പേർക്ക് കർഷകത്തൊഴി ലാളി പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻ

പേർക്കും ഈ പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. കർഷകത്തൊഴിലാളികളെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെംബർമാർക്ക് നൽകണം. ഈ ആനുകൂല്യം ലഭിക്കുവാനുള്ള ലിസ്റ്റ് കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നത് ഉചിതമായിരിക്കും.

## തൊഴിലില്ലായ്മ വേതനം

യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തി ഈ വേതനം കൊടുക്കുന്ന സംവിധാനം ആവശ്യമാണ്. പഞ്ചായത്തിൽ 160 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട്.

ക്ഷേമ പെൻഷനുകൾക്ക് അർഹരായ ധാരാളം ആളുകൾ അറിവില്ലായ്മമൂലം അപേക്ഷകൾ യഥാസമയം കൊടുക്കുവാൻ സാധിക്കാത്തവരായി ഓരോ വാർഡിലുമുണ്ട്. ഇപ്രകാരമുള്ളവരുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കഴിയണം.

## അംഗനവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലില്ല. ഓരോ വാർഡിലും അടിയന്തിരമായി അംഗൻവാടികൾ ആരംഭിക്കുന്നതിന് സത്വര നടപടി ഉണ്ടാകണം.

## ക്ഷേമ നിധി

പഞ്ചായത്തിൽ നല്ല ശതമാനം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നു. ക്ഷേമ നിധിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് എന്ന് വ്യക്തമല്ല. കഠിനാദ്ധ്വാനം ചെയ്യുന്ന ഈ മേഖലയിലെ തൊഴിലാളികൾക്ക് സമ്പത്തീകമായ പദ്ധതികൾ ആവിഷ്കരിക്കുകയും സൗജന്യ വൈദ്യ സഹായം, ഭവന നിർമ്മാണ പദ്ധതി, കുട്ടികൾക്ക് പഠനാവശ്യത്തിന് വിദ്യാഭ്യാസ സഹായം എന്നിവ ലഭ്യമാക്കുന്നതിന് സംവിധാനം ഉണ്ടാകണം.

കൂടാതെ തയ്യൽ തൊഴിലാളികൾ, ബാർബർമാർ, കൊല്ലന്മാർ, മരം കയറ്റക്കാർ, ബീഡി തൊഴിലാളികൾ, ഫോട്ടോ ഗ്രാഫർമാർ തുടങ്ങിയവർക്ക് ക്ഷേമനിധി ഉണ്ടെങ്കിൽ തന്നെയും ഈ നിധിയിൽ അംഗങ്ങളായവരുടെ ലിസ്റ്റ് ലഭ്യമല്ല.

സാമൂഹ്യ ക്ഷേമകരമായ ഇത്തരം പദ്ധതികൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കുന്നത് നന്നായിരിക്കും. പഞ്ചായത്തു തലത്തിൽ ഒരു വൃദ്ധ മന്ദിരം ആരംഭിക്കുന്നതിന് നടപടി ഉണ്ടാകണം.

## പൊതു വിതരണം

പൊതു വിതരണ രംഗത്ത് കുന്നന്താനം സഹകരണ ബാങ്കിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന പല ചരക്ക് വ്യാപാര സ്റ്റോർ മാത്രമേയുള്ളൂ. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റ് പിടിച്ചു നിർത്താനും സാധാരണക്കാരന് നിയന്ത്രിത വിലയ്ക്കു സാധനങ്ങൾ നൽകാനും കഴിയണമെങ്കിൽ പഞ്ചായത്തു തലത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് സത്വര നടപടികൾ എടുക്കുന്നതിന് പഞ്ചായത്തു കമ്മറ്റി സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

## റേഷൻ ഷോപ്പ് (പൊതു വിതരണ കേന്ദ്രം)

പഞ്ചായത്തിൽ 9 റേഷൻ ഷോപ്പുകൾ (പൊതു വിതരണ കേന്ദ്രങ്ങൾ) പ്രവർത്തിക്കുന്നുണ്ട്.

അനുദിനം സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയേണ്ട ഒരു സ്ഥാപനമായി റേഷൻ ഷോപ്പുകൾ പ്രവർത്തിക്കണം. 1503 കാർഡുടമകൾ ഉണ്ട്. നല്ലയിനം അരി, ഗോതമ്പ് എന്നിവ ലഭ്യമാക്കാൻ സംവിധാനം ഉണ്ടാകണം. പഞ്ചായത്തിലെ റേഷൻ ഷോപ്പുകളുടെ നിയന്ത്രണം പൂർണ്ണമായി പഞ്ചായത്തിന് കൈമാറിയാൽ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും.

ഉപഭോക്ത മേഖലയെ കാര്യക്ഷമമാക്കി കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്ത് തലത്തിൽ ഉപഭോക്ത സംരക്ഷണ സമിതി രൂപീകരിക്കുന്നത് നന്നായിരിക്കും.



5-ട

# സംസ്ക്കാരം

ആഞ്ഞിലിത്താനം, മുണ്ടിയപ്പള്ളി, വള്ളമല, കുന്നന്താനം, മുക്കൂർ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു പഴയ കുന്നന്താനം. കവിയൂർ പ്രവൃത്തിയുടെ അധീനതയിൽ ആയിരുന്നു ദീർഘകാലം ഈ പ്രദേശം. പഞ്ചായത്തു ഭരണം വന്നതോടു കൂടി മുണ്ടിയപ്പള്ളി പ്രദേശം കവിയൂർ പഞ്ചായത്തിന്റെ ഭാഗമായി മാറി. 1980 കളിൽ കവിയൂർ വില്ലേജ് വിഭജിച്ച് കുന്നന്താനം വില്ലേജ് രൂപീകരിച്ചു. ക്രിസ്ത്യാനികളും നായന്മാരും പട്ടികജാതി/പട്ടിക വർഗ്ഗ ഈഴവ ജാതി പിന്നോക്ക വിഭാഗങ്ങളും ഇവിടെ ഒരുമയോടു പുലർന്നു വന്നു. പ്രസിദ്ധമായ ചങ്ങനാശ്ശേരി വാണിജ്യ കേന്ദ്രത്തെ കിഴക്കൻ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന കണ്ണികളിൽ ഒന്നാണ് കുന്നന്താനം. ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിലനിന്നിരുന്ന വൈവിദ്ധ്യമാർന്ന കലകളും, സംസ്കാരവും ഇവിടെയും നില നിന്നിരുന്നു. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭണ സമരങ്ങളിൽ മുൻപന്തിയിൽ നിന്ന ഏതാനും വിശിഷ്ട വ്യക്തികളിൽ കെ. ആർ. കേശവ പിള്ള പ്രത്യേകം അനുസ്മരിക്കേണ്ട വ്യക്തിയാണ്. ഗ്രന്ഥശാല സംഘ പ്രവർത്തകനായും, പഞ്ചായത്തു പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

അതിപുരാതനമെന്നു പ്രകീർത്തിക്കപ്പെടാവുന്ന ക്ഷേത്രങ്ങളും പള്ളികളും ഇവിടെ ഉണ്ട്. ഈ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകൾ, ഒരു യു. പി. സ്ക്കൂൾ, 6 എൽ. പി. സ്ക്കൂളുകൾ എന്നിവയും ഉണ്ട്. ഒരു മലയാളം സ്ക്കൂൾ ആരംഭിച്ച് പ്രശസ്തമായ നിലയിൽ എൽ. പി., യു. പി. സ്ക്കൂളായി വളർന്നു എങ്കിലും പിൽക്കാലത്തു പ്രവർത്തനരഹിതമായി.

മഠത്തിൽക്കാവു ഭഗവതി ക്ഷേത്രത്തിലെ പടയണി വളരെ പ്രസിദ്ധമാണ്. മറ്റു ക്ഷേത്രങ്ങളിലും ഉത്സവങ്ങളോടു അനുബന്ധിച്ച് കലാ പരിപാടികൾ നടത്താറുണ്ട്. പള്ളികളിലും പെരുന്നാളിനോട് അനുബന്ധിച്ച് റാസകളും പല കലാപരിപാടികളും നടത്താറുണ്ട്. ഉത്സവങ്ങളും പെരുന്നാളുകളും മാനവ മൈത്രിയുടെയും സാഹോദര്യത്തിന്റെയും പ്രതീകമാണ്.

പഞ്ചായത്തു പ്രദേശത്തു 4 സാംസ്കാരിക നിലയങ്ങൾ പ്രവർത്തിച്ചു വരുന്നു. ആഞ്ഞിലിത്താനം വൈ. എം. എ., ഗ്രന്ഥശാല, മാന്താനം എം. എൻ. പി. എം. ഗ്രന്ഥശാല, അമ്പലത്തുങ്കൽ സ്വരാജ് ഗ്രന്ഥശാല, പഞ്ചായത്തു സാംസ്ക്കാരിക നിലയത്തോടു അനുബന്ധിച്ചുള്ള ഗ്രന്ഥശാല എന്നിവയാണ് ഈ സാംസ്ക്കാരിക നിലയങ്ങൾ.

സാക്ഷരതാ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടത്തിൽ തുടർ വിദ്യാഭ്യാസത്തിന് നേതൃത്വം നല്കാനും ഇൻഫർമേഷൻ സെന്ററുകൾ ആയി പ്രവർത്തിക്കുവാനും വേണ്ടി ഉദ്ഘാടനം ചെയ്യപ്പെട്ട ജനവിദ്യാ കേന്ദ്രങ്ങൾ പ്രവർത്തന രഹിതമായി.

നിരവധി അമചർ കലാ സമിതികൾ ജന്മം കൊള്ളുകയും അകാല മൃത്യു അടയുകയും ചെയ്ത അനുഭവം ഇവിടെയുണ്ട്. കലാ കായിക രംഗത്തു പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനങ്ങൾ

ഓണം, ക്രിസ്തുമസ് എന്നീ അവസരങ്ങളിൽ മാത്രമായി ഒതുങ്ങുന്നു.

കലാകായിക രംഗങ്ങളിൽ മിടുക്കരായവരെ തെരഞ്ഞെടുത്തു പരിശീലനം നല്കുന്നതിനാവശ്യമായ വേദികൾ നിലവിൽ ഇല്ല. ജില്ലാ സംസ്ഥാന തലങ്ങളിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിവുള്ള പ്രതിഭകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവർക്കു വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ

സാംസ്കാരിക രംഗത്തു പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

വാർഡുകൾ 1, 3, 4, 5 എന്നിവിടങ്ങളിൽ ഗ്രന്ഥശാലകൾ നിലവിൽ ഇല്ല.

ആഞ്ഞിലിത്താനം, അമ്പലത്തുങ്കൽ, മാന്താനം എന്നീ ഗ്രന്ഥശാലകളിൽ വൈദ്യുതി സൗകര്യം ഇല്ല.

കായിക രംഗത്തു പ്രാചീനമായ കളികൾ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

കായിക രംഗത്തുള്ള നിർദ്ധന കുട്ടികൾക്ക് പ്രോത്സാഹനം ഇല്ല

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തു ആസ്ഥാനത്തു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.

ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഇവ സ്ഥാപിക്കുക.

ജനവിദ്യാ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കുക.

രണ്ടാം വാർഡിലെ സ്വരാജ് വായനശാലക്കു പുതിയ കെട്ടിടം പണിയുക.

നാമാവിശേഷമായിക്കൊണ്ടിരിക്കുന്ന കലാ രൂപങ്ങളെ സർവ്വ നാശത്തിൽ നിന്നും സംരക്ഷിക്കുക.

നമ്മുടെ സാംസ്കാരിക തനിമയ്ക്കു ഭംഗം വരുത്തുന്ന രീതിയിലുള്ള പല വൈകൃത കലാരൂപങ്ങളും ഇന്നു പല മാദ്ധ്യമങ്ങളിൽ കൂടി കടന്നു വരുന്നു. ഈ നമ്മുടെ സാംസ്കാരികമായി മൂല്യ തകർച്ചക്കു കാരണമാകുന്നു. ഇതു വളരെ ഗൗരവമായി കാണേണ്ട ഒരു കാര്യമാണ്.

പഞ്ചായത്തു വക കളി സ്ഥലം (ഇളപ്പുങ്കൽ) എത്രയും വേഗം വികസിപ്പിച്ച്, സ്റ്റേഡിയമായി മാറ്റുക.

കമ്മ്യൂണിറ്റി ഹാൾ എത്രയും വേഗം പൂർത്തിയാക്കുക.



5-ൽ

# വനിതാക്ഷേമം

കുന്നന്താനം പഞ്ചായത്തിലെ മൊത്തം ജന സംഖ്യയായ 18489-ൽ സ്ത്രീകളുടെ എണ്ണം 9631 ആണ്. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ പുരുഷന്മാ രോടൊപ്പമെത്താൻ സ്ത്രീകൾക്കായിട്ടില്ല. ആനുപാതി കമായി ഇപ്പോഴും വളരെ പിന്നിലാണ്. ആധുനിക യുഗത്തിലെ സ്ത്രീയായി ഉണരാനും വളർച്ച പ്രാപിക്കു വാനും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ പ്രത്യേകിച്ചു എടുത്തു പറയാവുന്ന വനിതാ സാമൂഹ്യ ക്ഷേമ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നില്ല. സ്ത്രീ പീഡനങ്ങൾ ഇവിടെ ഒരു വിഭാഗത്തിലും ഉണ്ടാവുന്നില്ലെന്നു തന്നെ പറയാം. അഥവാ ഉണ്ടാകുന്ന ചെറിയ ചെറിയ പ്രശ്ന ങ്ങൾ അതാതു രാഷ്ട്രീയ-സാമുദായിക സംഘടനക ളുടെ നേതൃത്വത്തിലും മദ്ധ്യസ്ഥതയിലും പരിഹരിക്ക പ്പെട്ടു വരുന്നു.

സ്ത്രീകൾ സാക്ഷരതയുടെ കാര്യത്തിൽ പഞ്ചാ യത്തിലെ പുരുഷന്മാരോടൊപ്പം നില്ക്കുന്നു. ഗ്രാമ ത്തിന്റെ എല്ലാ വാർഡിലും വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ട്. അതുപോലെ ഗ്രന്ഥശാലകൾ, മറ്റു സ്ഥാപന ങ്ങൾ എന്നിവ സാംസ്കാരിക ക്ഷേമ പ്രവർത്തന ങ്ങൾക്ക് തണലായി നില കൊള്ളുന്നു. പൂർണ്ണമായും ഈ പഞ്ചായത്തു കാർഷിക മേഖലയിലാണെങ്കിലും കൃഷി, മൃഗസംരക്ഷണം മുതലായവ കുടുംബ ജീവിത ത്തിന്റെ ഭാഗമായി കാണുന്നവരാണ് സ്ത്രീകൾ. കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ പോലും പൂർണ്ണമായി കാർഷികവൃത്തി അവലംബി ക്കുന്നില്ല. വ്യാവസായിക രംഗത്തു സ്ത്രീകളുടെ പങ്കാ ളിത്തം ഒട്ടും തന്നെയില്ല. പിന്നീടു സ്ത്രീകൾക്കു തൊഴിൽ മേഖലയുമായി ബന്ധമുള്ളത് അദ്ധ്യാപക വൃത്തിയും തത്തുല്യമായ തൊഴിൽ രംഗങ്ങളുമാണ്. ഇക്കൂട്ടർ കുടുംബ ജീവിതം പങ്കിടുന്നത് തത്തുല്യ വിഭാഗങ്ങളിലെ പുരുഷന്മാരുമായിട്ടാണ്. ഇതിൽ നിന്നെല്ലാം വ്യത്യസ്ഥമായി കർഷകത്തൊഴിലാളികൾ കെട്ടിടനിർമ്മാണം, റോഡുപണികൾ മുതലായവയു മായി ബന്ധപ്പെട്ടും പ്രവൃത്തിക്കുന്നവരാണ്. അങ്ങനെ വ്യത്യസ്ഥ മേഖലകളിൽ പണിയെടുക്കുന്ന വനിതകൾ പോലും അവരവരുടെ വർഗ്ഗ സംഘടനകളിൽ കേവല മെമ്പർമാർ മാത്രമാണ്. പുരുഷ ജീവനക്കാരുടെയും തൊഴിലാളികളുടെയും കുടുംബാംഗങ്ങൾ ആയതു കൊണ്ട് ഒരു രംഗത്തും സ്ത്രീകൾ തന്നെ അവകാശ ങ്ങൾക്കു പോരാടേണ്ടി വന്നിട്ടില്ല.

സമൂഹത്തിലെ താഴെ തട്ടിലുള്ള വിഭാഗങ്ങ ളിൽപ്പെടുന്ന കുടുംബങ്ങളിലെ സ്ത്രീകൾ ഇപ്പോഴും ചില വേർതിരിവുകൾക്ക് വിധേയരാകുന്നുണ്ട്. പുരു ഷന്മാരുടെ അമിതമായ മദ്യപാനം, ചൂതുകളി തുട ങ്ങിയ സാമൂഹ്യ തിന്മകളുടെ തിക്ത ഫലങ്ങൾ ഇപ്പോ ഴും ചില കുടുംബങ്ങളിൽ സർവ്വ സാധാരണമാണ്. അതിനു വേണ്ടി സ്ത്രീ സംഘടനകൾ ഉണർന്നു പ്രവർത്തിക്കേണ്ടതാണ്. അതുപോലെ ഏറ്റവും അടി യന്തിരമായി ചെയ്യേണ്ട ഒരു കാര്യമാണ് ബോധ വൽക്കരണം. ഇതിലൂടെ സമൂഹത്തിലെ സാമൂഹ്യ തിന്മകളെ ഒരു പരിധി വരെ നിയന്ത്രിക്കാവുന്നതാണ്.

നമ്മുടെ ഗ്രാമത്തിൽ സാമാന്യ വിദ്യാഭ്യാസം ലഭിച്ച അനേകം തൊഴിൽ രഹിതരും കാർഷിക

വൃത്തിയടക്കമുള്ള ഇതര തൊഴിൽ രംഗങ്ങളെ ദുരഭിമാനത്തിന്റെ പരിധിയിൽപ്പെടുത്തി കാണുന്നവരുമായ വീട്ടമ്മമാർ നിരവധിയുണ്ട്. എന്നാൽ അവരിൽ ഇന്ന് പുരുഷ വർഗ്ഗത്തിൽ നിന്നുള്ള നിയന്ത്രണങ്ങളിൽ അയവു വരുത്തി തൊഴിൽ പരിശീലനം നല്കുകയും, സഹകരണാടിസ്ഥാനത്തിൽ അവരുടെ വിവിധ വാസനകൾക്ക് പുനർ ജന്മം നല്കുകയും ചെയ്താൽ മാന്യമായ തൊഴിലും, അതിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. അങ്ങനെ സ്ത്രീ പുരുഷ അവസര സമത്വം എന്ന സങ്കല്പം ഒരു പരിധി വരെ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് ഗ്രാമ സഭാ ചർച്ചകളിൽ ഉയർന്നു വരികയുണ്ടായി.

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്നതും സ്ത്രീകളാൽ നയിക്കപ്പെടുന്നതുമായ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായവും, സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതി വിഹിതവും യഥാവിധി വിനിയോഗിക്കുവാൻ അവസരം ലഭിച്ചാൽ സ്ത്രീകൾക്ക് കാല ക്രമേണ അവരവരുടെ മേഖലകളിൽ തങ്ങളുടെ കഴിവു തെളിയിക്കാൻ കഴിയും.

അവസരം നല്കിയാൽ സ്ത്രീകൾ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ അവരുടെ കഴിവു വിനിയോഗിക്കുവാനും അതിലൂടെ സാമൂഹ്യ രംഗത്തെ നേതൃത്വത്തിലേക്കു കടന്നു വരാനും അവസരം ഉണ്ടാകുമെന്നു ഗ്രാമ സഭാ ചർച്ചകളിൽ പൊതുവേ ഉയർന്നു വന്ന അഭിപ്രായങ്ങളാണ്. പുരുഷ വനിതാ വേർതിരിവ് കുറച്ച് വനിതകൾക്കു കൂടി പങ്കാളിത്തവും ഉത്തരവാദിത്വവുമുള്ള സാമൂഹ്യ പ്രവർത്തനരംഗം പുഷ്ടിപ്പെടുത്തുന്നതോടുകൂടി മാത്രമെ ഈ ഗ്രാമത്തിന്റെ സമഗ്ര വികസനം നടപ്പിലാക്കാനാവൂ എന്നും ഗ്രാമ സഭകൾ കണ്ടെത്തി.

## പ്രശ്നങ്ങൾ

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കു മതിയായ പരിഗണന ലഭിക്കുന്നില്ല. പൊതുവേ സ്ത്രീകൾ ഏർപ്പെടുന്ന മേഖലകളിൽ കൂലി കുറവാണ് ലഭിക്കുന്നത്.

സാമ്പത്തിക പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളുടെ സംരക്ഷണ ചുമതല സ്ത്രീകൾ ഏറ്റെടുക്കേണ്ട ഒരു ബാദ്ധ്യതയായി വരുന്നു.

സാമൂഹ്യ ബോധവൽക്കരണമില്ലായ്മയും പുരുഷന്മാരുടെ മദ്യപാനവും ചീട്ടുകളിയും സ്ത്രീകളെ അലട്ടുന്ന പ്രശ്നങ്ങളാണ്.

വനിതാ സംഘടനകളുടെ അപര്യാപ്തത ഒരു വലിയ സാമൂഹ്യ പ്രശ്നമായി നിലനില്ക്കുന്നു.

പെൺകുട്ടികൾക്കു മാത്രമായി ഒരു വിദ്യാഭ്യാസ സ്ഥാപനം പഞ്ചായത്തിൽ ഇല്ല എന്നുള്ളതു ഒരു കുറവാണ്.

രാഷ്ട്രീയ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ഒന്നും തന്നെ ഈ ഗ്രാമത്തിൽ ഇല്ലെന്നു പറയാം.

## നിർദ്ദേശങ്ങൾ

വനിതാ ക്ഷേമത്തിനു വേണ്ടി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. (തയ്യിൽ, എംബ്രോയിഡറി, പ്ലാസ്റ്റിക് വർക്ക്സ്, കംപ്യൂട്ടർ സെൻറർ, ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ)

വനിതാ സഹകരണ സംഘം, ബാലവാടി ഇവ ആരംഭിക്കുക.

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക.

പരമ്പരാഗത തൊഴിൽ മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടികൾ തുടങ്ങി വയ്ക്കുക.

ആടുമാടുകൾ, കോഴി, താറാവ്, മുയൽ, പന്നി ഇവയെ വളർത്തുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആരംഭിക്കുക.

പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങുക

വനിതകൾക്കായി അഗ്രികൾച്ചറൽ, ഹോൾട്ടികൾച്ചറൽ, മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുക.

എല്ലാ വാർഡുകളിലും പച്ചക്കറി, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക.

റബ്ബറധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

എല്ലാ വാർഡിലും അംഗൻ വാടികൾ സ്ഥാപിക്കുക.

കരകൗശല വ്യവസായ സംഘങ്ങൾ ആരംഭിക്കുക.

റെഡിമെയ്ഡ് വസ്ത്രങ്ങൾ, സോപ്പ്, കറിപൗഡർ, ഭക്ഷ്യ വസ്തുക്കൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു യൂണിറ്റു ആരംഭിക്കുക.

സ്ത്രീകളുടെ മാനസിക ഉല്ലാസത്തിനും, സാംസ്ക്കാരിക വികസനത്തിനും ഉപകരിക്കുന്ന കേന്ദ്രങ്ങൾ എല്ലാ വാർഡിലും ആരംഭിക്കുക.

വാർഡ് 8 ലെ ഡിവൈൻ മഹിളാ സമാജത്തിനോടു ചേർന്ന് ഒരു ഫീഡിംഗ് സെന്റർ ആരംഭിക്കുക.

സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുന്നതിനു വേണ്ട ബോധവൽക്കരണ പ്രവർത്തനം വ്യാപിപ്പിക്കുക.

മൂന്നാം വാർഡിലെ കാരയ്ക്കാട് കോളനിയിൽ പ്രവർത്തിക്കുന്ന അംബ്ദക്കർ മെമ്മോറിയൽ DWCRA യൂണിറ്റിലെ അംഗങ്ങളായ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിന് പ്രസ്സും, ബുക്കു ബയന്റിംഗ് സെന്ററും ആരംഭിക്കുക.

അംഗ വൈകല്യം ഉള്ള വനിതകൾ, വിധവകൾ, മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്നവർ എന്നിവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.



# 5-10

# സഹകരണമേഖല

സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ തുടക്കം കുറിച്ചത് 1904-ലെ കേന്ദ്ര പരസ്പര സഹായ സംഘം നിയമം നടപ്പിൽ വന്നതു മുതൽക്കാണെങ്കിലും, ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചതുവരെ പ്രസ്ഥാനത്തിന്റെ വളർച്ച അഭികാമ്യമായിരുന്നു എന്നു പറയുവാൻ സാധിക്കുകയില്ല. 1904-ലെ സഹകരണ നിയമം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതിനു മാത്രം ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആവിർഭാവത്തോടെ, ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കഴിഞ്ഞു.

15. 6. 1962-ൽ കുന്നന്താനം സർവ്വീസ് സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്ത് 15. 7. 1962-ൽ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ 289 അംഗങ്ങളും, 5240 രൂപ ഓഹരി മൂലധനത്തോടും കൂടി ആരംഭിച്ച ഈ സംഘത്തിന് ശ്രീമാന്മാരായ ശ്രീ. പി. സി. ഫിലിപ്പ്, കെ. ആർ. കേശവപിള്ള, സി. കെ. ശിവരാമൻ പിള്ള, സി. എൻ. കൃഷ്ണൻ, പി. ഐ. ചെറിയാൻ, കെ. ആർ. ഗോവിന്ദപിള്ള, കെ. കെ. അച്യുത കൈമ്മൾ എന്നിവർ നേതൃത്വം കൊടുത്തു. തുടർന്ന് ശ്രീ. കെ. എസ്. ഭാസ്ക്കരൻപിള്ള, ശ്രി. വി. എൻ. കൃഷ്ണൻ നായർ, ശ്രീ. വി. പി. രാഘവൻനായർ, ശ്രീ. പി. ജി. രാഘവൻപിള്ള, ശ്രീ. പി. ഐ. ചെറിയാൻ, ശ്രീ. സി. പി. രവീന്ദ്രനാഥൻപിള്ള എന്നിവർ അദ്ധ്യക്ഷ പദവി അലങ്കരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഈ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടതാണെങ്കിൽ തന്നെയും, ആഞ്ഞിലിത്താനം, വള്ളമല എന്നീ പ്രദേശങ്ങൾ മുണ്ടിയപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്തി അംഗത്വം കൊടുക്കുന്നു.

സഹകരണ നിയമത്തിന് വിരുദ്ധമായ ഈ നടപടി പുനഃപരിശോധിക്കേണ്ടതും, ഈ മേഖലയിലുള്ളവർക്ക് മുണ്ടിയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് അംഗത്വം കൊടുക്കുന്ന നടപടി അവസാനിപ്പിക്കേണ്ടതുമാണ്.

കുന്നന്താനം സഹകരണസംഘത്തിന്റെ ഇന്നത്തെ അവസ്ഥ.

3760 എ ക്ലാസ്സ് അംഗങ്ങളും, 284500 രൂപ ഓഹരി മൂലധനവും, 5030400 രൂപ നിക്ഷേപവും 5713810 രൂപ പ്രവർത്തന മൂലധനവും ഈ സംഘത്തിനുണ്ട്. സഹകാരികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്ക രീതിയിൽ പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം നില നില്ക്കുന്നു. അതിനുള്ള പ്രധാന കാരണം വായ്പ വാങ്ങുന്നവർ കൃത്യമായി തിരിച്ച് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം ഉപഭോക്താവിന്റെ ആവശ്യത്തിന് വായ്പ കൊടുക്കുന്നതിന് കഴിയാതെ വരുന്നു. ബാങ്കിന്റെ ഇന്നത്തെ സ്ഥിഥി മാറി നല്ല ഒരു സഹകരണ ബാങ്കായി വളരണമെങ്കിൽ നിശ്ചയദാർഢ്യത്തോടു കൂടിയുള്ള ഒരു ചുവട് വയ്പ് ആവശ്യമാണ്. കാലാകാലങ്ങളിൽ തെര

ഞ്ഞെടുക്കപ്പെട്ടു വരുന്ന ഭരണസമിതി സഹകാരികളു മായുള്ള നിരന്തരമായ ബന്ധം, ജീവനക്കാരുടെ കാര്യ ക്ഷമമായ പ്രവർത്തനം, മാറി വരുന്ന സാമ്പത്തിക ഘടനക്കനുസരിച്ച് പ്രവർത്തിക്കുക മൂലം ജനങ്ങ ളുടെ വിശ്വാസം ആർജ്ജിക്കുവാൻ കഴിയും. മുൻപ് നടന്ന ധനാപഹരണം ബാങ്കിനെക്കുറിച്ചുള്ള സഹകാ രികളുടെ വിശ്വാസം തകർത്തു കളഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ ഈ തകർച്ചയിൽ നിന്നും, ഈ പ്രസ്ഥാനത്തെ കര കയറ്റുന്നതിന് അർപ്പണ മനോഭാ വത്തോടെ പ്രവർത്തിക്കുന്ന ഭരണ സമിതിയും, ജീവ നക്കാരും വലിയ ഒരു ഘടകമാണ്. ഇടപാടുകാരുമായി നിരന്തര സമ്പർക്കം, വികസന ബാങ്കിംഗ് നടത്താനുള്ള ശേഷി, സഹകാരികളുടെ ആവശ്യാനു സരണം വായ്പ കൊടുക്കൽ തുടങ്ങിയ കാരണങ്ങ ളാൽ സംഘത്തിന്റെ പ്രവർത്തനം ഏറെ വളർത്തു വാൻ സാധിക്കും. അതുകൊണ്ട് അടിയന്തിരമായി ചെ യ്യേണ്ടത്, സംഘത്തിന്റെ വ്യാപാരം വർദ്ധിപ്പിക്കുക, നിക്ഷേപത്തിന്റെ ഘടനയിൽ മാറ്റം വരുത്തി നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുക, കുടിശിഖയും, കുടിശിഖ പലിശ യും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക. പ്രവർത്തന മൂലധനത്തിന്റെ ലാഭകരമായ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ മൂലം സംഘത്തിന് ലാഭകരമായി പ്രവർത്തിക്കുന്നതിന് കഴിയും.

## കാർഷിക മേഖല

കർഷക കുടുംബങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിലെ ഓഹരി ഉടമകൾക്ക് വായ്പ നൽകു ന്നതിന് കഴിയാത്ത സ്ഥിതി ഇന്ന് നില്ക്കുന്നു. 2000 രൂപ നിരക്കിൽ കൊടുക്കുന്ന ഹ്യസ്വകാല വായ്പ യാണ് ആകെ ആശ്രയിക്കാനുള്ളത്. ഈ ബാങ്കിൽ കർഷകർ മുഴുവനും അംഗങ്ങളല്ല. 1995-96 വർഷം കാർഷിക വായ്പയിനത്തിൽ 1437417 രൂപയും സ്വർണ്ണപണയ വായ്പയിനത്തിൽ 1517572 രൂപയുമാണ് അംഗങ്ങൾക്ക് നൽകിയത്. വളം, കീടനാ ശിനി എന്നിവ വിതരണം, പല ചരക്ക് വ്യാപാരം എന്നിവ നടത്തുന്നു. രണ്ടു നമ്പർ ചിട്ടികൾ നടന്നു വരുന്നു. കൃത്യസമയത്ത് വായ്പ തിരിച്ചടച്ച് നടക്കാ ത്തതുമൂലം ബാങ്ക് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ലക്ഷക്കണക്കിന് നഷ്ടം ഉണ്ടാക്കുക യും ചെയ്തു.

## വിവിധ മേഖലയിൽ നടപ്പി ലാക്കേണ്ട പദ്ധതികൾ

ബാങ്കിന്റെ സുഗമമായ നടത്തിപ്പിനും, ബാങ്കിന്റെ നഷ്ടം നികത്താനുമായി പലിശ രഹിത ദീർഘ കാല വായ്പയോ ഓഹരി മൂലധനമോ അനുവ ദിക്കുക.

എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് തുക ടി ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക (കൺസ്യൂമർ വായ്പാ, സ്വർണ്ണ പണയ വായ്പ, ഭവന നിർമ്മാണ വായ്പ, ഹ്യസ്വകാല മദ്ധ്യകാല വായ്പ തുടങ്ങിയവ)

സ്വകാര്യ ചിട്ടി ഇടപാടുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ കൂടുതൽ ചിട്ടികൾ നടത്തുന്നതിന് നടപടികൾ കൈക്കൊള്ളുക.

എല്ലാ കർഷകരെയും സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അടങ്ങിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.

ഓരോ വർഷത്തേക്കും ആവശ്യമായ വായ്പ തുക തിട്ടപ്പെടുത്തുക.

വ്യക്തികൾക്ക് അനുവദിക്കുന്ന ഹ്യസ്വകാല കാർഷിക വായ്പയുടെ പരിധി 2000 ത്തിൽ നിന്നും ഉയർത്തുക. മദ്ധ്യകാല വായ്പ 10, 000 രൂപയിൽ നിന്നും, ഉയർത്തി ആവശ്യം കണക്കിലെടുത്ത് വായ്പ അനുവദിക്കുക.

ബാങ്കിന് മാന്താനം, മുക്കൂർ, ചെങ്ങരൂർ ചിറ എന്നിവിടങ്ങളിൽ ശാഖകൾ തുടങ്ങുന്നതിന് നടപടി കൾ സ്വീകരിക്കുക.

കൊപ്രാ, റബ്ബർ എന്നിവ സംഭരിക്കുക, കൺസ്യൂമർ സ്റ്റോർ, കെട്ടിട നിർമ്മാണ സാമഗ്രിക ളുടെ വിതരണം എന്നിവ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

മുക്കൂർ, വള്ളിക്കാട്, മാന്താനം, വള്ളമല എന്നീ സ്ഥലങ്ങളിൽ വളം, കീടനാശിനി വിതരണം, പലച രക്കു വ്യാപാരം ആരംഭിക്കുക.

കടം വായ്പാ കുടിശിഖ തുക പിരിച്ചെടുക്കുന്ന തിന് നിയമ നടപടികൾ കർക്കശമാക്കുക.

ഹെഡ് ആഫീസിലുള്ള വളം വിതരണം 8 a.m. മുതൽ 3 p.m. വരെ നടത്തുക.

ഈ സ്ഥാപനത്തിന് ശ്രീ. പി. ഐ. ചെറിയാൻ (പ്രസിഡന്റ്) ശ്രീ. എൻ. വിജയകുമാർ (വൈസ് പ്രസിഡന്റ്) ശ്രീ. ജോർജ് കെ. വറുഗീസ്, ശ്രീ. കെ. ജി. ജോർജ്, ശ്രീ. റ്റി. ആർ. രാഘവൻ, ശ്രീ. പി. കെ. ബാബുരാജ്, ശ്രീ. ഷാജി മോഹൻ, ശ്രീ. സി. പി. രവീന്ദ്രനാഥൻപിള്ള, ശ്രീമതി. ഉഷാ മോഹൻ എന്നിവർ നേതൃത്വം നൽകുന്നു.

## ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

മുക്കൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി പഞ്ചായത്തിലെ 3, 4 വാർഡുകളാണ്. ഒരു ദിവസം 250 ലിറ്റർ പാൽ ശേഖരിക്കുന്നു. ക്ഷീരോൽപ്പാദകർക്ക് പ്രയോജനകരമായ രീതിയിൽ നല്ലയിനം കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്യുന്നതിന് കഴിയണം. പ്രതിദിനം കൂടുതൽ പാൽ സംഭരിക്കുന്നതിന് നടപടി ഉണ്ടാകണം.

പുളിന്താനം ക്ഷീരോൽപാദത സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി 5, 1, 2 വാർഡുകളാണ്. പ്രതിദിനം 450 ലിറ്റർ പാൽ ശേഖരിക്കുന്നു. 2-ാം വാർഡിൽപ്പെട്ട എല്ലാ പാലുല്പാദകർക്കും ഇവിടെ അംഗത്വം ലഭിക്കുന്നില്ല. വാർഡിലെ എല്ലാവർക്കും അംഗത്വം ലഭിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയോ, 2-ാം വാർഡിൽ അംഗത്വം ലഭിക്കാത്തവർക്കും, 1-ാം വാർഡിൽപ്പെട്ട ക്ഷീരോൽപ്പാദകർക്കും കൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘം രജിസ്റ്റർ ചെയ്യുകയോ ചെയ്യണം. നല്ലയിനം കറവമാടുകളെ വിതരണം നടത്തണം.

മാന്താനം ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പരിധി പഞ്ചായത്തിലെ 6, 7 വാർഡുകളാണ്. പ്രതിദിനം 115 ലിറ്റർ പാൽ സംഭരിക്കുന്നു. കൂടുതൽ പാൽ സംഭരിക്കുന്നതിന് നടപടി ഉണ്ടാകണം. നല്ലയിനം കറവമാടുകളെ വിതരണം നടത്തണം.

ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പരിധി 8, 9 വാർഡുകളാണ്. പ്രതി ദിനം 200 ലിറ്ററിൽ താഴെ മാത്രമേ ശേഖരിക്കുന്നുള്ളൂ. കൂടുതൽ പാൽ സംഭരിക്കുന്നതിന് സംവിധാനം ഉണ്ടാകണം.

മുണ്ടിയപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘവുമായി 1, 9 വാർഡുകളിലെ ഉപഭോക്താക്കൾ സഹകരിക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പ്രതിദിനം കൂടുതൽ പാൽ സംഭരിക്കുവാൻ വേണ്ട പദ്ധതികൾക്കു രൂപം കൊടുക്കണം. പഞ്ചായത്തിലെ ഉപഭോഗം കഴിഞ്ഞ് ശേഷിക്കുന്ന പാൽ സംസ്ക്കരിക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കണം.

കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം വേണം. നിലവിലുള്ള വിതരണം കാര്യക്ഷമമാക്കുക.

സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന "കാഷ്ഫീഡ്" സബ്സിഡി സ്കീമിൽ സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള കന്നുകുട്ടികളെ കൂടി ഉൾപ്പെടുത്തുന്ന ഈ പദ്ധതി സംഘങ്ങൾ മുഖേന നടപ്പിലാക്കുക.

പുൽകൃഷി ഓരോ സംഘത്തിന്റെ ചുമതലയിൽ നടത്തണം.

നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം വേണം.

കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനം തക്ക സമയത്ത് ലഭിക്കണം.

ക്ഷീര വികസനത്തിന് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുകയും ചെയ്യുക.

## സ്ക്കൂൾ സഹകരണ സംഘങ്ങൾ

എൻ. എസ്. എസ്. ഹൈസ്ക്കൂൾ സഹകരണ സംഘം, സെന്റ് മേരീസ് ഗവ. ഹൈസ്ക്കൂൾ സഹകരണ സംഘം എന്നിവ വഴി പാഠപുസ്തകങ്ങളും, നോട്ട് ബുക്കും വിതരണം ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോം, സ്റ്റേഷനറി സാധനങ്ങൾ എന്നിവ ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം.

വള്ളമല എസ്. എ. എൽ. പി. സ്ക്കൂളിൽ പ്രൈമറി വിദ്യാർത്ഥിക്കൾക്കാവശ്യമായ പാഠപുസ്തകം

വിതരണം ചെയ്യുന്നതിലേക്കായി ഒരു പ്രൈമറി സ്ക്കൂൾ സഹകരണ സംഘം നടത്തി വരുന്നു.

എല്ലാ വിദ്യാർത്ഥികളേയും, അദ്ധ്യാപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങൾ ആക്കേണ്ടതും, വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും ആവശ്യാനുസരണം പ്രവർത്തിക്കുന്നതിനും കഴിയുകയും ചെയ്യണം. ഇട നിലക്കാരുടെ ചൂഷണത്തിൽ നിന്ന് നോട്ടുബുക്കുകളുടെയും സ്റ്റേഷനറി സാധനങ്ങളുടെയും അമിതമായ വിലയെ പിടിച്ചു നിറുത്തുന്നതിന് സാധിക്കും.

## പട്ടിക ജാതി, പട്ടിക വർഗ്ഗ സഹകരണ സംഘം

ഈ സംഘം 23. 2. 1110 (M. E) രജിസ്റ്റർ ചെയ്തു. 2. 3. 1100-ൽ സംഘം പ്രവർത്തനം ആരംഭിച്ചു. ആദ്യ കാലങ്ങളിൽ സംഘം മേൽനോട്ടം വഹിച്ച് പല കൃഷിപ്പണികളും, മറ്റും നടത്തിപ്പോരുകയും വായ്പകളും മറ്റും നൽകി വന്നിരുന്നു. വിവിധ ഇനങ്ങളിൽ ലഭിച്ച വായ്പകളും മറ്റും താഴെ ചേർക്കുന്നു.

മാനേജിരിയൻ സബ്സിഡി, ഫർണീച്ചർ ഗ്രാന്റ്, ഷെയർ ക്യാപിറ്റൽ ഗ്രാന്റ്, പലിശ സബ്സിഡി എന്നീ ഇനങ്ങളിൽ 19059 രൂപ 61 പൈസ ലഭിച്ചിട്ടുണ്ട്.

ഈ സംഘത്തിന് വിവിധ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് ആരംഭത്തിൽ പല പദ്ധതികളും നടന്നെങ്കിലും പിന്നീട് അവ മിക്കതും നിർത്തി വെച്ചു. തയ്യൽ സ്ക്കൂളിന്റെ ആവശ്യത്തിനായി ലഭിച്ച തുക കൊണ്ട് 1. 2. 76-ൽ പ്രവർത്തനം ആരംഭിക്കുകയും 1983 നവംബർ മാസത്തോടു കൂടി തൈയ്യിൽ സ്ക്കൂളിൽ കുട്ടികൾ ഹാജരാകാത്തതിനെ തുടർന്ന് പ്രവർത്തനം നിലച്ചു. ഓല മേയുന്നതിനും, മെറ്റൽ നിർമ്മാണത്തിനും ലഭിച്ച തുക കൊണ്ട് ഈ സ്കീമും നിറുത്തി വെച്ചു. ഓല കുതിർക്കുവാൻ സൗകര്യം ഇല്ലാത്തതിനാൽ ഓല മെടച്ചിൽ നിർത്തി മെറ്റൽ നിർമ്മാണം നടന്നു കൊണ്ടിരിക്കെ രണ്ടു ക്രഷർ മെറ്റൽ യൂണിറ്റുകൾ ആരംഭിച്ചതോടെ സംഘത്തിന്റെ മെറ്റൽ വിറ്റഴിയാതെ വന്നു. സംഘം കൈ കൊണ്ട് അടിക്കുന്ന മെറ്റലിനേക്കാളും വില കുറവിൽ ക്രഷർ മെറ്റൽ വിൽക്കാൻ സാധിക്കും. അതുമൂലം സംഘത്തിന് നഷ്ടം വരികയും, നിർമ്മാണം നിറുത്തി വെയ്ക്കുകയും ചെയ്തു.

കൺസ്യൂമർ സ്റ്റോർ നടത്തുന്നതിന് ലഭിച്ച തുക വിനിയോഗിച്ചില്ല. മെയിൻ റോഡിൽ നിന്നും 2 ഫർലോംഗ് ദൂരെ സംഘം സ്ഥിതി ചെയ്യുന്നതു കൊണ്ട് സാധനം കയറ്റി ഇറക്കി കൂലി വെച്ചു നോക്കുമ്പോൾ നഷ്ടം സംഭവിക്കും എന്ന കാരണത്താൽ ഈ സ്കീം വേണ്ടെന്നു വച്ചു.

സഹകരണ വികസന ഫെഡറേഷനിൽ നിന്ന് മാവേലി സ്റ്റോർ നടത്തുന്നതിന് ലഭിച്ചു. നഷ്ടത്തിൽ ആയതിനാൽ അതിന്റെ പ്രവർത്തനത്തിനും ദശാസന്ധി നേരിട്ടു.

464 അംഗങ്ങളും, 5330 രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും ഉള്ള ഈ സംഘത്തിന്റെ പ്രധാന വരുമാന മാർഗ്ഗം ബുക്ക് ബയന്റിംഗ് യൂണിറ്റാണ്. 10 അംഗങ്ങൾക്ക് സ്ഥിരമായി തൊഴിൽ കൊടുക്കുന്നതിന് കഴിഞ്ഞു. ഈ യൂണിറ്റ് കുറച്ചു കൂടി വികസിപ്പിച്ച് സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. നിർത്തി വെച്ച തയ്യൽ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചാൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിക്കുന്നതിന് കഴിയും. പരമ്പരാഗത തൊഴിലുകളായ പായ് നിർമ്മാണം, ചൂരൽ നിർമ്മാണം, കുട്ട നിർമ്മാണം തുടങ്ങിയവ ആരംഭിക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കണം.

## കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം

മാന്താനം കേന്ദ്രമാക്കി പഞ്ചായത്ത് പ്രദേശം മുഴുവനും പ്രവർത്തന പരിധിയായി ഈ സഹകരണ സംഘം 24. 10. 74-ൽ രജിസ്റ്റർ ചെയ്ത് 9. 11. 74-ൽ പ്രവർത്തനം ആരംഭിച്ചു. 184 പേർ അംഗങ്ങളായുള്ള ഈ സംഘത്തിൽ 3790 രൂപ ഓഹരി മൂലധനമുണ്ട്. കാര്യക്ഷമത ഇല്ലായ്മ മൂലം സംഘത്തിന്റെ പ്രവർത്തനം നിലച്ചു. 8. 11. 96 മുതൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലായ ഈ സംഘം ലിക്യുഡേഷൻ നടപടികളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അടിയന്തിരമായി ഈ സംഘത്തെ ലിക്യുഡേഷൻ നടപടിയിൽ നിന്നും ഒഴിവാക്കി സംഘം പ്രവർത്തനം സജീവമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

## ഖാദി വില്ലേജ് ഇൻഡ്സ്ട്രീറ്റ് സഹകരണ സംഘം

മുക്കട കോളനി കേന്ദ്രമാക്കി നടത്തി വന്നിരുന്ന ഈ സഹകരണ സംഘം പ്രവർത്തന രഹിതമായി.

ഈ സംഘം പുനർജീവിപ്പിക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

## കോഴി വളർത്തൽ സഹകരണ സംഘം

ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചു. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും, ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ നല്ലയിനം കോഴികളെ ലഭ്യമാക്കുന്നതിനും കഴിയണം. കോഴി വളർത്തുന്നതിനാവശ്യമായ മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും, സർക്കാർ ഏജൻസികളിൽ നിന്ന് സാമ്പത്തിക സഹായവും ലഭ്യമാക്കുക.

## റബ്ബർ വ്യവസായ സഹകരണ സംഘം

പഞ്ചായത്തിലെ ഭൂപ്രദേശത്തെ 70% ആൾക്കാരുടെയും പ്രധാന കൃഷി റബ്ബറിനെ ആശ്രയിക്കുന്നു. നിലവിൽ ഏതാനും വാർഡുകളിൽ റബ്ബർ കർഷകരിൽ നിന്നും പാൽ സംഭരിച്ച് ആ വ്യവസായ യൂണിറ്റ് ആരംഭിച്ചുക്കുന്നതിന് എല്ലാ സാദ്ധ്യതകളും ഉണ്ട്. റബ്ബർ കർഷകർക്ക് ആവശ്യമായ വളം, അതിനോടനുബന്ധമായ സാധനങ്ങൾ പമ്പ് ലാഭകരമായി കൊടുക്കുന്നതിനുംഉല്പന്നങ്ങൾക്കം പരമാവധി വില ലഭിക്കുന്നതിനും കഴിയും. സാമ്പത്തീക സഹായം സർക്കാർ ഏജൻസികളിൽ നിന്ന് വാങ്ങി സംഘം വഴി വിതരണം നടത്തണം. നല്ലയിനം റബ്ബർ തൈകൾ ഈ സംഘം മുഖേന വിതരണം നടത്തുവാനും സാധിക്കും. ശാസ്ത്രീയമായി റബ്ബർ കൃഷിയെപ്പറ്റി കർഷകനെ ബോധവാനാക്കുന്നതിന് സാങ്കേതിക ജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം പ്രയോജനപ്പെടുത്തുകയും വേണം.

## വനിതാ സഹകരണ സംഘം.

പഞ്ചായത്തിൽ നിലവിൽ ഒരു വനിതാ സഹകരണ സംഘം ഇല്ല. ഒരു വനിതാസഹകരണ സംഘം രജി

സ്റ്റർ ചെയ്താൽ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, ഓരോ വാർഡിനും ഓരോ യൂണിറ്റുകൾ ആരംഭിച്ച രജിസ്റ്റർ ചെയ്ത സംഘം വഴി ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിനും സാധിക്കും. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ടു ബുക്കു നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം, ചിപ്സ്, പലഹാരം ഇനങ്ങൾ കാപ്പിപ്പൊടി എന്നിവ ഈ സംഘം വഴി ഉണ്ടാക്കി വിതരണം നടത്തിയാൽ ലാഭകരമായ ഒരു തൊഴിൽ മേഖലയെ സൃഷ്ടിക്കുന്നതിനു സാധിക്കും.

സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണസെൽ രൂപീകരിക്കാവുന്നതും, സഹകരണസംഘങ്ങൾക്കാവശ്യമായ വിദഗ്ദോപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച തരത്തിലും രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി പഞ്ചായത്തിലെ ജനങ്ങൾക്ക് സാമ്പത്തികമായ ഒരു മുന്നേറ്റം ഉണ്ടാക്കുന്നതിനും, സഹകാരികളുടെ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും സാധിക്കും.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുന്ന സഹകരണ പ്രസ്ഥാനം ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് എന്നും ഒരു മാർഗ്ഗ ദീപം തെളിയിക്കട്ടെ!



5-11

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

കുന്നന്താനം പഞ്ചായത്തിലെ ആകെ ജന സംഖ്യയുടെ 7.16% പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗമാണ്. അഞ്ച് ലക്ഷം വീടു കോളനികളും, രണ്ട് പട്ടികജാതി പട്ടികവർഗ്ഗ കോളനിയും രണ്ട് സെറ്റിൽ മെന്റ് കോളനിയും ഉണ്ട്. പട്ടിക ജാതിയിൽ പെട്ട 2533 പേരും പട്ടിക വർഗ്ഗത്തിൽ പെട്ട 47 പേരും ഈ ഗ്രാമപഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. നിരവധി കാലം ചൂഷണത്തിന് വിധേയമായ ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും, ഒരു പരിധി വരെ, സാമൂഹ്യ പുരോഗതിയും കൈവരിക്കുവാൻ കഴിഞ്ഞു. ഉച്ച നീച ത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ സാധിച്ചിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാ ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നു.

സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങളുടെ ഭാഗികമായ നേട്ടങ്ങൾ മാത്രമേ കൈവരിക്കുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുള്ളൂ. കോളനി നിവാസികളുടെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ കിടക്കുന്നു.

പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗങ്ങളിൽപെട്ടവർ മുന്നോട്ട് വരുന്നുണ്ട്. എസ്. എസ്. എൽ. സി. ക്ക് മുകളിൽ വിദ്യാഭ്യാസം ഉള്ളവരും, ഉപരിപഠനം നടത്തുന്നവരും കുറവാണ്. ഈ വിഭാഗം ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ബോധവൽക്കരണം ആവശ്യമാണ്.

### തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കുവാനുള്ള തൊഴിലിനുവേണ്ടി മറ്റ് മേഖലകളിലേക്ക് ചേക്കേറുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നത്. സ്ത്രീകൾക്ക് 90 രൂപയും പുരുഷന്മാർക്ക് 100 രൂപയും വേതനം ലഭിക്കുന്നു.

പാടശേഖരങ്ങളിലെ തൊഴിലിന് കൂലി കുറവായതുകൊണ്ട് തൊഴിലാളികൾ ആ മേഖലയിൽ കുറവാണ്. ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിന്റെ കണക്കിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിൽ സീസണിലാണ് തൊഴിൽ എന്നതുകൊണ്ട് പ്രധാന കൈത്തൊഴിലായിരുന്ന പാനെയ്ത്ത്, ഈറപ്പണി എന്നിവ സുലഭമായി കിട്ടാനില്ലാ

ത്തതുകൊണ്ട് ഈ രംഗത്ത് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യണം.

ഈ വിഭാഗം ജനങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. എഴുപത് ശതമാനം ആളുകൾ പാർപ്പിട സൗകര്യം ഉള്ളവരാണ്, അതും ഭാഗികമായിട്ട് ആണ്. ബാക്കി ജനവിഭാഗങ്ങളുടെ പ്രാഥമികാവശ്യങ്ങൾ പോലും നിറവേറ്റുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ സാഹചര്യങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

## നിർദ്ദേശങ്ങൾ

ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ജനങ്ങളുടെ ക്ഷേമത്തിനായി പാർപ്പിട പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടണമെങ്കിൽ അടിസ്ഥാനസൗകര്യങ്ങൾ ഫലപ്രദമാക്കണം. അവയിൽ പ്രധാനമായും കക്കൂസ്, കുടിവെള്ളം, വൈദ്യുതി ഇവയ്ക്ക് ഊന്നൽ നല്കേണ്ടതുണ്ട്. വീട് നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിച്ച് പാർപ്പിട സൗകര്യങ്ങൾ ഉറപ്പു വരുത്തണം.

നാളിതുവരെ പട്ടയം ലഭിക്കാത്തവർക്ക് അടിയന്തിരമായി അത് കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം.

തൊഴിൽ മേഖലയുടെ പനരുജ്ജീവനത്തിനു വേണ്ടി കൈത്തറി, കുടിൽ വ്യവസായങ്ങൾ നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണം. കൂടാതെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വില്ക്കുന്നതിന് അനുയോജ്യമായ മാർക്കറ്റ് കണ്ടുപിടിക്കണം. ഇതിനായി പഞ്ചായത്ത് തലത്തിൽ കോർപ്പറേഷന്റെ യൂണിറ്റ് സ്ഥാപിക്കുക അല്ലെങ്കിൽ സഹകരണ മേഖലയെ ഉൾപ്പെടുത്തുക തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുക. കൈത്തറി തൊഴിലിനും കുടിൽ വ്യവസായത്തിനും പ്രോത്സാഹനം നല്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

സർക്കാർ നടപ്പിലാക്കുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും ഈ വിഭാഗം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നിയമ നടപടികളും സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സത്യസന്ധമായ സേവനം ഉറപ്പു വരുത്തുക.

പട്ടികജാതി, പട്ടിക വർഗ്ഗത്തിൽ പെട്ട ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന സ്ഥലങ്ങളിലും അംഗൻവാടി, ബാലവാടി, കുടുംബക്ഷേമ കേന്ദ്രം എന്നിവ നിർമ്മിച്ച് ഇവയുടെ ഗുണം ഇവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന മൈലമണ്ണ്, വള്ളിക്കാട്, മുക്കട, പുന്നമണ്ണ്, പുളിന്താനം, പാലയ്ക്കാത്തകിട തുടങ്ങിയ പ്രദേശങ്ങളിൽ പായ്, കുട്ട, പരമ്പ് തുടങ്ങിയ കുടിൽ വ്യവസായങ്ങൾക്ക് ആവശ്യമായ സൗകര്യം ചെയ്തു കൊടുക്കണം.

പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യണം.

സാംസ്കാരിക നിലയം, വായനശാല ഇവ ഉണ്ടെങ്കിലും കാര്യമായ വിധത്തിൽ ഈ വിഭാഗം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. അതിനാൽ കോളനികൾ, പട്ടികവർഗ്ഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കും കൂടി പ്രയോജനം ലഭിക്കത്തക്കരീതിയിൽ ഉള്ള കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് കുറഞ്ഞ പക്ഷം വായനശാലയെങ്കിലും സ്ഥാപിക്കുവാൻ നടപടിയുണ്ടാകണം.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക് സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം ഉണ്ടെങ്കിലും പല തടസ്സങ്ങളും തരണം ചെയ്യുവാൻ പറ്റാത്തതുകൊണ്ട് ഈ സ്ഥാപനങ്ങളിലെ സൗജന്യങ്ങളും ആനുകൂല്യങ്ങളും ഇവർക്ക് നേടിയെടുക്കുവാൻ സാധിക്കുന്നില്ല.

നിലവിലുള്ള നിയമങ്ങളിൽ അയച്ചു വരുത്തി ഇവർക്കു കൂടി ഈ രംഗത്ത് വളരാനുള്ള സൗകര്യങ്ങൾ ചെയ്യുകയും പട്ടികവർഗ്ഗ സഹകരണസ്ഥാപനങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്യണം.

പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ മൃതദേഹം സംസ്കരിക്കുവാൻ ഒരു പൊതു ശ്മശാനം അത്യാവശ്യമാണ്. ലക്ഷംവീട് കോളനികൾ, ഹരിജൻ കോളനികൾ എന്നിവിടങ്ങളിലുള്ളവർ ഇക്കാര്യത്തിൽ വളരെ ബുദ്ധിമുട്ടുന്നുണ്ട്. ഈ പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളിൽ ശ്മാശാനം മതിൽ കെട്ടി സംരക്ഷിക്കുകയും വേണം.

പരമ്പരാഗത തൊഴിൽ വികസനത്തിന് ആവശ്യമായ ഗ്രാന്റ് അനുവദിക്കണം.

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം 24 മണിക്കൂർ ലഭ്യമാക്കുന്നതിന് നടപടിയെടുക്കണം.

വികസന പ്രവർത്തനങ്ങൾക്കായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.



5-12

# വിഭവസമാഹരണം

വ്യവസായ രംഗത്ത് ശൂന്യത അനുഭവപ്പെടുന്ന ഒരു ഗ്രാമമാണ് നമ്മുടേത്. കാര്യമായ യാതൊരു വ്യവസായ സ്ഥാപനവും കുന്നന്താനം പഞ്ചായത്തിൽ എടുത്തു പറയത്തക്കതായിട്ടില്ല. നിലവിലുണ്ടായിരുന്ന ചെറുകിട വ്യവസായങ്ങളിൽ, ഒരെണ്ണം തൊഴിൽ മേഖലയിലെ പ്രതിസന്ധി കാരണം നിശ്ചലമായി. വ്യവസായികരംഗത്ത് പുത്തൻ പ്രതീക്ഷകൾ ഉണർത്തുന്ന പാമല വ്യവസായ കേന്ദ്രം വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കുവാൻ കഴിയും. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ രംഗത്തേക്ക് കടന്നുവരുന്നതിന് പല തടസ്സങ്ങളും നിലനില്ക്കുന്നു. അതിൽ പ്രധാനപ്പെട്ടത് മുതൽമുടക്കിനുള്ള സാമ്പത്തിക ശേഷി കുറവ്, തൊഴിൽ മേഖലയിലെ പ്രതിസന്ധി, വൈദ്യുതി കണക്ഷൻ എന്നിവ പ്രധാന ഘടകമാണ്. ഇതു പരിഹരിക്കാതെ വിഭവസമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണം.

കാർഷികരംഗത്തും, മാന്ദ്യത അനുഭവപ്പെടുന്നു. കാർഷിക രംഗത്ത് വർദ്ധിച്ചു വരുന്ന ചെലവ് കർഷകനെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത ഭാരമാണ്. രാസവളത്തിന്റെ മിതമായ വില, വർദ്ധിച്ചു കൊണ്ടിരിക്കുന്ന കൂലി, രോഗങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയവ കൃഷിക്കാരനെ വലക്കുന്ന പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ വിഭവസമാഹരണം കാർഷിക രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

കാർഷീകരംഗത്തും, വ്യവസായിക രംഗത്തും ഫലപ്രദമായി ഇടപെടുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയണം. അങ്ങനെ വന്നാൽ അതിന്റെ ഗുണഫലങ്ങൾ വളരെ വേഗത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ ഗ്രാന്റുകൾ യഥാസമയങ്ങളിൽ പഞ്ചായത്തുകൾക്ക് കൈമാറാൻ ഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിക്കണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ അതാതു വർഷം തന്നെ മുടക്കം കൂടാതെ പഞ്ചായത്തുകൾക്ക് ലഭിച്ചാൽ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 11675 രൂപ ലഭിച്ചിട്ടുണ്ട്.നികുതിയിനത്തിൽ 100% പിരിവ് പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കു നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ പഞ്ചായത്തിന് വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ വിദേശ ജോലിക്കാരുടെ പങ്ക് ലഭിച്ചാൽ വികസന പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറുന്നതിന് സാധിക്കും. വിദേശ ജോലിക്കാരിൽ നിന്നും വർഷംതോറും ഒരു നിശ്ചിത തുക നികുതിയിനത്തിൽ അടയ്ക്കുന്നതിന് സംവിധാനം ഉണ്ടാകണം. നികുതി

കൾ കുറ്റമറ്റതാക്കിത്തീർക്കുന്നതിന് വാർഡു വികസന സമിതിക്ക് രൂപം കൊടുക്കുകയും, വികസന സമിതിയും ജനപ്രതിനിധികളും കൂടി നികുതി പിരിക്കുവാൻ നേതൃത്വം കൊടുക്കുകയും ചെയ്യാൻ തയ്യാറാകണം. ഈ ഇനത്തിൽ പിരിക്കുന്ന തുക പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കുന്നുവെന്നുള്ള വസ്തുത ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. അങ്ങനെ വന്നാൽ നികുതിയിനത്തിൽ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിന് കഴിയും.

## കെട്ടിട നികുതി

കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായിട്ടല്ല. യഥാർത്ഥ ചെലവ് ഇന്നും കണക്കാക്കി നികുതി ഈടാക്കുന്നില്ല. കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തെ മാത്രം ആധാരമാക്കി നികുതി ചുമത്തുന്ന രീതി ശരിയല്ല. ആഡംബരത്തിനുവേണ്ടി ചില വഴിക്കുന്ന ഓരോ രൂപക്കും നികുതി ഈടാക്കുന്നതിന് മാനദണ്ഡം ഉണ്ടാക്കണം. കെട്ടിടങ്ങൾക്കും വീടുകൾക്കും അസ്സസ്സ് ചെയ്യുന്ന നികുതിയെക്കുറിച്ച് വീട്ടുടമസ്ഥനെ ബോദ്ധ്യപ്പെടുത്താൻ പഞ്ചായത്തു കമ്മറ്റിക്കു കഴിയണം. അങ്ങനെ വന്നാൽ പരാതികൾക്കിടം കൊടുക്കാതെ നീക്കി പൂർവ്വമായി കെട്ടിടനികുതി അസ്സസ്സ് ചെയ്യുവാൻ കഴിയും. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

## തൊഴിൽ നികുതി

പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എയിഡ്സ് സ്കൂളുകൾ, ബാങ്കുകൾ എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ലഭിക്കുന്നത്. തൊഴിൽ ചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമനിർമ്മാണം ഉണ്ടാക്കണം. അതോടൊപ്പം തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ കൊണ്ടുവരികയും ആ ഇനത്തിൽ അടയ്ക്കേണ്ട പ്രീമിയം തൊഴിലാളിയും സർക്കാരും കൂടി ചേർന്ന് അടയ്ക്കുന്നതിന് സംവിധാനം ഉണ്ടായാൽ തൊഴിൽ ചെയ്യുന്ന ഏതൊരു വ്യക്തിയും നികുതിയിനത്തിൽ അടയ്ക്കേണ്ടതായ തുക അടയ്ക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കും.

## വിനോദ നികുതി

വിനോദ നികുതിയിനത്തിൽ കുന്നന്താനം പാമല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജയാ തിയേറ്ററിൽ നിന്നും പുളിന്താനം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മിനി തിയേറ്ററിൽ നിന്നുമാണ് നികുതി ലഭിക്കുന്നത്. മുക്കൂർ കേന്ദ്രമാക്കി ഒരു തിയറ്റർ സ്ഥാപിക്കുവാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നത് ഏറ്റവും ഉത്തമമാണ്.

പഞ്ചായത്തതിർത്തിക്കുള്ളിൽ നിന്നും സ്വകാര്യ വ്യക്തികൾ യാതൊരു തത്വ ഭിക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ട് മണ്ണു വില്പന ധൃതഗതിയിൽ നടത്തുന്നു. ആ ഇനത്തിൽ ഓരോ ലോഡ് മണ്ണിനും ഒരു നിശ്ചിത തുക നികുതിയിനത്തിൽ പഞ്ചായത്തു ഫണ്ടിൽ അടക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

## മാർക്കറ്റ് നികുതി

മാന്താനം, ആഞ്ഞിലിത്താനം എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ഒരു ചന്തകൾ പ്രവർത്തിക്കുന്നുണ്ട്. 20850 രൂപ നികുതിയിനത്തിൽ ലഭിക്കുന്നു. കൂടുതൽ നികുതി ലഭിക്കുന്നതിന് മാർക്കറ്റ് കാര്യക്ഷമമായി നടത്തുന്നതിനുള്ള മാർഗ്ഗം കണ്ടത്തേണ്ടതാണ്. ഈ രണ്ടു മാർക്കറ്റിലും ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിച്ചാൽ ആയിനത്തിൽ വരുമാനം ഉണ്ടാകുന്നതിന് സാധിക്കും.

റോഡ് സൈഡിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ നികുതി വർദ്ധിപ്പിക്കാവുന്നതാണ്.

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ അത് ശരിയ് അസ്സസ്സ് ചെയ്ത് തുക പിരിച്ചെടുക്കുന്നതിന് സംവിധാനം ഉണ്ടാകണം.

നിലവിൽ പണിതു കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തികരിച്ച് വിവാഹപാർട്ടികൾക്കും കലാസാംസ്ക്കാരിക സംഘടനകൾക്കും കൊടുത്താൽ ആ ഇനത്തിലും വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കും.

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 25% വരെ പഞ്ചായത്തിന് കിട്ടുന്ന ഒരു വ്യവസ്ഥ നിലവിൽ ഉണ്ട്. പഞ്ചായത്ത് ഭരണസമിതി പഞ്ചായത്തിൽ നിന്നും പരമാവധി

സമ്പാദ്യ നിക്ഷേപം കളക്ട് ചെയ്താൽ ആയിനത്തിൽ ഒരു പ്രധാന മാർഗ്ഗം ഉണ്ടാക്കുന്നതിന് സാധിക്കും.

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും ചരിവു പ്രദേശങ്ങളിലും നിന്ന് ക്രമാതീതമായി മണ്ണ് ഖനനം ചെയ്തു കൊണ്ട് പോകുന്നുണ്ട്. യാതൊരു നിയന്ത്രണവുമില്ലാതെ നടത്തുന്ന ഈ പ്രവൃത്തി പരിസ്ഥിതിയെയും പഞ്ചായത്ത് റോഡുകളെയും മോശമായി ബാധിക്കുന്നുണ്ട്. മണ്ണ് കയറ്റി കൊണ്ടു പോകുന്ന ലോറികളുടെ പരക്കം പാച്ചിൽ അപകടങ്ങളും വരുത്തി വയ്ക്കുന്നുണ്ട്. ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ നടപടികൾ എടുക്കുന്നതോടൊപ്പം മണ്ണ് നിറച്ചു കൊണ്ടു പോകുന്ന ലോറികൾക്ക് ടോൾ ഏർപ്പെടുത്തിയാൽ പുതിയൊരു ധനാഗമ മാർഗ്ഗവുമാകും. ഇത് വാർഡ് സമിതികളെ ഏല്പിക്കാവുന്നതാണ്.

## ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും, ഫെഡറൽ ബാക്ഘ്, വിജയാ ബാങ്ക് എന്നിവയുടെ ഓരോ ശാഖയുമുണ്ട്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. നിക്ഷേപങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് വായ്പാ വിതരണം വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 75% എങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. വായ്പ കൊടുക്കുന്ന കാര്യത്തിൽ അലംഭാവം കാണിക്കുന്ന ബാങ്കുകൾ ഉണ്ടെന്നുള്ള വസ്തുത മറച്ചു വെക്കുന്നില്ല. അങ്ങനെയുള്ള സ്ഥാപനങ്ങളുടെ മേൽ നടപടി എടുക്കുവാൻ നിയമ നിർമ്മാണം കൊണ്ടു വരണം.

## ചെലവുകൾ

പൊതുമരാമത്ത്, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം, ഭരണപരമായ കാര്യങ്ങൾ എന്നിവയ്ക്കാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത്. ഇതിൽ പൊതുമരാമത്തിനാണ് മുൻതൂക്കം. പഞ്ചായത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാ വാർഡുകളിലും റോഡുകൾ റിപ്പയർ ചെയ്യുന്നു. പഞ്ചായത്തിലെ റോഡുകൾ സംരക്ഷിക്കുവാൻ ഇരുവശങ്ങളിൽ താമസിക്കുന്ന ആൾക്കാരുടെ കൂട്ടായ ശ്രമം ആവശ്യമാണ്. മനുഷ്യാദ്ധ്വാനം വഴി റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തിയാൽ പഞ്ചായത്ത് ഫണ്ട് മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും.

## മനുഷ്യാദ്ധ്വാനം

വിവിധങ്ങളായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അതിൽ ലഭ്യമാകുന്ന സഹായ ധനങ്ങളും അപര്യാപ്തമെന്ന് വന്നാൽ ഇവിടെ സുലഭമായ മനുഷ്യാദ്ധ്വാനം അവയുടെ പ്ലാനിംഗിനും നിർമ്മാണത്തിനും വിനിയോഗിക്കാൻ ആവശ്യമായ തുടർ ഗ്രാമസഭകളും തദ്വാരാ ബോധവൽക്കരണവും നടത്തണം.

ജാതിമത രാഷ്ട്രീയ ചിന്തകൾക്കതീതമായി നമ്മുടെ നാടിന്റെ വികസനത്തിന് ഓരോ പൗരന്റെയും അദ്ധ്വാനം സംഭാവനയായി നൽകുക എന്നത് ഏറ്റം മഹത്തരമായ ആശയമാണ്. ഈ ആശയം പ്രായോഗികമായാൽ നാടിന്റെ വികസനത്തിന് ഒരു മുതൽ കൂട്ടായിരിക്കുമെന്നുള്ളതിന് സംശയമില്ല!

പട്ടിക -1 വരുമാനം

| ഇനം | 1991-92 | 1995-96 | വ്യത്യാസം | % |
|---|---|---|---|---|
| തനത് വരുമാനം | | | | |
| (A) കെട്ടിട നികുതി | 249535.50 | 395190.75 | 145655.25 | 36% |
| (B) വിനോദ നികുതി | 6964.50 | 7261.50 | 297.00 | 4% |
| (C) തൊഴിൽ നികുതി | 66062.00 | 93100.00 | 27038.00 | 29% |
| ഉപാധി രഹിത ഫണ്ട് | 1,70,000.00 | 2,75,000.00 | 1,05,000.00 | 38% |
| ജെ. ആർ. വൈ | 372576.00 | 2,77,111.00 | 95465.00 | - |
| ഗ്രാന്റുകൾക്ക് സംഭാവനകൾ | 196222.00 | 399829.00 | 203607.00 | 50% |
| ആകെ വരവ് | 10,61,360.00 | 1447492.25 | 386132.25 | 26% |
| ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 214548 | 379711.00 | 165163.00 | 43% |

# കൃതജ്ഞതയോടെ

നമ്മുടെ നാടിന്റെ വികസനം പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടു പോയി കൊണ്ടിരിക്കുന്നത്. അധിക ദൂരം ഇത്തരത്തിൽ ഇനി മുന്നോട്ടു പോകാനാവില്ല. വളർച്ച മുരടിച്ചു നിൽക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തിയേ മതിയാകൂ. ഇതിനുള്ള ആത്മാർത്ഥമായ ഒരു ശ്രമമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ നാം ചെയ്തു തുടങ്ങുന്നത്.

ഇന്നലെ വരെ വികസനം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വികസനമായിട്ട് മാറുകയായിരുന്നു. അശാസ്ത്രീയമായും യാഥാർത്ഥ്യബോധമില്ലാതെയും തയ്യാറാക്കിയിരുന്ന വികസന പദ്ധതികൾ വിവിധ വകുപ്പുകളുടേതായി മാത്രം അവസാനിക്കുകയായിരുന്നു. നാടിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ അത്തരം പദ്ധതികൾക്കു കഴിഞ്ഞിട്ടില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ജലവിതരണ പദ്ധതികളും, വൈദ്യുതി പദ്ധതികളുമൊക്കെ താൽക്കാലിക ആശ്വാസത്തിനുള്ള പരിപാടികൾ മാത്രം ആസൂത്രണം ചെയ്തു പോന്നു. എന്നാൽ ദീർഘ കാലാടിസ്ഥാനത്തിൽ ശാശ്വതമായി ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം ഇനിയും നടത്തിയിട്ടില്ല. ഇത്തരം കാര്യങ്ങൾക്ക് ഒന്നിച്ചു പ്രവർത്തിക്കേണ്ട വിവിധ വകുപ്പുകൾ പരസ്പര ബന്ധമില്ലാതെ മുന്നോട്ടു പോകുന്നതും വികസനത്തിന് തടസ്സമായിട്ടുണ്ട്. ഈ അവസ്ഥ അടിയന്തിരമായും മാറ്റുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

വികസനത്തിന് ഫണ്ടിന്റെ കുറവ് ഒരു തടസ്സമാകാൻ പാടില്ല. ഫണ്ടിനുള്ള ഉറവിടം കണ്ടെത്താൻ പഞ്ചായത്തുകൾക്ക് കഴിയണം. വികസനം ജനമുന്നേറ്റമായി മാറ്റാൻ കഴിഞ്ഞാൽ ഫണ്ട് ഉൾപ്പെടെയുള്ള തടസ്സങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ജനശക്തിയെ തടഞ്ഞു നിർത്താൻ ആർക്കും കഴിയില്ല. സർക്കാരിന്റെ സഹായത്തോടൊപ്പം സർക്കാരിതര ഏജൻസികളിൽ നിന്നും വികസനത്തിനുള്ള ഫണ്ട് കണ്ടെത്തുന്നതിന് പരിപാടികൾ ആവിഷ്കരിക്കണം.

വികസന രംഗം രാഷ്ട്രീയാടിസ്ഥാനത്തിൽ ആകരുത്. അത്തരത്തിലൊരു സമീപനം ഗുണത്തേക്കാളേറെ ദോഷം ചെയ്യും. പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി പരിശോധിക്കാനും പരിഹാരം കാണാനുമുള്ള ആർജ്ജവം കാണിക്കണം. അങ്ങനെ വരുമ്പോൾ ഈ രംഗത്തുള്ള സംശയങ്ങളും ആവലാതികളും ഇല്ലാതാകും. അത് ഐക്യത്തെ ഊട്ടിയുറപ്പിക്കുകയും കൂടുതൽ ശക്തിയാർജ്ജിച്ച് മുന്നോട്ടു പോകാനുമാകും.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടേ മതിയാകൂ. അതിനുള്ള പദ്ധതികൾ തയ്യാറാക്കണം. പഞ്ചായത്ത് തലത്തിൽ ഉയർന്നു വന്നിട്ടുള്ള മുഴുവൻ പ്രശ്നങ്ങളും ഒന്നിച്ചു പരിഹരിക്കാനാവില്ല. അതുകൊണ്ട് അവയ്ക്ക് മുൻഗണന നിശ്ചയിക്കേണ്ടതുണ്ട്. അത് വാർഡ് അടിസ്ഥാനത്തിലുള്ള പങ്കു വയ്ക്കലായി അധഃപതിക്കരുത്. മറിച്ച് മുഴുവൻ പ്രശ്നങ്ങളും പഞ്ചായത്തിന്റേതായി കണ്ട് ജനകീയവും കാര്യക്ഷമവുമായ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വേണം മുൻഗണനകൾ നിശ്ചയിക്കാൻ.

പ്രകൃതി വിഭവങ്ങൾ, ജനലഭ്യത എന്നിവ പ്രയോജനപ്പെടുത്തി. അതാതു പ്രദേശത്തെ സാഹചര്യങ്ങളെ ബന്ധപ്പെടുത്തി പ്രായോഗിക ബുദ്ധിയോടെ വേണം പദ്ധതികൾ തയ്യാറാക്കാൻ. വാർഡുകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കാൻ നമ്മുടെ കർമ്മസമിതികൾക്ക് കഴിയും. ഇവയൊക്കെ പദ്ധതികളായി മാറുമ്പോൾ അവ നടപ്പാക്കുന്നതിനുള്ള സാമ്പത്തികം വിവിധ ഏജൻസികളിൽ ലഭ്യമാക്കാനും പഞ്ചായത്തുകൾക്ക് കടമയുണ്ട്. അത്തരം ധനകാര്യ ഏജൻസികളുടെ നിബന്ധനകൾക്കനുസൃതമായി പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് അതാത് വിഷയങ്ങളിൽ ഉള്ള വിദഗ്ധ സംഘം സ്ഥിരമായി പ്രവർത്തിച്ചേ മതിയാകൂ.

ഈ പുത്തൻ ആസൂത്രണ പ്രസ്ഥാനത്തിൽ ജനങ്ങൾ പ്രത്യാശയർപ്പിച്ചിട്ടുണ്ട്. അതാണ് ഗ്രാമസഭകളിൽ ഉണ്ടായ ജന മുന്നേറ്റത്തിന് കാരണം. അതുകൊണ്ടു തന്നെ ഈ ശ്രമം ഒരു പാഴ്‌വേലയായി മാറാൻ പാടില്ല. മറിച്ച് ജനകീയ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടു കൊണ്ട് ഒരു പുത്തൻ വികസന ശൈലി നാം ആരംഭിക്കുകയാണ്. അതിനായി നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളെയും അവ നടപ്പാക്കാനുള്ള നിർദ്ദേശങ്ങളും ഏകോപിപ്പിച്ചു കൊണ്ടുള്ള പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ പ്രസിദ്ധപ്പെടുത്തുകയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി, ഗ്രാമത്തിന്റെ പ്രശ്നങ്ങളെ ഒന്നായി കണ്ട്, അവയെ ഓരോന്നോരായി പരിഹരിക്കുന്നതിനുള്ള ആർജ്ജവവും സഹിഷ്ണതയും പ്രകടിപ്പിക്കുവാൻ എല്ലാവർക്കും കഴിയണം. അങ്ങനെ വന്നാൽ നാടിന്റെ വികസനം നമ്മുടെ പ്രതീക്ഷകൾക്കും അപ്പുറം കടക്കുമെന്നതിൽ സംശയമില്ല.

മഹത്തായ ഈ ലക്ഷ്യം നിറവേറ്റുന്നതിന് സമീപ കാലത്തു തന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ പഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. നിങ്ങളുടെ വിശദമായ ചർച്ചയും വിശകലനവും കൊണ്ട് ഈ റിപ്പോർട്ട് പൂർത്തീകരിക്കപ്പെടുമെന്ന വിശ്വാസത്തോടെ വിരമിക്കട്ടെ.

PRESIDENT
KUNNAMTHANAM GRAMA PANCHAYAT

# വികസനരേഖ തയ്യാറാക്കിയതിന് നേതൃത്വം നൽകിയവർ

കെ. എം. രവീന്ദ്രനാഥ പണിക്കർ
എൻ. പ്രതീപ് കുമാർ
കെ.എം. ഏബ്രഹാം
ബാബു കൂടത്തിൽ
ജോൺ മാത്യു
പ്രൊഫ. എം.കെ. മധുസുദനൻനായർ
സി.എൻ. മോഹനൻ
പി.കെ. ബാബുരാജ്
ഏലിയാമ്മ മാത്യു
പ്രൊഫ. പി.കെ. രാജശേഖരൻ നായർ
പി. ആർ. പ്രദീപ് കുമാർ
പി. കെ. സുമതിക്കുട്ടിയമ്മ
ഏലിയാമ്മ ജോൺ
കെ. പി. രാധാകൃഷ്ണൻ
ജേക്കബ് എം. ഏബ്രഹാം
കെ.എം. രാജു
സുരേഷ് ബാബു ബി.
പ്രൊഫ. പി. സി. വർഗീസ്
കെ. എൻ. ശ്രീധരൻ പിള്ള
ഐ. ജി. സുകുമാരൻ
എം. എസ് സോമനാഥൻ
സഖറിയാ പൗലോസ്
കുട്ടപ്പൻ കുളങ്ങര
സി. കെ. കൃഷ്ണൻ
ടി. എസ്. വാസപ്പൻ

രാജു ആർ.
അന്നമ്മ ജോൺ
രാജമ്മ സുകുമാരൽ
വിനു ജേക്കബ്
എൻ. കരുണാകരൻ നായർ
മാത്യു അലക്സ്
റ്റി.റ്റി. ജോർജുകുട്ടി
സുബിൻ എസ്. വി.
ജ്യോതിഷ് ബാബു
ഏ. കെ. കുഞ്ഞുഞ്ഞ്
പി. കെ. ബാലകൃഷ്ണൻ നായർ
സി. വി. ഗോപാലകൃഷ്ണപിള്ള
വി. ഇ. ഒ. ആഞ്ഞിലിത്താനം
വി. ഇ. ഒ. മുക്കൂർ

### പഠനപര്യടനസംഘം

ബാബു കൂടത്തിൽ
ഏ. റ്റി. മോഹൻകുമാർ
ജോൺ മാത്യു
അലക്സ് ഐസക്
ഐ. ജി. സുകുമാരൻ
കെ. എം. ഔസേഫ്
വർഗീസ് ജോൺ
ഏലിയാമ്മ ജോൺ
ഏലിയാമ്മ മാത്യു
കെ.എം. ഏബ്രഹാം

ദ്രുതഗ്രാമ പഠനസംഘം നടത്തിയ transect walk പഞ്ചായത്തിന്റെ ഭൂപടത്തിൽ രേഖാ ചിത്രമായി ചുവടെ ചേർക്കുന്നു.





## അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതിരഹിതമാകുന്നു.
- ബഹുജനസഹകരണം അനിവാര്യം.

Printed at Bethany Offset Press, Thiruvalla Phone : 621853